FMPB
# മിത്രസമാചാർ
(for private circulation only)

വാല്യം 15 | ലക്കം 2 | ഫെബ്രുവരി 2025

"അവന്റെ കല്പനകളെ പ്രമാണിക്കുന്നവൻ അവനിലും
അവൻ ഇവനിലും വസിക്കുന്നു..." 1 യോഹന്നാൻ. 4:24

# ദൈവ വചനത്തിൽ വസിക്കുക




## ദൈവവചനത്തിൽ സ്ഥിരമായി വസിക്കുക

# ആമുഖം...



## നമുക്കു ദൈവ വചനത്തിൽ വസിക്കാം

1974 ലെ തന്റെ "ഗോഡ് ഇൻ മൈ കോണർ' എന്ന പുസ്തകത്തിൽ ബോക്സർ ജോർജ്ജ് ഫോർമാൻ, മുഹമ്മദ് അലിയോടു പോരാടുവാൻ ആഫ്രിക്കയിലേക്കുള്ള തന്റെ യാത്രക്കു മുമ്പ് ഒരു ബൈബിൾ നൽകിയ സുഹൃത്തിനെ കുറിച്ചുള്ള ഒരു കഥ പറയുന്നുണ്ട്. നല്ല സൗഭാഗ്യ ലഭിക്കുന്നതിനായി ഈ പുസ്തകം എടുക്കുവാൻ സ്നേഹിതൻ ഉത്സാഹിപ്പിച്ചു. ആ സമയത്ത് ജോർജ്ജിനു ഒരു വാക്യം മാത്രമേ അറിയുള്ളു - "യഹോവ എന്റെ ഇടയനാകുന്നു' - ഇടയന്റെ കൈപ്പുസ്തകമായി ഇതിനെ കണക്കായി, ഈ പുസ്തകം എനിക്കു ഭാഗ്യം കൊണ്ടുവരുമെന്നു കരുതി തന്റെ സ്വകാര്യ സാധനങ്ങളുടെ കൂടെ വേദപുസ്തകവും കൊണ്ടുപോയി. പിന്നീട് തന്റെ വ്യക്തി ജീവിതത്തിലെ കഠിനകരമായ സാഹചര്യത്തിൽ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിക്കുകയും ഒടുവിൽ ഒരു പാസ്റ്ററായി തീരുകയും ചെയ്തു.

ഇന്നും വേദപുസ്തകത്തെ ഇതേ കാഴ്ചപ്പാടോടെയാണ് നാം കാണുന്നത്, അതു നമ്മെ സംരക്ഷിക്കുമെന്നും അതു നമ്മുടെ വാഹനത്തിത്തിലോ ബിസിനസ്സ് സ്ഥാപനത്തിലോ സൂക്ഷിച്ചാൽ അല്ലെങ്കിൽ നാം പോകുന്നിടത്തൊക്കെ കൂടെ കൊണ്ടു പോയാൽ നമുക്കു സൗഭാഗ്യം ലഭിക്കുമെന്നു ചിന്തിക്കുന്നു. ഇതു ഇടയന്റെ വെറുമൊരു കൈപുസ്തകമാണോ അതോ ശത്രുവിനോടു പോരാടുന്നതിനുള്ള ശക്തമായ വാളാകുന്നുവോ? FMPB യുടെ ആദ്യത്തെ ധർമ്മചിന്ത "ദൈവവചനത്തിൽ വസിക്കുക' എന്നാകുന്നു. നാം വചനത്തെ സ്നേഹിക്കുകയും അതു വായിക്കുകയും മനപാഠമാക്കുകയും ധ്യാനിക്കുകയും നമ്മുടെ ജീവിതത്തിൽ പ്രാവർത്തീകമാക്കുകയും ചെയ്താൽ മാത്രമേ ദൈവത്തിൽ വസിക്കുന്നതിനു സാധിക്കുകയുള്ളു. അങ്ങനെ ചെയ്താൽ ദൈവം നമ്മിലും വസിക്കും (1യോഹ.3:24).

ദുരുപദേശങ്ങൾ പെരുകുകയും ആശയക്കുഴപ്പങ്ങളും വ്യതിചലനങ്ങളും നമ്മെ ഭീഷണിപ്പെടുത്തുകയും ചെയ്യുന്ന ഈ നാളുകളിൽ ദൈവ വചന സത്യം നാം തേടിയില്ലെങ്കിൽ വഞ്ചിക്കപ്പെടുവാൻ സാധ്യതയുണ്ട്. അ.പ്രവൃത്തികൾ 17:10-15 ൽ കാണുന്ന ബരോവ ക്രിസ്ത്യാനികളെ പോലെ നാം ദൈവവചനം പഠിക്കുകയും പൂർണ്ണ ജാഗ്രതയോടെ പരിശോധിക്കുകയും വേണം. നാം ദൈവവചനത്തിൽ വസിക്കുന്നുവെങ്കിൽ അത് നമ്മെ യഥാർത്ഥ്യ ശിഷ്യന്മാരാക്കുകയും ആത്മീക പക്വതയിലേക്കു നമ്മെ നയിക്കുകയും പാപത്തിൽ നിന്നും നമ്മെ അകറ്റിനിർത്തുകയും ജീവിതത്തിൽ ഫലം പുറപ്പെടുവിക്കുന്നവരാക്കുകയും ചെയ്യും.

എല്ലാ കാലഘട്ടത്തിനും സമയത്തിനും സാഹചര്യത്തിനും പ്രസക്തമായ ഒരേ ഒരു പുസ്തകം വേദപുസ്തകം മാത്രമാകുന്നു. അതു നമ്മുടെ കരങ്ങളിൽ കൊണ്ടു നടക്കുക മാത്രമല്ല നമ്മുടെ ഹൃദയത്തിലും സംഗ്രഹിക്കണം. വേദപുസ്തകം നമ്മുടെ മാതൃഭാഷയിൽ ലഭ്യമാക്കുന്നതിനു അനേകർ തങ്ങളുടെ ജീവിതം ബലിയർപ്പിച്ചു. ദൈവത്തെ കുറിച്ചുള്ള പരിജ്ഞാനത്തിൽ നാം വളരണമെന്നു എഴുതിയിരിക്കുന്നു. അതിനായി നാം വചനം വായിക്കുകയും പഠിക്കുകയും ഗ്രഹിക്കുകയും ചെയ്യണം. എബ്രായർ 4:12 നമ്മെ ഓർപ്പിക്കുന്നത്, "ദൈവത്തിന്റെ വചനം ജീവനും ചൈതന്യവുമുള്ളതായി ഇരു വായ്ത്തലയുള്ള ഏതു വാളിനെക്കാളും മൂർച്ചയേറിയതും പ്രാണനെയും ആത്മാവിനെയും സന്ധിമജ്ജകളെയും വേറുവിടുവിക്കും വരെ തുളെച്ചു ചെല്ലുന്നതും ഹൃദയത്തിലെ ചിന്തനങ്ങളെയും ഭാവങ്ങളെയും വിവേചിക്കുന്നതും ആകുന്നു.' വേദവുസ്തകം നമ്മെ ആശ്വസിപ്പിക്കുകയും വഴിനടത്തുകയും രൂപാന്തരപ്പെടുത്തുകയും ചെയ്യുന്നു.

മുമ്പെന്നത്തേക്കാളും ഈ വർഷം ദൈവവചനത്തെ കൂടുതൽ ആഴമായി സ്നേഹിക്കുവാൻ ദൈവം നമ്മെ സഹായിക്കുമാറാകട്ടെ. ആമേൻ

- **മേഴ്സി സെൽവിൻ**, കമ്യൂണിക്കേഷൻ വിഭാഗം

**“എല്ലാ തിരുവെഴുത്തും ദൈവ നിശ്വാസീയമാകയാൽ ദൈവത്തിന്റെ മനുഷ്യൻ സകലസൽപ്രവൃത്തിക്കും വക പ്രാപിച്ചു തികഞ്ഞവൻ ആകേണ്ടതിനു ഉപദേശത്തിനും ശാസനത്തിനും ഗുണീകരണത്തിനും നീതിയിലെ അഭ്യാസത്തിനും പ്രയോജനമുള്ളതു ആകുന്നു.”**

– 1 തിമൊ. 3:16-17

**“സത്യവും വഞ്ചനയും തമ്മിലുള്ള പോരാട്ടത്തിൽ ഉപയോഗിക്കുന്നതിനു ദൈവം നൽകിയ ആയുധമാണ് ആത്മാവിന്റെ വാൾ – സത്യവേദപുസ്തകം. ആ വാൾ സമർത്ഥമായി ഉപയോഗിക്കുന്നതിനു മുൻഗണന നൽകുക. ”**

– ബില്ലി ഗ്രഹാം

**‘...മനുഷ്യൻ അപ്പം കൊണ്ടു മാത്രമല്ല, ദൈവത്തിന്റെ വായിൽ കൂടി വരുന്ന സകലവചനം കൊണ്ടും ജീവിക്കുന്നു...”**

– മത്തായി. 4:4

**“ദൈവ വചനം രാത്രിയിൽ ദീപമായും പകൽ വെളിച്ചമായും എല്ലാ സമയത്തും ആനന്ദം പകരുന്നു”.**

**– ചാൾസ് എച്ച് സ്പർജിയൻ**


## മിത്രസമാചാർ

### ഞങ്ങളുടെ ദർശനം

FMPB ഭാരതീയരുടെ മിഷനറി പ്രസ്ഥാനമായി യേശുക്രിസ്തുവിന്റെ സുവിശേഷം എത്തിച്ചേരാത്ത ജനസമൂഹങ്ങൾക്കു എത്തിച്ചുകൊടുക്കുന്നു

### ഞങ്ങളുടെ ദൗത്യം

ഭാരതത്തിലുടനീളം സഭകൾ നട്ടുപിടിപ്പിക്കുവാനുള്ള ക്രൈസ്തവ സഭയുടെ ഒരു കരമായി FMPB പ്രവർത്തിക്കുകയാണ്.

വിവധ ജാതിക്കൂട്ടങ്ങളുടെ മദ്ധ്യത്തിൽ FMPB സുവിശേഷം പ്രസംഗിക്കുന്നു.

സഭകൾ, സ്ഥാപനങ്ങൾ, കുടുംബങ്ങൾ, വ്യക്തികൾ എന്നിവരെ FMPB പ്രാർത്ഥനക്കും ഉദാരമായ സഹായ സഹകരണങ്ങൾക്കുമായി ക്ഷണിക്കുന്നു.

കേരള സോൺ:-
FMPB, വടവാതൂർ പി ഒ;
കോട്ടയം - 686 010
Mob: 9847 799 031; 9562 750 796
E-mail: abrahamthomas@fmpb.org

മിത്ര സമാചാർ

*FMPB* യുടെ പ്രതിമാസ സൂനം

*Publisher & Editor*
S. **ജോൺ ബർലിൻ**

| SUBSCRIPTION | INDIA | FOREIGN |
|---|---|---|
| Annual | Rs.100 | Rs.600 |
| Life | Rs.1500 | Rs.5,000 |

H.Q: 29, High School Road, Ambattur, Chennai - 600 053
Tel: +91-44-2657 0404 Fax: 2657 3353
Cell: 9444394342
E-mail: info@fmpb.org
Web site: www.fmpb.co.in

**Layout and Preparation:**
Communication Dept., fmpb

# ജനറൽ സെക്രട്ടറിയുടെ കത്ത്...



സുവിശേഷം ശ്രവിക്കാത്തവരെ നേടുന്ന ദൗത്യത്തിൽ പ്രീയ പങ്കാളികളെ,

ദൈവം നമുക്കു നൽകിയ ഒമ്പതു ധർമ്മചിന്തയിലെ ആദ്യത്തെതാണ് ദൈവചനത്തിൽ വസിക്കുക എന്നത്. ഇതാണ് ഈ മാസത്തെ മാസികയുടെ തലക്കെട്ട്. പൗലൊസ് തിമോഥെയോസിനു എഴുതിയ രണ്ടാം ലേഖനം രണ്ടാം അദ്ധ്യായം 8,9 വാക്യങ്ങൾ ഓർമ്മിപ്പിക്കുന്നത്, "ദാവിദിന്റെ സന്തതിയായി ജനിച്ചു മരിച്ചിട്ടു ഉയിർത്തെഴുന്നേറ്റിരിക്കുന്ന യേശുക്രിസ്തുവിനെ ഓർത്തുകൊൾക. അതാകുന്നു എന്റെ സുവിശേഷം. അതു അറിയിക്കുന്നതിൽ ഞാൻ ദുഷ്പ്രവൃത്തിക്കാരൻ എന്ന പോലെ ചങ്ങല ധരിച്ചു കഷ്ടം സഹിക്കുന്നു; ദൈവവചനത്തിനോ ബന്ധനം ഇല്ല." ദൈവവചനത്തോടു അനുസരണമുള്ളവരായിരിക്കുവാൻ മാത്രമല്ല ദൈവം നമ്മെ വിളിച്ചത് പിന്നയോ സുവിശേഷത്തിനായി കഷ്ടം സഹിക്കുവാൻ കൂടിയാണ്. സുവിശേഷത്തിനു ബന്ധനം ഇല്ല എന്ന പ്രധാന സത്യം കൂടി സൂചിപ്പിക്കുന്നു. ഇതാണ് എല്ലായിടത്തും നാം അനുഭവമാക്കുന്നത്, അതിശക്തമായ എതിർപ്പുകളുടെ മദ്ധ്യത്തിലും കാട്ടുതീ പോലെ സുവിശേഷം പരക്കുന്നു.

സുവിശേഷത്തെകുറിച്ചോ സത്യവചനത്തെ ക്കുറിച്ചോ താൻ ലജ്ജിക്കുന്നില്ലെന്നു പൗലൊസ് മുൻ അദ്ധ്യായത്തിലും രണ്ടു തിമൊഥെയോസ് രണ്ടാം അദ്ധ്യായത്തിലും പറയുന്നു. 15-ാം വാക്യത്തിൽ മൂന്നു വിധത്തിൽ ദൈവത്തിനു മുമ്പിൽ നിൽക്കുവാൻ തന്റെ ശിഷ്യനെ പ്രബോധിപ്പിക്കുന്നു. ഒന്നാമതായി ദൈവത്തിനു കൊള്ളാകുന്നവനായി നിൽക്കുക. രണ്ടാമതായി ലജ്ജിപ്പാൻ സംഗതിയില്ലാത്ത വേലക്കാരനായി നിൽക്കുക. മൂന്നാമതായി സത്യവചനത്തെ യഥാർത്ഥമായി പ്രസംഗിച്ചു കൊണ്ടുനിൽക്കുക. അങ്ങനെ നാം ദൈവത്തിനു കൊള്ളാകുന്നവരായി എല്ലായിടത്തും എല്ലാ കാലത്തും സുവിശേഷം പ്രസംഗിക്കുക. പൗലൊസ് 2 തിമൊ.4:2 ൽ നൽകുന്ന മാർഗ്ഗനിർദ്ദേശം നമുക്കു പിന്തുടരാം, "വചനം പ്രസംഗിക്ക; സമയത്തിലും അസമയത്തിലും ഒരുങ്ങിനിൽക്ക; സകല ദീർഘക്ഷമയോടും ഉപദേശത്തോടും കൂടെ ശാസിക്ക; തർജ്ജനം ചെയ്ക; പ്രബോധിപ്പിക്ക."

## പെയിന്റ് ക്രിസ്തുമസ് പ്രോഗ്രാം

ഡിസംബർ 20,21 തീയതികളിൽ പെയിന്റ് മിഷൻ വയലിലെ ക്രിസ്തുമസ് പ്രോഗ്രാം ആഘോഷമായി നടത്തി. ഈ വലയ സമ്മേളനത്തിൽ 20,000

ത്തിലധികം വിശ്വാസികൾ സംബന്ധിച്ചു. അനേക ജന നേതാക്കളും ഈ പ്രോഗ്രാമിൽ പങ്കെടുത്തു വിശ്വാസികൾക്കു ആശംസകൾ നേർന്നു.

### സംഘ്വി ബാലഭവന കെട്ടിടത്തിന്റെ ഒന്നാം നിലയുടെ സമർപ്പണം

മഹാരാഷ്ട്രയിലെ സാംഘ്വി ബാലഭവനത്തിൽ പുതുതായി നിർമ്മിച്ച കെട്ടിടത്തിന്റെ ഒന്നാം നിലയുടെ സമർപ്പണ ശുശ്രൂഷ ഡിസംബർ 22 ന് ബാലഭവനത്തിലെ കുട്ടികളുടെയും രക്ഷിതാക്കളുടെയും മിഷനറിമാരുടെയും സാന്നിധ്യത്തിൽ നടത്തി. കുട്ടികൾക്കു കൂടുതൽ സൗകര്യ പ്രദമായി താമസിക്കുന്നതിനു ക്രമീകരണം ചെയ്യുന്നതിനു സംഭാവനകൾ നൽകിയ എല്ലാവരോടുമുള്ള നന്ദി FMPB അറിയിക്കുന്നു.

### തമിഴ്നാട് മിഷനറിമാരെ സന്ദർശിച്ചു

ഡിസംബർ 27 മുതൽ 29 വരെ തമിഴ്നാട്ടിൽ പ്രവർത്തിക്കുന്ന മിഷനറിമാരെ ഞങ്ങൾ സന്ദർശിച്ചു. അവരോടു കൂടെ സമയം ചിലവിടുന്നതിനും കൂട്ടായ്മ ആചരിക്കുന്നതിനും അവരുടെ ശുശ്രൂഷ കൂടുതൽ വ്യക്തമായി ഗ്രഹിക്കുന്നതിനും സാധിച്ചു.

### തുത്തുക്കുടി പോലിസ് ഡിപ്പാർട്ട്മെന്റ് പ്രാർത്ഥന കൂട്ടായ്മയും കുടുംബ സംഗമവും

പോലീസ് ഡിപ്പാർട്ട്മെന്റ് പ്രാർത്ഥന കൂട്ടായ്മയുടെ തുത്തുക്കൂടി മേഖലയുടെ കുടുംബ സംഗമം ജനുവരി ഒമ്പതാം തീയതി നടത്തിയതിനാൽ ദൈവത്തെ സ്തുതിക്കുന്നു. ഉയർന്ന സമ്മർദ്ദമേറിയ ഉത്തരവാദിത്വത്തിൻെറ നടുവിലും പോലീസ് വകുപ്പിലെ ക്രിസ്ത്യാനികളായ ഉദ്യോഗസ്ഥർ രാജ്യത്തിനും അവരുടെ ഡിപ്പാർട്ട്മെന്റിനും വേണ്ടി പ്രാർത്ഥിക്കുന്നതിനു ഒരുമിച്ചു കൂടി. അവർ പങ്കുവെച്ച സാക്ഷ്യത്തിലൂടെ പ്രാർത്ഥനയിലൂടെ ദൈവം ചെയ്യുന്ന വങ്കാര്യങ്ങൾ ഗ്രഹിക്കുവാൻ സാധിച്ചു. ഈ കൂടിവരവിൽ ദൈവചനം പങ്കുവെക്കുന്നതിനുള്ള അവസരം ദൈവം എനിക്കു നൽകി.

### ക്രിസ്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് യോഗം

നമ്മുടെ സെക്രട്ടറിമാർക്കും മിഷനറിമാർക്കും നേതൃത്വ പരിശീലനം നൽകുന്നതിനെ കുറിച്ച് ക്രിസ്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റിന്റെ എക്സിക്യൂട്ടീവ് ഡയറക്ടറോടും പ്രോഗ്രാം ഡയറക്ടറോടും സംസാരിച്ചു. സെക്രട്ടറിമാർക്കും മിഷനറിമാർക്കും മൂന്നു വിധ പരിശീലനം അവരുടെ ശുശ്രൂഷയുടെ വിവിധ കലയളവിൽ നൽകുന്നതിനു പദ്ധതി തയ്യാറാക്കി. ഈ പ്രോഗ്രാമുകൾ ഭരണതലത്തിൽ കൂടുതൽ ഫലകരമാകേണ്ടതിനായി പ്രാർത്ഥിക്കുക.

### ചിറ്റൂർ & അനന്തപൂർ മിഷൻ വയൽ സന്ദർശനം

ജനുവരി എട്ടിന് ആന്ധ്രപ്രദേശത്തുള്ള മിഷൻ വയലുകളും പ്രവർത്തിക്കുന്ന മിഷനറിമാരെയും സന്ദർശിച്ചു. പ്രവർത്തനങ്ങൾ വിലയിരുത്തി പുതിയ പദ്ധതികളും പ്രവർത്തന ശൈലികളും സംബന്ധമായ ചർച്ചകൾ നടത്തി.

**ഫെബ്രുവരി മാസത്തെ പ്രോഗ്രാമിനായി പ്രാർത്ഥിക്കുക.**

### ഖാന്തേഷ് സന്ദർശനം

ഫെബ്രുവരി 1,2 തീയതികളിൽ ഖാന്തേഷ് റീജിയനിലുള്ള മിഷൻ വയലുകൾ സന്ദർശിക്കുന്നതാണ്.

## ദേശീയ ആസൂത്രണ സമ്മേളനം

ഫെബ്രുവരി 8,9 തീയതികളിൽ ദേശീയ ആസൂത്രണ സമ്മേളനം ക്രമീകരിച്ചിരിക്കുന്നു. എല്ലാ പ്രോഗ്രാമുകളുടെയും അനുഗ്രഹത്തിനായി പ്രാർത്ഥിക്കുക. ഏഴാം തീയതി ഒരു ദിവസത്തെ ഉപവാസ പ്രാർത്ഥന ക്രമീകരിച്ചിരിക്കുന്നു.

## എക്സിക്യൂട്ടിവ കമ്മറ്റി യോഗം

ഫെബ്രുവരി പത്താം തീയതി എക്സിക്യൂട്ടിവ് കമ്മറ്റി യോഗം ക്രമീകരിച്ചിരിക്കുന്നു. എക്സിക്യൂട്ടീവ് കമ്മറ്റി യോഗത്തിനായി പ്രാർത്ഥിക്കുക.

## ഉത്തരേന്ത്യ മൊബലൈസേഷൻ ശുശ്രൂഷ പരിശീലനം

ഫെബ്രുവരി 11 ന് ചെന്നയിൽ വെച്ച് ഉത്തരേന്ത്യയിലെ മൊബലൈസേഷൻ മിഷനറിമാർക്കായി ഒരു പരിശീലന പ്രോഗ്രാം ക്രമീകരിച്ചിരിക്കുന്നു.

## ഫീൽഡ് റീജിനൽ സെക്രട്ടറിമാരുടെ യോഗം

ഫീൽഡ് റീജിനൽ സെക്രട്ടറിമാരുടെ രണ്ടു ദിവസത്തെ യോഗം ചെന്നയിൽ ക്രമീകരിച്ചിരിക്കുന്നു.

## റീജനൽ സെക്രട്ടറിമാരുടെ പരിശീലനം

ഫീൽഡ് റീജനൽ സെക്രട്ടറിമാർക്കു ഭരണപരമായും നേതൃത്വപരമായും ഉള്ള പരിശീലന പ്രോഗ്രാം ക്രമീകരിച്ചിരിക്കുന്നു.

## വിരമിച്ച മിഷനറിമാരുടെ സമ്മേളനം

ഫെബ്രുവരി 19, 20 തീയതികളിൽ സജീവ സേവനത്തിൽ നിന്നും വിരമിച്ച മിഷനറിമാരുടെ സമ്മേളനം മധുരയിൽ ക്രമീകരിച്ചിരിക്കുന്നു.

## ഛത്തീസ്ഘട്ട് രജത ജൂബിലി


ഛത്തീസ്ഘട്ടിലെ പ്രവർത്തനം ആരംഭിച്ച് 25 വർഷം പൂർത്തീകരിക്കുന്നു. ഇവിടെയുള്ള വിശ്വാസികളും മിഷനറിമാരും ദൈവത്തിന്റെ വിശ്വസ്തക്കു നന്ദിയർപ്പിച്ചു കൊണ്ട് ഫെബ്രുവരി 21 മുതൽ 23 വരെ ജൂബിലി ആഘോഷിക്കുന്നതിനു പദ്ധതിയിട്ടിരിക്കുന്നു. ക്രിസ്തുവിനായി ആത്മാക്കളെ നേടുന്നതിനു വിശ്വാസികൾ ഉത്സാഹിതരാകേണ്ടതിനായി പ്രാർത്ഥിക്കുക.

## തമിഴ്നാട് മൊബലൈസേഷൻ

അടുത്ത ആറു വർഷത്തിനുള്ളിൽ ആയിരം മിഷനറിമാരെ എഴുന്നേല്പിക്കുന്നതിനുള്ള തമിഴ്നാട് മൊബലൈസേഷന്റെ പദ്ധതി വിജയിക്കേണ്ടതിനായി പ്രാർത്ഥിക്കുക. നിങ്ങളുടെ പ്രാർത്ഥനയാൽ ഈ ലക്ഷ്യം നേടുന്നതിനു ദൈവം കൃപ ചൊരിയും.

പ്രീയ വായനക്കാരെ, പ്രാർത്ഥന പോരാളികളെ സുവിശേഷം പ്രചരിപ്പിക്കുന്നതിനും രൂപാന്തരപ്പെട്ട ആളുകളെ കാണുന്നതിനും ഞങ്ങളെ സഹായിക്കുന്ന നിങ്ങളുടെ സ്ഥിരവും ആത്മാർത്ഥവുമായ പ്രാർത്ഥനകൾക്കു ഞങ്ങൾ നന്ദി അറിയിക്കുന്നു. നിങ്ങളെല്ലാവരെയും ഞങ്ങളുടെ പ്രാർത്ഥനയിൽ ഓർക്കുന്നു. കർത്താവിന്റെ കൃപ നിങ്ങളോടു കൂടെയിരിക്കുമാറാകട്ടെ.

കർത്താവിന്റെ വേലയിൽ നിങ്ങളുടെ കൂട്ടു വേലക്കാരൻ



**റവ. ജോൺ ബർലിൻ എസ്.**



# ദൈവത്തിന്റെ വചനത്തിൽ വസിക്കുക

അനുദിനം വളരുന്ന മിഷനറി പ്രസ്ഥാനമായ ഫ്രെണ്ട്സ് മിഷനറി പ്രെയർ ബാൻഡിനെ (FMPB) ദൈവം അനുഗ്രഹിക്കുന്നു. പ്രാർത്ഥനയുടെ ശക്തിയാലാണ് ഈ ശുശ്രൂഷ ഇത്രത്തോളം വളർന്നു വിശാലമായത്. നമ്മുടെ ആദ്യകാല നേതാക്കന്മാർ സ്ഥാപിച്ച ഒമ്പതു ധർമ്മചിന്തകൾ ഈ നിലയിൽ സംഘടന വിശാലമാകുന്നതിനു കാരണമായി. ദൈവത്തിന്റെ കൃപയാൽ ആ ധർമ്മചിന്തകളെ പിന്തുടരുന്നതിനു നമുക്കു സാധിക്കുന്നു. 2025 ൽ ഈ ധർമ്മചിന്തകളെ കുറിച്ചു ധ്യാനിക്കുന്നതിനു നാം തിരഞ്ഞെടുത്തു. അതിൽ ഒന്നാമത്തേതാകുന്നു **''ദൈവത്തിന്റെ വചനത്തിൽ വസിക്കുക''** (1 യോഹ.3:24).

ഈ മാസം ആദ്യ ധർമ്മചിന്തയായ ദൈവത്തിന്റെ വചനത്തിൽ വസിക്കുക (1 യോഹ.3:24) എന്നതിനെ കുറിച്ചു നമുക്കു ധ്യാനിക്കാം. നമ്മുടെ ജീവിതത്തിൽ ഈ തത്വചിന്തകളോടു എത്രത്തോളം വിശ്വസ്തത കാണിക്കുന്നു എന്നതിനെകുറിച്ചും വിലയിരുത്താം ക്രിസ്തുവിന്റെ അനുയായികളായ നാം ദൈവത്തിന്റെ വചനം ഗ്രഹിക്കുന്നതിനു മാത്രമല്ല ദൈവവചനപ്രകാരം ജീവിക്കുന്നിതിനുമായി വിളിക്കപ്പെട്ടിരിക്കുന്നു. മറ്റുള്ളവരുടെ തെറ്റുകൾ ചൂണ്ടികാണിക്കുക വളരെ എളുപ്പമാണ്, എന്നാൽ ദൈവത്തിന്റെ കല്പന പ്രകാരം എത്രത്തോളം ജീവിക്കുന്നു എന്നത് ഏറ്റവും പ്രാധാന്യമേറിയതാണ്. ഒരോ ക്രിസ്ത്യാനിയുടെയും പ്രവർത്തനങ്ങൾ വളരെ പ്രധാന്യമുള്ളതാണ്.

ദൈവത്തിന്റെ വചനത്തിൽ വസിക്കുക എന്നതു ഒരു താൽക്കാലിക സമർപ്പണമല്ല - അത് നമ്മുടെ ജീവിതത്തിലുടനീളം നിലനിൽക്കേണ്ടതാണ്. ദൈവം ഇത് നമ്മുടെ ജീവിതത്തിൽ നിന്നു പ്രതീക്ഷിക്കുന്നു. ദൈവത്തിന്റെ കല്പനകൾ നമ്മുടെ ജീവിതത്തിൽ നിരന്തരം വസിക്കണം. ദൈവ വചനത്തെ കുറിച്ചു നാം കേവലം അറിവുള്ളവരായിരിക്കുക മാത്രം പോരാ ദൈവവചനം നമ്മുടെ ദൈനദിന ജീവിതത്തിൽ പ്രയോഗികമാക്കുന്നതിനായി നാം വിളിക്കപ്പെട്ടിരിക്കുന്നു. നേരെ മറിച്ച് മതപരമായ വ്യക്തികളും രാഷ്ട്രീയക്കാരും അവരുടെ വാക്കുകൾ പാലിക്കുവാൻ ശ്രമിക്കുന്നു, എന്നാൽ

ക്രിസ്ത്യാനികളായ നാം ആഴമേറിയതും അചഞ്ചലവുമായ പ്രതിബദ്ധതയോടെ ദൈവത്തിന്റെ കല്പനകളിൽ നിലനിൽക്കുമെന്നാണ് പ്രതിക്ഷിക്കുന്നത്.

വസിക്കുന്നത് പ്രവർത്തനത്തിലൂടെയാണ്. നാം വേദപുസ്തകം ദിനംതോറും വായിക്കുന്നുണ്ടാകാം, അല്ലെങ്കിൽ പ്രസംഗം കേൾക്കുന്നുണ്ടാകാം, എന്നാൽ ദൈവത്തിന്റെ കല്പനകളിൽ നമ്മുടെ ജീവിതത്തെ നയിക്കുന്നത് നിർണായകമാണ്. 1 യോഹ.3:24 നമ്മെ ഓർമ്മപ്പെടുത്തുന്നു, "അവന്റെ കല്പനകളെ പ്രമാണിക്കുന്നവൻ അവനിലും അവൻ ഇവനിലും വസിക്കുന്നു. അവൻ നമ്മിൽ വസിക്കുന്നു എന്നു അവൻ നമുക്കു തന്ന ആത്മാവിനാൽ നാം അറിയുന്നു." നമ്മിൽ നിന്നും പ്രതിക്ഷിക്കുന്ന ജീവിതം എങ്ങനെയുള്ളതാണെന്നു ഈ വാക്യം വ്യക്തമായി പറയുന്നു.

നാം ദൈവത്തിന്റെ വചനത്തിൽ വസിക്കുമ്പോൾ നാം ക്രിസ്തുവിൽ ജീവിക്കുന്നു, ക്രിസ്തു നമ്മിൽ ജീവിക്കുന്നു. കല്പനകളും പ്രമാണങ്ങളും നിയമങ്ങളും അടങ്ങുന്നതാണ് ദൈവവചനം. അവനിൽ വസിക്കുക എന്നതിന്റെ കാതലായ അർത്ഥം ഇതാകുന്നു: ആദ്യമായി ദൈവത്തിന്റെ വചനത്തിൽ വിശ്വസിക്കണം, അത് നമ്മുടെ സ്വന്തമായി സ്വീകരിക്കണം, അതിൻപ്രകാരം നാം ജീവിക്കണം. ഈ വചനം ഉപദേശങ്ങളുടെ വെറും ഒരു സമാഹാരമല്ല. വചനം ദൈവമാകുന്നു. യോഹന്നാൻ 1:1 ൽ പറയുന്നു, "ആദിയിൽ വചനം ഉണ്ടായിരുന്നു; വചനം ദൈവത്തോടുകൂടെ ആയിരുന്നു; വചനം ദൈവം ആയിരുന്നു." യോഹന്നാൻ 1:14 പറയുന്നു, "വചനം ജഡമായി തീർന്നു, കൃപയും സത്യവും നിറഞ്ഞവനായി നമ്മുടെ ഇടയിൽ പാർത്തു, ഞങ്ങൾ അവന്റെ തേജസ്സ് പിതാവിൽ നിന്നു ഏകജാതനായവന്റെ തേജസ്സായി കണ്ടു." നാം ദൈവത്തിൽ വസിക്കുമ്പോൾ നമ്മുടെ ജീവിതത്തിൽ രൂപാന്തരം സംഭവിക്കും.

## അധികം ഫലം കായ്ക്കുന്ന ജീവിതം

യോഹന്നാൻ 15:5 പറയുന്നു, "ഞാൻ മുന്തിരിവള്ളിയും നിങ്ങൾ കൊമ്പുകളും ആകുന്നു, ഒരുത്തൻ എന്നിലും ഞാൻ അവനിലും വസിക്കുന്നു എങ്കിൽ അവൻ വളരെ ഫലം കായ്ക്കും; എന്നെ പിരിഞ്ഞു നിങ്ങൾക്കു ഒന്നും ചെയ്‌വാൻ കഴികയില്ല." ദൈവത്തിന്റെ വചനം നമ്മിൽ വസിക്കുമ്പോൾ നാം അധികം ഫലം കായ്ക്കും. നമ്മുടെ ജീവിതം ദൈവരാജ്യത്തിനു പ്രയോജനകരമാകും. യോഹന്നാൻ 15:8 പറയുന്നു. "നിങ്ങൾ വളരെ ഫലം കായ്ക്കുന്നതിനാൽ എന്റെ പിതാവ് മഹത്വപ്പെടുന്നു; അങ്ങനെ നിങ്ങൾ എന്റെ ശിഷ്യന്മാർ ആകും." അവനിൽ യഥാർത്ഥമായി വസിച്ചു ഫലകരമായ ജീവിതം നയിച്ചു കൊണ്ട് നമുക്കു കർത്താവിന്റെ ശിഷ്യന്മാരാകാം. മറ്റുള്ളവരുടെ ജീവിതങ്ങളിൽ സ്വാധീനം ചെലുത്തി ദൈവത്തിനു മഹത്വം കൊടുക്കാം. ദൈവത്തിനു വേണ്ടി ഫലകരമായ ജീവിതം നയിക്കാം.

## സ്വീകരിക്കുന്ന ഒരു ജീവിതം

യോഹന്നാൻ 15:7 ൽ യേശു നൽകുന്ന വാഗ്ദത്തം, "നിങ്ങൾ എന്നിലും എന്റെ വചനം നിങ്ങളിലും വസിച്ചാൽ നിങ്ങൾ ഇച്ഛിക്കുന്നതു എന്തെങ്കിലും അപേക്ഷിപ്പിൻ; അതു നിങ്ങൾക്കു കിട്ടും." നാം ദൈവത്തിന്റെ വചനത്തിൽ വസിക്കുമ്പോൾ നമ്മുടെ പ്രാർത്ഥനകൾ ദൈവയിഷ്ടത്തോടു ചേർന്നതാകും, അങ്ങനെ നമ്മുടെ പ്രാർത്ഥനകൾക്കു മറുപടി ലഭിക്കും. എന്നിരുന്നാലും ഈ വാഗ്ദത്തം നിബന്ധനകളോടു കൂടിയതാണ്: നാം ദൈവത്തിന്റെ വചനത്തിൽ വസിക്കണം. സദൃശവാക്യം 28:9 നമ്മെ ഓർമ്മപ്പെടുത്തുന്നു, "ന്യായപ്രമാണം കേൾക്കാതെ ചെവി തിരിച്ചു കളഞ്ഞാൽ അവന്റെ പ്രാർത്ഥന തന്നെയും വെറുപ്പാകുന്നു." ദൈവത്തിന്റെ വചനത്തിൽ വസിക്കുക എന്നത് പ്രാർത്ഥനയുടെ ഫലപ്രാപ്തിയുമായി നേരിട്ടു ബന്ധപ്പെട്ടിരിക്കുന്നു. ദൈവത്തിന്റെ ഹിത പ്രകാരം നാം പ്രാപിച്ച് ദൈവത്തിനു വേണ്ടി ജീവിക്കാം.

## ജീവിതം കെട്ടിപ്പടുക്കുന്നു

മത്തായി 7:24 പറയുന്നു, "ആകയാൽ എന്റെ ഈ വചനങ്ങളെ കേട്ടു ചെയ്യുന്നവൻ ഒക്കെയും പാറമേൽ വീടു പണിത ബുദ്ധിയുള്ള മനുഷ്യനോടു തുല്യനാകുന്നു." ദൈവത്തിന്റെ വചനം കേൾക്കുന്നതു കൊണ്ടു മാത്രമായില്ല, വചനം ജീവിതത്തിൽ പ്രായോഗികമാക്കണം. നമ്മുടെ ജീവതത്തെകുറിച്ചുള്ള പ്രതീക്ഷകളിൽ യേശുവിനു വ്യക്തതയുണ്ടായിരുന്നു. ഈ ലോകം മുഴുവൻ പാപവും അനീതിയും അന്ധകാരവും നിറഞ്ഞതാണ്. ദൈവവചനത്തിന്റെ ഉറച്ച അടിത്തറയിൽ നാം നമ്മുടെ ജീവിതം കെട്ടുപ്പടുക്കണം. അപ്പോൾ മാത്രമേ നമ്മുടെ ജീവിതം ശക്തവും സുസ്ഥിരവും ശാശ്വതവുമാകുകയുള്ളു. അവനിൽ നമുക്കു പണിയപ്പെടാം ക്രിസ്തുവിനായി ജീവിക്കാം.

## ദൈവവചനത്തിൽ വസിക്കുന്നതിനുള്ള ആഹ്വാനം

പ്രീയ ദൈവജനമേ, നിങ്ങൾ FMPB കുടുംബത്തിലെ അംഗമായിരിക്കാം, സഹായികളാകാം, പ്രാർത്ഥന സഹകാരികളാകാം അല്ലെങ്കിൽ ഫ്രെണ്ട്സ് മിഷനറി പ്രെയർ ബാൻഡിലെ നേതാവായിരിക്കാം ഈ പുതുവർഷത്തിൽ FMPB യുടെ ധർമ്മചിന്തകളെ ആഴമായി ധ്യാനിക്കുക. ദൈവവചനത്തിൽ വസിക്കുവാൻ നമ്മെ സമർപ്പിക്കാം. അനുദിന ജീവിതത്തിൽ ദൈവവചനപ്രകാരം ജീവിക്കാം. നമ്മുടെ പ്രവർത്തനത്തിലൂടെ ദൈവത്തിന്റെ രൂപാന്തരികരണ ശക്തി പ്രകടമാക്കികൊണ് മറ്റുള്ളവർക്കു ഒരു മാതൃകയാകാം. ദൈവവചനത്തിന്റെ വെറും കേൾവിക്കാരായി മാത്രമിരിക്കാതെ അതു അനുസരിക്കുന്നവരായി ദൈവവചനത്തിൽ വസിക്കാം. നമുക്കു ചുറ്റുമുള്ള ലോകത്തോടു ദൈവസ്നേഹം പങ്കുവെക്കാം.

**- റവ. ദാനിയേൽ തോമസ്,**
സെക്രട്ടറി, തമിഴ്നാട് &
പോണ്ടിച്ചേരി മൊബലൈസേഷൻ



# പ്രാർത്ഥിക്കുക

**നമ്മുടെ മിഷനറിമാരുടെ 2024-2025 അദ്ധ്യായന വർഷത്തിൽ 10, 12 ക്ലാസ്സുകളിലെ പരീക്ഷ എഴുതുന്ന മക്കളുടെ പേരുകൾ ഇവിടെ കൊടുക്കുന്നു.**

ഇവർക്കായും നമ്മുടെ ബാലഭവനത്തിലെ കുട്ടികൾക്കായും നമ്മുടെ കൂടെ ചേർന്നു പ്രവർത്തിക്കുന്നവരുടെയും പ്രാർത്ഥന - സാമ്പത്തികസഹായങ്ങൾ നൽകുന്നവരുടെയും മക്കൾക്കായും പ്രാർത്ഥിക്കുക. ഇവർ എല്ലാവരും പരീക്ഷകളിൽ തിളക്കമുള്ള വിജയം കരസ്ഥമാക്കട്ടെ.

## പത്താം ക്ലാസ്സിൽ പഠിക്കുന്ന കുട്ടികൾ (2024 - 2025)

| ക്രമ. നമ്പർ | കുട്ടിയുടെ പേര് | | രക്ഷിതാവിന്റെ പേര് |
|---|---|---|---|
| 1. | അലോൻസോ | - | റവ. കുമാർ പോൾ കെ |
| 2. | അനുരാഗ് ജോൺ | - | ശ്രീ. മിർജിയോ കിസ്കു |
| 3. | ജോയൽ പോൾ | - | ശ്രീ. പോൾ ദാനിയേൽ വി |
| 4. | മാർക്ക് ദാനിയേൽ | - | റവ. വിജയകുമാർ കെ |
| 5. | ജപ ഗ്രേസിയ | - | ശ്രീ. കുമാർ വി |
| 6. | എമിൽ ബ്രയിനേർഡ് | - | റവ. ശ്രീനിവാസൻ ജെ |
| 7. | മേരി സ്ലെസ്സർ | - | ശ്രീ. ശവിശങ്കരൻ |
| 8. | സീയോൻ പ്രിൻസ് ഡേവിഡ് | - | ശ്രീ. സജ്ജീബ് ആനന്ദ് |
| 9. | സീയോൻ പ്രിൻസ് സോളമൻ | - | ശ്രീ. സജ്ജീബ് ആനന്ദ് |
| 10. | സാം ഗോൾഡൻ രാജ് | - | ശ്രീ. വിജയ ബാബു എസ് |
| 11. | അലക്സ് മാത്യു പാനി | - | റവ. മനോജ് കുമാർ പാനി |
| 12. | ബിനോബിൻ ശാമുവേൽ | - | ശ്രീ. വിനു എം |
| 13. | സൃഷ്ടികുമാരി രമേശ് ഭായ് | - | റവ. വസാവ രമേശ്ഭായ് ഉൾസിങ് |
| 14. | സ്റ്റീവൻ കുമാർ വേദകർ | - | ശ്രീ. വേദകർ ദിലീപ്ഭായ് റങ്കുഭായ് |
| 15. | ആസ്ലി ലെവീസ് | - | ശ്രീ. സെന്തിൽ മുരുകൻ വി |
| 16. | കെ. നിങ്ദൗബോ | - | ശ്രീ. ദിതുങ്ബൗ കെ |
| 17. | നിസ്സി വസാവ | - | റവ. വസാവ ആജുഭായ് രാമുഭായ് |
| 18. | പ്രിൻസ് കുമാർ വഗേര | - | ശ്രീ. വഗേര പ്രമോദ് കുമാർ |
| 19. | സുസ്മിത ശലോനി | - | റവ. സർക്കാർ രമേശ് ഭായ് |
| 20. | ഡേവിഡ് പന്ന | - | ശ്രീ. ജാഹർ സായ് പന്ന |
| 21. | ഫ്രാഗ്രൻസ് ലോഡ് | - | റവ. തസങ്സെ സങ്തം |
| 22. | യൂനിസ് സിന്ധുജ | - | റാമുനി ജെബിവി പ്രസാദ് |

| | | | |
|---|---|---|---|
| 23. | ഗിഫ്റ്റ്സൺ ചമ്പ്രമേരി | - | ശ്രീ. ഗജൻ ചമ്പ്രമേരി |
| 24. | സാം ഗ്ലാഡ്സൺ | - | റവ. ഗോപീകൃഷ്ണൻ എം |
| 25. | പ്രേം റിച്ചാർഡ് | - | റവ. ജോൺ ഡേവിഡ് |
| 26. | ലിദ്ദിയ ഷാലിനി എസ് | - | ശ്രീ. ശങ്കർ എം |
| 27. | ജാസ്മിൻ എയ്ഞ്ചൽ | - | റവ. ജസ്റ്റിൻ വൈ |
| 28. | ഗിഫ്റ്റ്സൺ ജെ രാജ് | - | ശ്രീ. പുഷ്പരാജ് ആർ |
| 29. | ജോൺ ബർണാഡ് | - | ശ്രീ. അരുൾരാജ് എബനേസർ ഡി |
| 30. | സന്ദേശ് എൻ | - | ശ്രീ. ബാലാജി നേതാലം |
| 31. | അസറിയ ശമുവേൽ രാജ് | - | ശ്രീ. ജോൺ പോൾരാജ് |
| 32. | റെയ്ച്ചൽ ബീറോ | - | ശ്രീമതി. സിഷോറ |

## പന്ത്രണ്ടാം ക്ലാസ്സിൽ പഠിക്കുന്ന കുട്ടികൾ (2024 - 2025)

| ക്രമ. നമ്പർ | കുട്ടിയുടെ പേര് | | രക്ഷിതാവിന്റെ പേര് |
|---|---|---|---|
| 1. | അഷീൻ അലക്സ് പ്രസാദ് | - | റവ. ജോൺ കുമാർ സി |
| 2. | ജോവിത സനിനിധി | - | ശ്രീ. ബഞ്ചമിൻ ബി |
| 3. | പോൾ ജോയ്സൺ | - | റവ. പൊന്നു സ്വാമി എസ് |
| 4. | കാലേബ് ബ്രയിനാർഡ് രാജ് വി | - | റവ. വിജയൻ റ്റി |
| 5. | ആയുഷ് ബിബോർ കിസ്കു | - | ശ്രീ. മിർജിയോ കിസ്കു |
| 6. | നിഥിൻ എബനേസർ ഭുനിയ | - | റവ. ലൗലിൻ ഭുനിയ |
| 7. | അഭിഗ ഗ്രേസ് | - | ശ്രീ. എഡ്വേർഡ് രാജദുരൈ ആർ |
| 8. | ജോയ്സ് എയ്ഞ്ചലിൻ ഡി | - | റവ. അമിർകാന്ത ഡിഗൽ |
| 9. | നൈതിക കുമാർ | - | റവ. സോമ ഭായ് വാലു ഭായ് |
| 10. | എണസ്റ്റ് കമലേശ് | - | ശ്രീ. ഗമിത് കമലേശ് സിങ്കാഭായ് |
| 11. | ജപ മാർസിയ | - | ശ്രീ. കുമാർ വി |
| 12. | ഐഡ ജയ ഷാരോൺ ഡി | - | റവ. ദാനിയേൽ അരുൾമണി ജെ |
| 13. | ജോസഫ് ദാനിയേൽ എസ് | - | റവ. സെന്തിൽ കുമാർ പി |
| 14. | ശലോനി പാനി | - | റവ. മനോജ് കുമാർ പാനി |
| 15. | ചുങ്കിം കെ | - | ശ്രീ. ദിതുങ്ബൗ കെ |
| 16. | പിയേഴ്സൺ പ്രിൻസ് | - | റവ. ബോർസാത് ബാബുഭായ് ചിമൻ ഭായ് |
| 17. | എമിലിൻ ഷാരോൺ കെ എസ് | - | ശ്രീ. കിൻസ്ലി എ ആർ |
| 18. | റോഷിനി | - | ശ്രീ. പദ്വി സോമാലിയ മനുസ്ഭായ് |
| 19. | റാഗലന്റ് | - | ശ്രീ. പോൾരാജ് ആർ |
| 20. | വിജയകുമാർ നായക് | - | റവ. മജ്ജിയ നായ്ക് ദി |
| 21. | ബ്രെൻസി ജാസ്മിൻ | - | ശ്രീ. ബർന്നബാസ് എ |
| 22. | ഷെർവിൻ എബനേസർ | - | ശ്രീ. ജപകുമാർ പി |
| 23. | ക്രിസ്റ്റീന പ്രീതി എയ്ഞ്ചൽ | - | ശ്രീ. ദുരൈസ്വാമി കെ |
| 24. | ജഡ്സൺ ടെയ്ലർ | - | റവ. ജസ്റ്റിൻ വൈ |
| 25. | മെൽവിൻ ബ്ലസ്സോ എം | - | ശ്രീ. മിത്രൻ ഇ |
| 26. | സ്വീറ്റ്ലിൻ റെയ്ച്ചൽ ജെ | - | റവ. ജോൺ പെനിൻ ജെ |
| 27 | അനുരാഗ് ജി | - | ശ്രീ. ഗദ്ദാം ശ്രീനിവാസ റാവു |

**പോകുക**
**അല്ലെങ്കിൽ**
**അയയ്ക്കുക.**

# FMPB മുദ്രയുടെ ചരിത്രം

ഒരു മുന്നേറ്റ പ്രസ്ഥാനത്തിന്റെ ഉദ്ദേശവും ദർശനവും ശക്തമായി അവതരിപ്പിക്കുതാണ് മുദ്ര അല്ലെങ്കിൽ അടയാള ചിഹ്നം. ഫ്രെണ്ട്സ് മിഷനറി പ്രെയർ ബാൻഡിന്റെ മുദ്ര രൂപകല്പന ചെയ്തത് നിരവധി സുപ്രധാന ആശയങ്ങളുൾക്കൊള്ളുന്ന നക്ഷത്രത്തിന്റെ രൂപത്തിലുള്ള അടയാള ചിഹ്നമായിട്ടാണ്. നമ്മുടെ സീനിയർ മിഷനറി സഹോദരനും അതിന്റെ രൂപകല്പനക്കു പിന്നിലെ കലാകാരനുമായ ശ്രീ. നവനീഥറിനോടു കൂടിയലോചിച്ചതിനു ശേഷമാണ് ഞങ്ങൾ ഈ മുദ്രയുടെ വിശദീകരണം സമാഹകരിച്ചു പങ്കുവെക്കുന്നത്. ഫ്രെണ്ട്സ് മിഷനറി പ്രെയർ ബാൻഡിലെ എല്ലാ അംഗങ്ങളും ഈ അടയാള ചിഹ്നത്തിനു പിന്നിലെ അർത്ഥം മനസ്സിലാക്കേണ്ടത് ഏറെ പ്രാധാന്യമാകുന്നു.

FMPB എന്ന സംഘടനയുടെ ആരംഭത്തിൽ ഡോ. തീയഡോർ വില്യംസ് “അറൈക്കുവൽ” എന്ന നമ്മുടെ തമിഴ് മാസികയുടെ എഡിറ്ററായി സേവനം അനുഷ്ഠിക്കുന്ന കാലത്താണ് ഈ മുദ്ര ദുരൈസ്വാമി എന്ന കലാകാരൻ 1966 ൽ ഉരുവാക്കിയത്. പിന്നീട് 1974 ൽ ഡോ. എമിൽ ജപസിങ് നമ്മുടെ ജനറൽ സെക്രട്ടറിയായിരുന്ന സമയത്ത് പുതുതായി ചേർന്ന കലാകാരനായ ശ്രീ. നവനീഥറിനോടു മർക്കൊസ് 16:15 “നിങ്ങൾ ഭൂലോകത്തിൽ ഒക്കെയും പോയി സകലസൃഷ്ടിയോടും സുവിശേഷം പ്രസംഗിപ്പിൻ” എന്ന വാക്യത്തെ അടിസ്ഥാനമാക്കി ഒരു പുതിയ അടയാള ചിഹ്നം രുപപ്പെടുത്തുവാൻ ഉത്സാഹിപ്പിച്ചു. ഡോ. എമിൽ ജപസിങ് ഈ മുദ്രയെ ഇപ്രകാരം വിശദീകരിച്ചു:

**1. ഈ മുദ്രയുടെ നടുവിലുള്ള കുരിശ്:** കുരിശ്, ലോകത്തിന്റെ പാപം നീക്കുന്ന ദൈവത്തിന്റെ കുഞ്ഞാടായ യേശുക്രിസ്തുവിനെ പ്രതിനിധികരിക്കുന്നു. നമ്മുടെ പ്രസ്ഥാനത്തിന്റെ കാതലും നേതാവും യേശുക്രിസ്തുവാണെന്നു ഇതു സൂചിപ്പിക്കുന്നു.

**2. കുരിശിനു താഴെയുള്ള വേദപുസ്തകം:** വേദപുസ്തകത്തിന്റെ കേന്ദ്ര സന്ദേശം കുരിശാകുന്നു, യേശുവിന്റെ വചനമാകുന്നു സുവിശേഷം. നമ്മുടെ വിശ്വാസത്തിന്റെ അടിസ്ഥാനമാകുന്നു വിശുദ്ധ വേദപുസ്തകം. നമ്മുടെ എല്ലാ

ശുശ്രൂഷകളും പദ്ധതികളും ദൈവവചനത്തിൽ വേരുന്നിയതാകുന്നു.

**3. വേദപുസ്തത്തിനു താഴെയുള്ള ഭൂലോകം:** ലോകത്തിന്റെ ഭൂപടം ലേകമെമ്പാടും സുവിശേഷം പ്രചരിപ്പിക്കുവാനുള്ള ദൗത്യത്തെ സൂചിപ്പിക്കുന്നു.

**4. ലോകത്തെ ചുറ്റിയുള്ള കാഹളം:** ഇത് സൂചിപ്പിക്കുന്നത് ഓരോ ക്രിസ്ത്യാനിയും സുവിശേഷം അടിയന്തിരമായി പ്രഘോഷിക്കുവാൻ വിളിക്കപ്പെട്ടിരിക്കുന്നു എന്നാണ്.

**5. ചിഹ്നത്തിനു ചുറ്റുമുള്ള എട്ടു അമ്പടയാളങ്ങൾ:** എട്ടു ദിശകളിലേക്കു അതായത് വടക്ക്, തെക്ക്, കിഴക്ക്, പടിഞ്ഞാറ്, വടക്കു കിഴക്ക്, വടക്കു പടിഞ്ഞാറ്, തെക്കു കിഴക്ക്, തെക്കു പടിഞ്ഞാറ് തുടങ്ങിയ എട്ടു ദിശകളിലേക്കും സുവിശേഷം എത്തിക്കുന്നതിനായി വിളിക്കപ്പെട്ടിരിക്കുന്നു എന്ന് ഈ അമ്പടയാളങ്ങൾ പ്രതിനിധികരിക്കുന്നു. ഒരോ അമ്പടയാളത്തിലും "Go" or "Send" എന്നതിലെ അക്ഷരങ്ങൾ ആലേഖനം ചെയ്തിട്ടുണ്ട് എന്നത് ഈ ദൗത്യത്തിനു കൂടുതൽ ഊന്നൽ നൽകുന്നു. ഈ അമ്പടയാളങ്ങൾ മർക്കൊസ് 16:15 ൽ നിന്നും പ്രചോദനം ഉൾക്കൊണ്ടതാണ്. പിന്നീട് ശ്രീ. കിങ്സ്ലി അരുണോദയകുമാർ ഈ മുദ്രണം അല്പം കൂടി ആകർഷണമുള്ളതാക്കി.

കുരിശ് ലോകത്തിനുള്ള സുവിശേഷത്തെ പ്രതിനിധീകരിക്കുമ്പോൾ കാഹളം അതു പ്രഖ്യാപിക്കുന്നതിനുള്ള ആഹ്വാനത്തെ പ്രതീകപ്പെടുത്തുന്നു. എട്ടു അമ്പടയാളങ്ങൾ സുവിശേഷം പ്രചരിപ്പിക്കേണ്ട ദിശയും അതിന്റെ അടിയന്തിരതയും ചിത്രീകരിക്കുന്നു. സഹോദരൻ നവനീഥർ ഈ അടയാള ചിഹ്നത്തിന്റെ രൂപകല്പനയിൽ പകർത്തിയ ദർശനമാണിത്.

ഈ തിരിച്ചറിവോടെ വേദപുസ്തകത്തെ നമ്മുടെ ജീവിതത്തിന്റെ കേന്ദ്രമാക്കുവാനും ക്രിസ്തുവിനായി അദ്ധ്വാനിക്കുവാനും പ്രതിബന്ധങ്ങൾ എന്തു തന്നെയായാലും അതിനെ അവഗണിച്ചു ഏതു ദിശയിലേക്കും പോയി സുവിശേഷവും കുരിശും പ്രഘോഷിക്കുവാൻ തയ്യാറാകണമെന്നതും നമ്മെ ഓർമ്മപ്പെടുത്തുന്നു. ഈ അടയാള ചിഹ്നം ഈ സംഘടനയിലെ ഓരോ അംഗത്തിന്റെയും കടമയും ഉത്തരവാദിത്വവും ഊന്നിപ്പറയുന്നു. പൂർണ്ണ സമയ സുവിശേഷ വേലക്കായി വിളിക്കപ്പെടാത്തവർക്ക് പ്രാർത്ഥനയിലൂടെ ഈ ദൗത്യത്തെ പിന്തുണയ്ക്കുക എന്ന സുപ്രധാന പങ്കു ഇപ്പോഴുമുണ്.

കാൽവറിയുടെ സ്നേഹം ഓരോ വ്യക്തിയും അറിയുന്നതു വരെ പതറാതെ കുരിശിനെ സേവിക്കുവാൻ യേശുക്രിസ്തു നമ്മെ വിളിക്കുന്നു. ഈ അടയാള ചിഹ്നത്തിന്റെ പ്രാധാന്യതയെ കുറിച്ചു ആഴത്തിലുള്ള ധാരണയോടെ സമർപ്പണത്തോടും തീഷ്ണതയോടും കൂടെ ദൈവത്തെ സേവിക്കുവാൻ നമുക്കു സ്വയം സമർപ്പിക്കാം.



# ഖുഞ്ചാൻ സഭ ചരിത്രം

**ഹനുമാൻഘട് മിഷൻ വയൽ**
**രാജസ്ഥാൻ റീജിയൻ**
**ആരംഭം മുതൽ**
**ആഗസ്റ്റ് 2019 വരെ**

**തയ്യാറാക്കിയത്**
**ശ്രീമതി. ആഗ്നസ് എഡ്വേർഡ്**

ഹനുമാൻഘട്ട് മിഷൻ വയൽ 24.10.1974 ൽ തുറന്നു പ്രവർത്തനം ആരംഭിച്ചു. ശ്രീ. ഐ ഹെർഷോം, ശ്രീ. ജിംസൺ, ശ്രീ. ദുരൈരാജ് എന്നീ മിഷനറി കുടുംബങ്ങളാണ് ആദ്യമിഷനറിമാർ. ആദ്യമിഷനറിമാരുടെ പ്രവർത്തനഫലമായി ഖുഞ്ചാൻ ഗ്രാമത്തിൽ ചില സ്നേഹിതരെ ലഭിച്ചു. എന്നാൽ അവർ യേശുവിനെ രക്ഷിതാവായി സ്വീകരിക്കുവാൻ തയ്യാറായില്ല. 13.4.1980 ൽ മിഷനറി ശ്രീ. ലീല ക്രിസ്റ്റോഫറും 7.6.1990 ശ്രീ. എഡ്വേർഡ് ജ്ഞാനമുത്തുവും കർത്താവിൽ നിദ്ര പ്രാപിച്ചു. ഈ മിഷനറിമാർ കോതമ്പു മണിയായി ആ മണ്ണിൽ വീണതിനെ തുടർന്നു 1994 ൽ ശ്രീ. റോബർട്ട് വില്യം, ശ്രീ. ജോൺസൺ തമിഴ് സെൽവൻ എന്നീ മിഷനറി കുടുംബങ്ങൾ പ്രവർത്തിക്കുന്ന കാലത്ത് ഖുഞ്ചാൻ ഗ്രാമത്തിൽ സുവിശേഷത്തിന്റെ വാതിൽ കർത്താവ് തുറന്നു. ഖുഞ്ചാൻ ഗ്രാമത്തിൽ നടത്തിയ ജീസസ് ഫിലിം പ്രദർശനത്തിലൂടെ ദൈവം ജന ഹൃദയങ്ങളെ സ്പർശിച്ചു.

മിഷനറിമാർ 1994 മാർച്ചിൽ ഹനുമാൻഘട്ട് മിഷൻ വയലിൽ നിന്നും അയച്ച പ്രാർത്ഥന റിപ്പോർട്ടിൽ ഇപ്രകാരം എഴുതി: “ഖുഞ്ചാൻ ഗ്രാമത്തിൽ ജീസസ് ഫിലിം പ്രദർശിപ്പിക്കുന്നതിനായുള്ള ക്രമീകരണങ്ങൾ ചെയ്യുന്ന വേളയിൽ പെട്ടെന്നു ഒരു മനുഷ്യൻ വന്നു ഞങ്ങളോടു അവിടെ ഫിലിം പ്രദർശിപ്പിക്കരുതെന്നു കർശനമായി താക്കീത് നൽകി, ചില മിനിട്ടുകൾക്കു ശേഷം അയാൾ അവിടെ നിന്നു പോയി. തടസ്സങ്ങളില്ലാതെ ഞങ്ങൾ ജീസസ് ഫിലിം പ്രദർശിപ്പിച്ചു.”

ആരംഭനാളുകളിൽ റായ് സിക്ക് സമുദായത്തിലുള്ള ചിലർ സുവിശേഷത്തോടു താൽപര്യം കാണിച്ചു. മിഷനറിമാർ ഖുഞ്ചാൻ ഗ്രാമത്തിലെ ശ്രീമതി. അക്കോഭായിയെ പരിചയപ്പെട്ടു. അവർ പഞ്ചാബിൽ വെച്ചു യേശുവിനെ രക്ഷിതാവായി സ്വീകരിച്ച ശ്രീ. കാശ്മീർ സിങിനെയും കുടുംബത്തെയും പരിചയപ്പെടുത്തി തന്നു. അദ്ദേഹം തന്റെ ചില ബന്ധുക്കളെ നമുക്കു പരിചയപ്പെടുത്തി നൽകി. 1994 മെയിൽ

അദ്ദേഹത്തിന്റെ ഭവനത്തിൽ ജീസസ് ഫിലിം പ്രദർശിപ്പിച്ചു. 1994 ഏപ്രിലിൽ ശ്രീ. റോബർട്ട് വില്യം അവിടെ നിന്നും സ്ഥലം മാറിപ്പോയി. 3.6.1994 ൽ ശ്രീ. ബ്രൈറ്റ് ജയകുമാർ, ശ്രീ. ജോൺസൺ തമിഴ് സെൽവൻ എന്നീ മിഷനറി കുടുംബങ്ങൾ അവിടെ പ്രവർത്തിക്കുന്നതിനായി എത്തി.

ഖുഞ്ചാൻ ഗ്രാമത്തിൽ ശ്രീമതി അക്കോഭായിയുടെ മകൻ ശ്രീ. മഹേന്ദർ സിങ് മദ്യത്തിനടിമയായിരുന്നു. ഓരോ മാസവും മദ്യപാനത്തിനായി അവൻ രണ്ടായിരത്തിലധികം രൂപ ചിലവിട്ടിരുന്നു. പ്രാർത്ഥനയെ തുടർന്നു അവൻ എപ്പോഴൊക്കെ മദ്യപിക്കുമോ അപ്പോഴെല്ലാം അവൻ ശർദ്ദിക്കുവാൻ തുടങ്ങി. അങ്ങനെ അവൻ മദ്യപാനം ഉപേക്ഷിക്കുകയും യേശുവിനെ രക്ഷിതാവായി സ്വീകരിക്കുകയും ചെയ്തു. ശ്രീ. കാശ്മീർ സിങിന്റെയും ശ്രീമതി. അക്കോഭായിയുടെയും ഭവനത്തിൽ പതിവായി രാത്രിയോഗങ്ങൾ നടത്തി. ഖുഞ്ചാൻ ഗ്രാമത്തിലുള്ള ശ്രീ. പ്രേം സിങും കുടുംബവും ജീസസ് ഫിലിം കാണുകയും യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിക്കുകയും ചെയ്തു. അദ്ദേഹത്തിന്റെ മകൻ ശ്രീ. ജങ്കീർ സിങ് എങ്ങനെയാണ് തങ്ങളുടെ കുടുംബം യേശുവിനെ രക്ഷിതാവായി സ്വീകരിച്ചതെന്നു സ്വന്തം വാക്കുകളിലൂടെ വിവരിക്കുന്നു:-



എന്റെ പിതാവ് പ്രേം കുമാർ പഞ്ചാബിൽ ഞങ്ങളുടെ അമ്മാവന്റെ അടുക്കൽ പോയി. എന്റെ അമ്മാവൻ ഒരു വിശ്വാസിയായിരുന്നു. ഒരു ദിവസം അമൻ എന്ന ബാലനെ വിഷപാമ്പ് കടിച്ചു. എന്റെ അമ്മാവൻ ചാന്ദ് സിങ് ആ ബാലനു വേണ്ടി പ്രാർത്ഥിച്ചു. ദൈവം അവനെ സൗഖ്യമാക്കി. യേശുവിന്റെ വല്ലഭത്വം കണ്ടു എന്റെ പിതാവ് ആശ്ചര്യപ്പെട്ടു. എന്റെ പിതാവ് യേശുവിൽ വിശ്വസിക്കുവാൻ തുടങ്ങി. അദ്ദേഹം ഭവനത്തിൽ വന്നു നടന്ന സംഭവങ്ങളെല്ലാം ഞങ്ങളോടു വിവരിച്ചു. എന്റെ ഇളയ സഹോദരി പരംജിത് അടിക്കടി രോഗത്താൽ കഷ്ടപ്പെടാറുണ്ടായിരുന്നു. എന്റെ പിതാവ് അവളെ പല മന്ത്രവാദികളുടെ അടുക്കലും മറ്റുള്ളവരുടെ നിർദ്ദേശ പ്രകാരം വിവിധ സ്ഥലങ്ങളിലും കൊണ്ടു പോയി. എന്നാൽ അവളുടെ രോഗത്തിനു സൗഖ്യം വന്നില്ല. മിഷനറി ജോൺസൺ തമിഴ് സെൽവൻ ഞങ്ങളുടെ ഗ്രാമത്തിൽ വന്നു രണ്ടോ മൂന്നോ പ്രാവശ്യം ജീസസ് ഫിലിം പ്രദർശിപ്പിച്ചു. ഏതു ഗ്രാമത്തിൽ ഫിലിം പ്രദർശനം നടത്തിയാലും അതു കാണുന്നതിനു ഞങ്ങൾ അവിടെ പോകുമായിരുന്നു. ഫിലീമിലൂടെ ഞങ്ങൾ യേശുവിനെ കൂടുതലായി ഗ്രഹിച്ചു. പാസ്റ്റർ ജോൺസൺ ക്രിസ്തുവിനെ കുറിച്ച് എന്റെ പിതാവിനോടു പങ്കുവെച്ചു. എന്നാൽ പിതാവ് മുന്നോട്ടു വെച്ച നിബന്ധന എന്റെ സഹോദരിക്കു പൂർണ്ണ സൗഖ്യം ലഭിക്കുകയാണെങ്കിൽ യേശുവിനെ രക്ഷിതാവായി സ്വീകരിക്കാം എന്നാകുന്നു. അദ്ദേഹം ഞങ്ങൾക്കു വേണ്ടി പ്രാർത്ഥിച്ചു. അദ്ദേഹം ഒരു കുപ്പി എണ്ണയും അല്പ വെള്ളവും പ്രാർത്ഥിച്ചു നൽകി. എണ്ണ അവളുടെ ദേഹത്തു പുരട്ടുവാനും വെള്ളം കുടിക്കുവാനും ആവശ്യപ്പെട്ടു. ക്രമേണ എന്റെ സഹോദരി സൗഖ്യം പ്രാപിച്ചു. ഞങ്ങൾ കഷ്ടപ്പെട്ട എല്ലാ മേഖലകളിലും ദൈവം ഞങ്ങൾക്കു വിടുതൽ നൽകി. അങ്ങനെ ഞങ്ങൾ എല്ലാവരും യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. 12.7.1994 ൽ

എന്റെ മാതാപിതാക്കൾ സഭയിലെ അംഗങ്ങളായി.

പിന്നീട് 11.8.1995 ൽ ശ്രീ. പ്രേം സിങിന്റെ മൂന്നു മക്കളും യേശുവിനെ രക്ഷിതാവായി സ്വീകരിച്ചു സഭയിലെ അംഗങ്ങളായി. 12.7.1994 ൽ ഖുഞ്ചാൻ ഗ്രാമത്തിലുള്ള 20 റായ് സിക്കുകാർ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. ശ്രീ. അക്കോഭായ്, അവളുടെ മക്കൾ, ശ്രീ. കാശ്മീർ സിങ് കുടുംബം, ശ്രീ. ഗോപാൽ സിങ് കുടുംബം, ശ്രീ. പ്രേം സിങ് കുടുംബം എന്നിവരടങ്ങുന്നതാണ് ആ 20 പേർ. 1994 ജൂലൈയിൽ ഖുഞ്ചാൻ ഗ്രാമത്തിൽ ആരാധന യോഗം ആരംഭിച്ചു. ശ്രീ. പ്രേം സിങിന്റെ സമീപത്തുള്ള ഒരു വീട് വാടകക്കെടുത്താണ് ശ്രീ. ബ്രൈറ്റ് ജയകുമാറും ശ്രീ. ജോൺസൺ തമിഴ് സെൽവനും ആരാധന യോഗം ആരംഭിച്ചത്. ആദ്യത്തെ ആരാധന യോഗത്തിൽ 20 ആളുകൾ പങ്കെടുത്തു.

## സഭയുടെ വളർച്ച

ജനങ്ങൾ അത്ഭുതകരമായ വിടുതൽ ജീവിതത്തിൽ അനുഭവിക്കുവാൻ തുടങ്ങിയതോടെ ഖുഞ്ചാൻ സഭ സാവധാനത്തിലും ക്രമത്തിലും വളരുവാൻ തുടങ്ങി. 1995 ജനുവരിയിലെ പ്രാർത്ഥന റിപ്പോർട്ടിൽ മിഷനറി ബ്രൈറ്റ് ജയകുമാർ ഇപ്രകാരം എഴുതി:– *"ഖുഞ്ചാൻ ഗ്രാമത്തിലെ ശ്രീമതി. ശാന്തി പൈശാചിക ബന്ധനത്താൽ വലയുകയായിരുന്നു. വിശ്വാസികൾ ചേർന്നു വന്നു പ്രാർത്ഥിച്ചിട്ടും അവൾക്കു വിടുതൽ ലഭിച്ചില്ല. അതിനാൽ ഡിസംബർ 29 ന് ഉച്ചക്ക് 12.30 ന് വിശ്വാസികൾ ഞങ്ങളുടെ വീട്ടിൽ വന്നു പ്രാർത്ഥനക്കായി ഞങ്ങളെ വിളിച്ചു. ഉടൻ തന്നെ ഞങ്ങൾ അവരുടെ കൂടെ പുറപ്പെട്ടു പോയി ശ്രീമതി ശാന്തിക്കു വേണ്ടി പ്രാർത്ഥിച്ചു ദൈവമായ കർത്താവ് അവളെ സൗഖ്യമാക്കി."*

1995 ഫെബ്രുവരിയിലെ പ്രാർത്ഥന റിപ്പോർട്ട്:– *"സുരേസിയ ഗ്രാമത്തിലെ വിശ്വാസി ശ്രീ. കല സിങും കുടുംബവും മക്കളില്ലാതെ ഭാരപ്പെടുകയായിരുന്നു. ശ്രീമതി ധനോഭായ് കല സിങിനു ഇതിനു മുമ്പ് എട്ടു പ്രാവശ്യം ഗർഭ ഛിദ്രം സംഭവിച്ചിരുന്നു. 12.7.1994 ൽ അവർ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിക്കുകയും തലമുറക്കായി പ്രാർത്ഥിക്കുകയും ചെയ്തു. 24.1.1995 ൽ ദൈവം അവർക്കു ഒരു ആൺ പൈതലിനെ നൽകി അനുഗ്രഹിച്ചു. ആ കുട്ടിക്കു അവർ ശമുവേൽ ജസുവീർ എന്ന പേർ നൽകി."*

രണ്ടു വർഷം വാടക കെട്ടിടത്തിൽ അവർ ആരാധന യോഗം നടത്തി. പിന്നീട് 1996 നവംബറിൽ ഒരു സ്ഥലം (35X50) വാങ്ങി. വിശ്വാസികളുടെ പരിശ്രമത്താൽ ഒരു താൽക്കാലിക പ്രാർത്ഥന ഹാൾ പണിതു. ആരാധനയോഗം ഈ പ്രാർത്ഥന ഹാളിലേക്കു മാറ്റി. ഖുഞ്ചാൻ, തിബ്ബി, സുരേസിയ എന്നീ ഗ്രാമങ്ങളിൽ നിന്നുള്ള വിശ്വാസികൾ ഞായറാഴ്ച ആരാധനയിൽ സംബന്ധിക്കുന്നു.

**സഭാ മൂപ്പയായ ശ്രീമതി നീലം തന്റെ സാക്ഷ്യം വിശദീകരിക്കുന്നു:–**



"ഹനുമാൻഘട് ജംങ്ഷനിലുള്ള ഗാന്ധി നഗർ ഗ്രാമത്തിലെ നീലം ആണു ഞാൻ. ഞങ്ങളുടെ പ്രദേശത്തു ഞങ്ങൾക്കു ഒരു കട ഉണ്ട്. സാമ്പത്തീകമായി ഞങ്ങൾ വളരെയധികം പ്രയാസപ്പെട്ടു. ഞങ്ങളുടെ വാടകക്കാരനായ ശ്രീ. ബാബു അദ്ദേഹത്തിനു ആന്തരിക സമാധാനം നൽകിയ റേഡിയോ പ്രോ

ഗ്രാമിനെ കുറിച്ചു ഞങ്ങളോടു പറഞ്ഞു. അങ്ങനെ ഞാനും റോഡിയോ പ്രോഗ്രാം ശ്രവിക്കുന്നതിനും അന്തരിക സമാധാനം അനുഭവിക്കുവാനും തുടങ്ങി. ഇതിനു മുമ്പ് എന്റെ അളിയനും കുടുംബവും യേശുവിനെ രക്ഷിതാവായി സ്വീകരിച്ചിരുന്നു. എന്റെ അളിയന്റെ മകൻ ഗിരീഷ് ഞങ്ങളോടു ക്രിസ്തുവിനെ കുറിച്ചും ഖുഞ്ചാൻ സഭയെ കുറിച്ചും പറഞ്ഞിരുന്നു. എന്റെ ഭർത്താവ് ഞങ്ങളുടെ മൂത്തമകനെ കുറിച്ചു ആകുലപ്പെട്ടിരുന്നു. കാരണം അവന്റെ വഴികൾ ദുഷിച്ചതായിരുന്നു. എന്റെ ഭർത്താവും മൂത്തമകനുമാണ് ആദ്യം രക്ഷിക്കപ്പെട്ടു സഭയിലെ അംഗമായി തീർന്നത്. രണ്ടു മാസത്തിനു ശേഷം ഞാനും സഭയിൽ അംഗത്വമെടുത്തു. മൂത്രാശയ കല്ല് നിമിത്തം ഞാൻ വളരെ കഷ്ടപ്പെട്ടിരുന്നു. പാസ്റ്റർ ബ്രൈറ്റ് ജയകുമാറിന്റെ പ്രാർത്ഥനയാൽ എനിക്കു സൗഖ്യം ലഭിച്ചു. ശസ്ത്രക്രീയ നടത്തേണ്ടി വന്നില്ല. ഞങ്ങളുടെ എല്ലാ പ്രതിസന്ധികളിലും ദൈവം സഹായിച്ചു. വിശ്വസ്തയോടെ ദൈവം ഞങ്ങളെ വഴി നടത്തി. നാലു വർഷം മുമ്പ് എന്റെ ഭർത്താവ് നിത്യയിൽ പ്രവേശിച്ചു. എന്നാൽ ദൈവം ഞങ്ങളെ പരിപാലിക്കുന്നു നിലനിർത്തുന്നു. ഞങ്ങളുടെ വീടിനു ചുറ്റുപാടുമുള്ള ആളുകൾ പ്രാർത്ഥനക്കായി ഞങ്ങളുടെ വീട്ടിലേക്കു വരുന്നു. അവരിൽ രണ്ടു കുടുംബം യേശുവിനെ രക്ഷിതാവായി സ്വീകരിച്ചു. ദൈവത്തിനു സ്തോത്രം.

**ബൗറി സമുദായത്തിൽ നിന്നുള്ള രാജേന്ദ്ര കൗർ (ശ്രീ. കൃഷൻ സിങ്ങിന്റെ ഭാര്യ) തന്റെ സാക്ഷ്യം വിശദീകരിക്കുന്നു.**



" ഞാൻ ഖുഞ്ചാൻ ഗ്രാമത്തിലെ രാജേന്ദ്ര കൗർ. ബാല്യ പ്രായത്തിൽ എനിക്കു രാണ്ടാനമ്മയുടെ പീഡനം അനുഭവിക്കേണി വന്നു. നിരവധി കഷ്ടതയിലൂടെ ഞാൻ കടന്നു പോയി. എന്റെ പിതാവ് രാജസ്ഥാൻ ഗതാഗത വകുപ്പിലാണ് ജോലി ചെയ്തത്. എന്റെ പിതാവിന്റെ മരണത്തെ തുടർന്നു എനിക്കു പിതാവിന്റെ ജോലി ലഭിച്ചു. രണ്ടാമത്തെ പ്രസവത്തിനു ശേഷം എനിക്കു ശരീരമാസകലം ത്വക്കു രോഗം പിടിപെട്ടു. എന്റെ ത്വക്കിൽ വലിയ കുരുക്കൾ വരുവാൻ തുടങ്ങി. എന്റെ അയൽക്കാരി ക്രിസ്തീയ വിശ്വാസിയായ ശ്രീമതി കലാവതി ക്രിസ്തുവിനെ കുറിച്ച് എന്നോടു പറഞ്ഞു. ഞാൻ ദൈവാലയത്തിൽ പോകുവാൻ തുടങ്ങി. പ്രാർത്ഥനയുടെ ഫലമായി എനിക്കു ത്വക്കു രോഗത്തിൽ നിന്നും സൗഖ്യം ലഭിച്ചു. അങ്ങനെ 23.6.2013 ൽ ഞാൻ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. പാസ്റ്റർ അരുൾരാജ് എബനേസർ എന്നെ സ്നാനപ്പെടുത്തി. എന്റെ മൂത്തമകൻ ആസ്മ രോഗത്തിന്റെ കാഠിന്യത്താൽ കഷ്ടപ്പെട്ടു. പ്രാർത്ഥനയിലൂടെ ദൈവം കൃപ ചൊരിഞ്ഞു അവനെ സൗഖ്യമാക്കി. ദൈവത്തിനു സ്തോത്രം."

**ഖുഞ്ചാൻ ഗ്രാമത്തിന്റെ സമീപത്തു താമസിക്കുന്ന ഖുഞ്ചാൻ ഗ്രാമത്തിലെ ശ്രീമതി. ചിന്തേർ കൗർ തന്റെ സാക്ഷ്യം പങ്കുവെക്കുന്നു.**



ഞങ്ങളുടെ മകൻ ഗുരുബച്ചൻ മദ്യത്തിനടിമയാകുന്നു. മദ്യ ലഹരിയിൽ അവൻ

എന്റെ മരുമകളെയും ഭർത്താവിനെയും എന്നെയും മർദ്ദിക്കുക പതിവാണ്. അവൻ ചീത്ത കൂട്ടുകെട്ടിൽ അകപ്പെട്ടു പണം മുഴുവൻ ചൂതാട്ടത്തിൽ നശിപ്പിക്കുന്നു. അവൻ സമ്പാദിക്കുന്ന പണം മുഴുവൻ മദ്യത്തിനും ചൂതാട്ടത്തിനുമായി ചിലവഴിക്കുന്നു. ഞങ്ങളുടെ കുടുംബത്തിന്റെ സമാധാനം നഷ്ടപ്പെട്ടു. ഞങ്ങളുടെ വീടനു സമീപത്തു ദൈവാലയം സ്ഥിതി ചെയ്യുന്നതിനൽ ഞാൻ ദൈവാലയത്തിൽ വന്നു എന്റെ കുടുംബത്തിനു വേണ്ടി പ്രാർത്ഥിച്ചു. ഞാൻ കർത്താവായ യേശുവിൽ വിശ്വാസം അർപ്പിച്ചു. എന്റെ മരുമകളും ദൈവാലയത്തിൽ വരുവാൻ തുടങ്ങി. 30.9.2015 ൽ കൊച്ചുമക്കളോടൊപ്പം ഞങ്ങൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. പ്രാർത്ഥനയിലൂടെ ദൈവം എന്റെ മകൻ ഗുരുബച്ചന്റെ ജീവിതത്തിൽ രൂപാന്തരം വരുത്തി. അവൻ മദ്യപാനം കുറച്ചു ഞങ്ങളെ മർദ്ദിക്കുന്നതു നിർത്തി. ചിത്ത കൂട്ടുകെട്ടിൽ നിന്നും മുക്തനായ അവൻ ചൂതാട്ടം നിറുത്തി. 2016 ൽ ഗുരുബച്ചൻ യേശുവിനെ രക്ഷിതാവായി സ്വീകരിച്ചു. ദൈവം ഞങ്ങളുടെ എല്ലാ പ്രാർത്ഥനക്കും മറുപടി നൽകി. ദൈവം ഞങ്ങളുടെ ഭവനത്തെ സ്വർഗ്ഗ സന്തോഷത്താൽ നിറച്ചു. മുമ്പു ഞങ്ങൾ ഒരു മൺകുടിലിലാണ് പാർത്തിരുന്നത് എന്നാൽ ഇന്നു ദൈവം ഞങ്ങൾക്കു നല്ലൊരു വീടു നൽകി. ദൈവം ഞങ്ങൾക്കു കന്നുകാലികളെയും നൽകി. ദൈവത്തിനു സ്തോത്രം."

## സഭയും സമുദായവും

ജണ്ടവാലി, വെരുവാല, ഗാന്ധിനഗർ, സുരേസിയ, മക്കസാർ, ടൗൺ, കോല, കിഷൻപുര, അമരപുര, തിബ്ബി, മസാനി, മനകസാർ, നവാൻ, ഹൗസിങ് ബോർഡ് കോളനി, ഖുഞ്ചാൻ എന്നീ ഗ്രാമങ്ങളിൽ നിന്നുള്ളവരാണ് ഖുഞ്ചാൻ സഭയിലെ വിശ്വാസികൾ. ഈ സഭയിലെ വിശ്വാസികൾ റായ് സിഖ്, മജ്ബിദ് സിഖ്, ജാട് സിഖ്, ബൗറി, ബനിയ എന്നീ ജാതിക്കൂട്ടങ്ങളിൽ ഉൾപ്പെടുന്നവരാണ്.

## സഭയുടെ വസ്തു

1996 ൽ ഒരു ചെറിയ സ്ഥലം (35X50) 15,600 രൂപ കൊടുത്തു വാങ്ങി. അവിടെ ഒരു താൽക്കാലിക ദൈവാലയം പണിതു. ആ സ്ഥലം വളരെ ചെറുതായതിനാൽ അതു വിറ്റിട്ടു 23.2.1998 ൽ പുതിയ ഒരു സ്ഥലം 39,000 രൂപ കൊടുത്തു ശ്രീ. കാശ്മീർ സിങ്, ശ്രീമതി. അക്കോഭായ് എന്നിവരിൽ നിന്നും വാങ്ങി. 87 അടി നീളവും 55 അടി വീതിയും ഉള്ള വസ്തുവാണ് വില കൊടുത്തു വാങ്ങിയത്. അവിടെ ഒരു ദൈവാലയം പണിതു.

## താൽക്കാലിക ദൈവാലയം

31.10.1996 ൽ താൽക്കാലി ദൈവാലയത്തിന്റെ അടിസ്ഥാന ശില പ്രാർത്ഥനയാൽ സ്ഥാപിച്ചു. ഖുഞ്ചാൻ സഭയിലെ വിശ്വാസികളുടെ പരിശ്രമത്താലാണ് ഈ താൽക്കാലിക പ്രാർത്ഥനാലയം പൂർത്തീകരിച്ചത്. 24.12.1996 ൽ സ്തോത്ര പ്രാർത്ഥന നടത്തി റവ. ബ്രൈറ്റ് ജയകുമാർ പ്രാർത്ഥനാലയത്തിന്റെ സമർപ്പണ ശുശ്രൂഷ നിർവഹിച്ചു. എല്ലാ ഞായറാഴ്ചയും ഈ പ്രാർത്ഥനാലയത്ത് വെച്ചു ആരാധന യോഗം നടത്തി.

## ദൈവാലയ നിർമ്മാണം

സെന്റ് ജോൺ സത്സാംഗ് ഭവനം എന്നാണ് ദൈവാലയത്തിന്റെ നാമം. 8.3.1998 ൽ റവ. ബ്രൈറ്റ് ജയകുമാർ ഖുഞ്ചാൻ ദൈവാലയത്തിന്റെ അടിസ്ഥാന ശിലയിട്ടു. ഖുഞ്ചാൻ, തിബ്ബി, സുരേസിയ എന്നീ ഗ്രാമങ്ങളിലെ വിശ്വാസികളെ പങ്കെടുപ്പിച്ചു കൊണ്ട് ഒരു പ്രാർത്ഥന യോഗം സംഘടിപ്പിച്ചു. അടിസ്ഥാന ശില ഇട്ടതിനുശേഷം മധുരപലഹാരങ്ങൾ വിതരണം ചെയ്തു.

14X22 ആണ് ദൈവാലയത്തിന്റെ വലിപ്പം. 23.5.1999 ൽ ഖുഞ്ചാൻ ദൈവാലയം ദൈവനാമ മഹത്വത്തിനായ് പ്രതിഷ്ഠിച്ചു. അതിനോടനുബന്ധിച്ച് ഹനുമാൻഘട്ട് മിഷൻ വയൽ ആരംഭിച്ചതിന്റെ രജത ജൂബിലിയും (1974-1999) ആഘോഷിച്ചു.

## സഭയുടെ പ്രവർത്തനവും വിവരങ്ങളും

സഭയുടെ കമ്മറ്റിയിൽ എട്ടു അംഗങ്ങൾ ഉണ്ട്. ശ്രീ. ജയ്ബീർ സിങ് സഭയുടെ സെക്രട്ടറിയായും ശ്രീ. രാജേന്ദ്രൻ ഖജാൻജിയായും പ്രവർത്തിക്കുന്നു. കമ്മറ്റിയംഗങ്ങളെ സഭയിലെ വിശ്വാസികളാണ് തിരഞ്ഞെടുക്കുന്നത്. സഭയുടെ വരുമാനം ജനങ്ങൾ അർപ്പിക്കുന്ന സ്തോത്രകാഴ്ചകളാണ്. ദശാംശം, ആദ്യഫലം, നേർച്ചകൾ, ആരാധനയിലെ സ്തോത്രകാഴ്ച, സ്തോത്രാർപ്പണം തുടങ്ങിയവയാണ് ജനങ്ങൾ അർപ്പിക്കുന്ന കാണിക്ക. ഖുഞ്ചാൻ സഭയിലെ ശരാശരി മാസ വരുമാനം ഏകദേശം 2800 രൂപയാണ്.

## പ്രാർത്ഥന വിഷയങ്ങൾ

1. ഹനുമാൻഘട്ടിൽ ധാരാളം സ്വതന്ത്ര ദൈവവേലക്കാരുണ്ട്. ഇവർ ദുരുപദേശങ്ങൾ പരത്തുകയും വിശ്വാസികളെ മോഷ്ടിക്കുകയും ചെയ്യുന്നു.
2. ക്രിസ്ത്യനിത്വത്തെ കുറിച്ചുള്ള തെറ്റിദ്ധാരണകൾ പൂർണ്ണമായി നീങ്ങേണ്ടതിനായി പ്രാർത്ഥിക്കുക
3. വിവാഹ സംബന്ധമായ പ്രശ്നങ്ങൾ
4. കുടുംബാംഗങ്ങളിൽ നിന്നും സമുദായത്തിൽ നിന്നും വിശ്വാസികൾ അഭിമുഖീകരിക്കുന്ന എതിർപ്പുകൾ


**FINANCE DEPARTMENT**

**FMPB Bank Account details for sending the offering through online transaction**




A/c Name: **FRIENDS MISSIONARY PRAYER BAND**

**ICICI** - A/c No. 602701216912 - IFS Code ICIC0006027 - Branch: Anna Nagar

**ICICI Bank UPI ID: fmpb01@icici**

**SBI** - A/c No. 10402752621 - IFS Code SBIN0000987 - Branch: Ambattur

**Indian Bank** - A/c No. 406157474 - IFS Code IDIB000A599 - Branch: Vijayalakshmipuram, Ambattur

Kindly contact us: **finance@fmpb.org, WhatsApp: 7904648270**

**QR Code**

**facilities to send your offertory**

**Kindly avail the BARCODE facility also to send your offertory to the ministries of FMPB.**

# പിന്തുടരേണ്ട കാൽപാടുകൾ



## ആലീസ് ബ്രൗവർ
(1938 - 2024)

കുഷ്ഠം, ക്ഷയം, പോളിയോ എന്നീവനിർമ്മാർജ്ജനംചെയ്യുന്നതിനു തന്റെ ജീവിതത്തിലെ 60 ത്തിലധികം വർഷം അമ്പൂരിൽ സമർപ്പിച്ച അമേരിക്കൻ മിഷനറി ആലീസ് ബ്രൗവറിന്റെ സംസ്കാരം വ്യാഴാഴ്ച ബഥസ്ത ആശുപത്രി വളപ്പിൽ നടന്നു. വാർദ്ധക്യ സഹജമായ കാരണങ്ങളാൽ 2024 സെപ്റ്റംബർ 30 ന് 87-ാം വയസ്സിൽ പ്രവർത്തന രഹിതമായ ആശുപത്രി കാമ്പസിലെ ബംഗ്ലാവിൽ വെച്ചു ബൗവർ അന്തരിച്ചു.

1925 ൽ യുണൈറ്റഡ് സ്റ്റേറ്റിൽ നിന്നും മിഷനറിയായ വന്ന റിച്ചാർഡ് ഹെന്റിയുടെ നാലാമത്തെ പൈതലായി ബ്രൗവർ 1938 ൽ ജനിച്ചു. അദ്ദേഹം നാഗർകോവിലിൽ താമസിച്ച് കോൺകോർദിയ തീയോളജിക്കൽ സെമിനാരിയിൽ (CTSN) പഠിപ്പിക്കുകയും മിഷനറിയായി പ്രവർത്തിക്കുകയും ചെയ്തു. ആലീസ് തന്റെ വിദ്യാഭ്യാസം കുന്നൂറിലും ഊട്ടിയിലും നടത്തിയിട്ട് വൈദ്യ ശാസ്ത്ര പഠനത്തിനായി യു എസിലേക്കു പോയി.

അവൾ ഇന്ത്യയിലേക്കു തിരികെ വന്നു ഇന്ത്യൻ ഇവാൻജലിക്കൽ ലൂഥറൻ സഭയുടെ (IELC) കീഴിൽ ആമ്പൂറിലുള്ള ബഥസ്ത ആശുപത്രിയിൽ സേവനം അനുഷ്ഠിച്ചു. ആ മേഖലയിലെ ദാരിദ്ര്യവും മോശം ആരോഗ്യസ്ഥിതിയും അവളെ വല്ലാതെ സ്വാധീനിച്ചു. യു എസ് അസ്ഥാനമായുള്ള മിസോറി സിനഡ് മിഷനറി സൊസൈറ്റി നിയോഗിച്ച ഗൈനക്കോളജിക്കൽ ഡോക്ടറായി ജോലി ചെയ്യുവാൻ അവർ തീരുമാനിച്ചു. 1968 മുതൽ രോഗികളും സാധുക്കളും അശരണരും ആവശ്യക്കാരുമായ ആളുകളെ സന്ധിക്കുവാനും അവർക്കു ആവശ്യമായ വൈദ്യസഹായം നൽകിയതിനൊപ്പം യേശുക്രിസ്തുവിന്റെ സുവിശേഷം പങ്കുവെക്കുവാനും തുടങ്ങി. അന്നു മുതൽ ജീവതാവസാനം വരെ ആശുപത്രിയുടെ കാമ്പസിൽ ജീവിച്ചു.

ആറു ദശാബ്ദങ്ങൾ നീണ്ടു നിന്ന ആലീസിന്റെ പ്രവർത്തനം 60 ഗ്രാമങ്ങളിലെ ജനങ്ങളെ സ്പർശിക്കുകയും പ്രാദേശിക സമൂഹത്തിലെ അനേകരുടെ ജീവിതങ്ങളിൽ രൂപാന്തരം വരുത്തുകയും ചെയ്തു.

ചിക്കൻപോക്സ്, വില്ലൻ ചുമ, കോളറ, പോളിയോ തുടങ്ങിയ പകർച്ച വ്യാധികൾ പൊട്ടിപ്പുറപ്പെട്ടപ്പോൾ രോഗികൾക്കു പരിചരണം നൽകി കൊണ്ട് ആലീസ് ആമ്പൂരിലെ ജനങ്ങൾക്ക് പ്രതീക്ഷയുടെ വിളക്കായി തീർന്നു. പ്രതിരോധ കുത്തിവെയ്പ്പു പദ്ധതികളുടെ ശൈശവ കാലത്തു ആമ്പൂരിലും വാളിയമ്പാടിയും പ്രതിരോധ കുത്തിവെയ്പ്പിന്റെ പ്രചാരകയായി നിന്നു പ്രതിരോധ പരിപരണത്തിന്റെയും കുട്ടികളുടെ ആരോഗ്യ സംരക്ഷണത്തിന്റെയും അവശ്യകത ജനങ്ങളെ ഉപദേശിച്ചു ബോധവാന്മാരാക്കിയ ആലിസിന്റെ പ്രവർത്തന ശൈലി പിന്തുടരേണ്ട മാതൃകയാകുന്നു.

അമ്പൂരിന്റെ "മദർ തെരസ", "ബ്രൗവർ അമ്മ," "മിസ്സിയാമ്മ" എന്നിങ്ങനെ സ്നേഹപൂർവ്വം വിളിക്കപ്പെടുന്ന ആലീസിന്റെ ദീനാനുകമ്പയും ദയയും പ്രസിദ്ധമാകുന്നു. ആലിസ് ഗ്രാമങ്ങളിലൂടെ ജീപ്പ് ഓടിച്ചു വരുന്നതു കണ്ടാൽ തന്നെ രോഗം പരത്തുന്ന ദുരാത്മക്കളിൽ നിന്ന് രക്ഷപ്പെടാമെന്ന് നാട്ടുകാർ വിശ്വസിച്ചിരുന്നു.

പരിശീലനം ലഭിക്കാത്ത സൂതികർമ്മികളാലും വഞ്ചകന്മാരാലും ഉണ്ടാകുന്ന അപകടങ്ങളെ പ്രതിരോധിക്കുന്നതിനു പ്രസവം ആശുപത്രികളിൽ നടത്തുവാൻ ജനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനു ആലീസ് ശ്രദ്ധ ചെലുത്തി. നവജാത ശിശുക്കളുടെ ആരോഗ്യ പരിപാലനത്തെയും പ്രസവാനന്തര പരിചരണത്തെയും അവൾ പ്രോത്സാഹിപ്പിച്ചു. പ്രതിരോധ കുത്തിവെയ്പിനെ കുറിച്ചുള്ള അവബോധം പ്രചരിപ്പിക്കുകയും ചെയ്തു. തുടക്കത്തിൽ സമൂഹത്തിൽ നിന്നും അവിശ്വാസവും വിമുഖതയും നേരിട്ടെങ്കിലും എതിർപ്പുകൾ അവഗണിച്ചു അവൾ നിരന്തരം നടത്തിയ ശ്രമങ്ങൾ ഫലം കണ്ടു. അഞ്ചു വർഷത്തിനുള്ളിൽ ആശുപത്രിയിലേക്കു കടന്നു വരുന്ന രോഗികളുടെ എണ്ണം വർദ്ധിച്ചു. ചെറുതെങ്കിലും സമർപ്പിതരായ ഒരു സംഘം പ്രവർത്തകർ അവളുടെ ദൗത്യത്തെ സഹായിച്ചു.

അവളുടെ അനുകമ്പ മനുഷ്യർക്കു പുറത്തേക്കും വ്യാപിച്ചു. ഒരിക്കൽ ഒരു നാടോടി ഒരു മയിലിന്റെ മുട്ട വിൽക്കുവാനായി അവളെ സമീപിച്ചു. അവൾ അതു വാങ്ങി തന്റെ കോഴിക്കു കീഴെ അടവെച്ചു വിരിച്ചു. ആ മയിലിനു അവൾ ഇന്ദുമതി എന്നു പേരുമിട്ടു. അവൾ ഒരു കൂട്ടം നായ്ക്കളെയും പരിപാലിച്ചിരുന്നു. ഓരോന്നിനെയും അവൾ പേരിട്ടു വിളിക്കുകയും ഓരോന്നിനോടും സ്നേഹത്തോടെ പെരുമാറുകയും ചെയ്തു.

ആലിസന്റെ കൂടെ 1972 മുതൽ 1974 വരെ പ്രവർത്തിച്ച എമിലിൻ ചന്ദ്ര തന്റെ അനുശോചന സന്ദേശത്തിൽ അവളെ വിശേഷിപ്പിച്ചത്, "സാധുക്കളെയും അശരണരെയും ആവശ്യക്കാരെയും കുട്ടികളെയും രോഗികളെയും മരണത്തോടടുത്തവരെയും സേവിക്കുന്ന മനോഹരമായ ദൈവീക ജീവിതം നയിച്ച വ്യക്തിയാകുന്നു. അവൾ സ്വന്ത കുടുംബത്തെ ഉപേക്ഷിച്ചു ആമ്പൂരിലെ ഓരോ വ്യക്തിയെയും ദത്തെടുത്തു."

ആലീസ് ലൂഥറൻ ചർച്ച് മിസ്സൗരി സിനഡിന്റെ (LCMS) മിഷനറി പ്രവർത്തനത്തിൽ നിന്നും 2003 ൽ തന്റെ 75-ാമത്തെ വയസ്സിൽ വിരമിച്ചു. എന്നാൽ ബഥെസ്ത ആശുപത്രിയിൽ പാർട്ട് ടൈമായി ജോലി ചെയ്തു. 2017 ലെ വീഴ്ചയെ തുടർന്നു ചക്രകസേരയിൽ ഇരിക്കേണ്ടി വന്നെങ്കിലും അവൾ നവജാത ശിശുക്കളെയും അമ്മമാരെയും സഹായിക്കുന്നതിൽ പ്രതിബദ്ധത പുലർത്തി.

അവളുടെ ജീവിതവും സ്നേഹത്തിന്റെയും വിശ്വാസത്തിന്റെയും സേവനത്തിന്റെയും ശേഷിപ്പിച്ച പൈതൃകം അവളെ അറിയുന്ന എല്ലാവരും എന്നാളും സ്മരിക്കും. ●



## പ്രതീക്ഷയും പിന്തുണയും നൽകുന്നു

# വയനാട് ദുരന്തത്തെ അതിജീവിച്ചവർ

വയനാടിലെ ഉരുൾ പൊട്ടൽ വലിയൊരു ദേശീയ ദുരന്തമായിരുന്നു. 2024 ജൂലൈ 30 ന് അർദ്ധരാത്രി കഴിഞ്ഞ വേളയിൽ തുടർമാനമായുണ്ടായ രണ്ടു ഉരുൾപൊട്ടലുകൾ വ്യാപകമായ നാശത്തിനു കാരണമായി. ഉറങ്ങിക്കിടക്കുന്ന വേളയിൽ നൂറു കണക്കിനു ആളുകളുടെ ജീവൻ ദാരുണമായി നഷ്ടപ്പെട്ടു. ഈ ദുരന്തം കേരള സംസ്ഥാനത്തെയും വയനാട് ജില്ലയെയും മേപ്പാടി പഞ്ചായത്തിനെയും മുണ്ടക്കൈ, സൂരൽമല ഗ്രാമങ്ങളെയും നാശത്തിലാക്കി.

ദൈവത്തിന്റെ കൃപയാൽ ബാധിക്കപ്പെട്ട സ്ഥലത്തു പെട്ടെന്നു പോകുന്നതിനും ബാധിക്കപ്പെട്ടവരുടെ അടിയന്തിര ആവശ്യങ്ങൾക്കു നമ്മളാൽ ആവോളം സഹായിക്കുവാനും സാധിച്ചു. ഡിസംബർ 16 ന് റവ. തോമസ് മാത്യു, റവ. ഏബ്രഹാം തോമസ്, റവ. ബാബു പി, റവ. ഗോൾഡൻ ഇമ്പരാജ് എന്നിവരടങ്ങിയ സംഘം ആ പ്രദേശത്തു പോയി ബാധിക്കപ്പെട്ട ചില കുടുംബങ്ങളെ സന്ദർശിക്കുകയും ചെയ്തു. FMPB സ്വരൂപിച്ച നാലു ലക്ഷം രൂപ ദുരിത ബാധിതരായ 30 കുടുംബങ്ങളുടെ അടിയന്തിര ആവശ്യങ്ങൾ പരിഹരിക്കത്തക്ക വിധത്തിൽ സഹായിക്കുവാൻ സാധിച്ചു.



പാർപ്പിടവും വസ്തു വകകളും നഷ്ടപ്പെട്ടവരുടെ ആവശ്യങ്ങൾ സന്ധിക്കപ്പെടേണ്ടതിനും ഉറ്റവരെയും ഉടയവരെയും നഷ്ടപ്പെട്ടവർ യേശുക്രിസ്തുവിൽ ആശ്വാസവും പ്രത്യാശയും പ്രാപിക്കേണ്ടതിനായും പ്രാർത്ഥിക്കുക.

**റവ. ഗോൾഡൻ ഇമ്പരാജ്** – സെക്രട്ടറി, മൊബലൈസേഷൻ, മലബാർ റിജീയൻ

# 1
## ഫെബ്രുവരി

**ശനി**

**ജന്മദിനാശംസകൾ**

ബഞ്ചമിൻ ജ്യോതി,
അരോൺസിങ് നർസാരി,
ശങ്കർ എം, കാന്തി ദേവി ശിവശങ്കർ

## ജമ്മു കാശ്മീർ

**സാമ്പ : അയ്യനാർ ഡേവിഡ് & മാൻപ്രീത് കൗർ**

മൂന്നു ഗ്രാമങ്ങളിലുള്ള 750 പേർ സുവിശേഷം ശ്രവിച്ചു. 15 പുതിയ നിയമങ്ങൾ വിതരണം ചെയ്തു. മിഷനറിയുടെ മാതാവ് മാറിടത്തിൽ ബാധിച്ച കാൻസറിനാൽ കഷ്ടപ്പെടുന്നു. കീമോതെറാപ്പിക്കു വിധേയയാകുന്നു. പഞ്ചത്തല, റൈർപൂർ എന്നീ ഗ്രമങ്ങളിൽ നിന്നും കുടിയേറി വന്നവരും രാഖ ഗ്രാമത്തിൽ നിന്നും വന്നവരും സുവിശേഷത്തോടു താൽപര്യം കാണിക്കുന്നു. കൂട്ടാഹ് ഗ്രാമത്തിലെ ശിവകുമാർ, റീത്ത, അനു, സോമിയ എന്നിവർ പൈശാചിക ബന്ധനത്തിൽ നിന്നും മുക്തരായി. വേദപഠന ക്ലാസ്സിലും സ്ത്രീകളുടെ പ്രാർത്ഥനക്കൂട്ടത്തിലും വിശ്വാസികൾ ക്രമമായി പങ്കെടുക്കുന്നു. കൂട്ടാഹ്, ചക്മാങ്ക എന്നീ ഗ്രാമങ്ങളിലെ സഭാമൂപ്പന്മാർ അവരുടെ ഗ്രാമത്തിലുള്ളവരോടു സുവിശേഷം പങ്കുവെക്കുന്നതിനു സഹായിക്കുന്നു.

സാമ്പ ജില്ലയിലുള്ള ഹീരാനഗർ, ഗാഗ്വാൾ, പൊങ്വാൾ, രാജ്പുര എന്നീ ഗ്രാമങ്ങളിലും സമീപ ഗ്രാമങ്ങളിലും സുവിശേഷത്തിന്റെ വാതിൽ തുറക്കണ്ടതിനും സുവിശേഷത്തോടു താൽപര്യം ഉരുവാക്കേണ്ടതിനുമായി പ്രാർത്ഥിക്കുക. മഹാഷ, രാജ്പുട്, റാംദാസി എന്നീ ജാതിക്കൂട്ടങ്ങളിലുള്ളവർ യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. കൂട്ടാഹ് ഗ്രാമത്തിലെ ഞായറാഴ്ച ആരാധന നിർത്തുവാൻ ശ്രമിക്കുന്നവരുടെയും സാമ്പ പ്രദേശത്തെ ശുശ്രൂഷയെ എതിർക്കുന്നവരുടെയും മാനസാന്തരത്തിനായി പ്രാർത്ഥിക്കുക. പഞ്ചത്തല ഗ്രാമത്തിലെ പുതിയ സ്നേഹിതർ ക്രിസ്തീയ വിശ്വാസത്തിൽ വളരേണ്ടതിനായി പ്രാർത്ഥിക്കുക. പൈശാചിക ബന്ധനത്തിൽ നിന്നും സോണിയയും ജന്മനാ മൂകനായ കഞ്ചനും വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഗ്രാമത്തിൽ സുവിശേഷം അറിയിക്കുവാൻ ഗ്രാമത്തലവൻ അനുവദിക്കേണതിനായി പ്രാർത്ഥിക്കുക.

**ആർ എസ് പുര**

**ലുൻജലാൽ സോങ്താറ്റ് & മേരി നെഗൈയ്കിം ഖോങ്സായി**

ജണ്ഡാൽ ഗ്രാമത്തിൽ ഞായറാഴ്ച ആരാധന യോഗം നടത്തുന്നതിനു ബോബി കുമാർ തന്റെ ഭവനം തുറന്നു നൽകി. ജണ്ഡാൽ ഗ്രാമത്തിൽ നിന്നു നാലു കുടുംബവും സക്രാണി ഗ്രാമത്തിൽ നിന്നു ഒരു കുടുംബവും യേശുവിനെ രക്ഷിതാവായി സ്വീകരിച്ചു. കുലിയോൺ, അകർസാക് എന്നീ ഗ്രാമങ്ങളിൽ സംഘടിപ്പിച്ച ക്രിസ്തുമസ് പ്രോഗ്രാമിൽ സംബന്ധിച്ച അക്രൈസ്തവരോടു സുവിശേഷം പങ്കുവെച്ചു.

ആർ എസ് പുരം ഗ്രാമത്തിൽ ദൈവാലയം പണിയുന്നതിനു ആവശ്യമായ വസ്തുവും ജനങ്ങളുടെ സഹകരണവും ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. പിന്മാറ്റത്തിലായ പ്രസാദ്, ഗാന്ധി, സഹിൽ, വിജയ്, പ്രീയ, ജാനു എന്നിവർ വിശ്വാസത്തിലേക്കു തിരികെ വരേണ്ടതിനായി പ്രാർത്ഥിക്കുക. നോഹ, റീയ, ധാനു, ശോഭ, റാം, സുനിത എന്നിവർ സാക്ഷ്യമുള്ള ജീവിതം നയിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

# 2
## ഫെബ്രുവരി

**ഞായർ**

***ജന്മദിനാശംസകൾ***

വസന്ത റാണി ജോർജ്,
റോസില മോസഹാരി,
ജോയ്സ് ശോഭന ജെ,
മർക്കൂസ് മാൾട്ടോ ആർ,
മാനിനി ബബർത്ത,
ജോസഫ് കൃപാകരൻ എസ്

## ഹിമാചൽ പ്രദേശ്

### റാമ്പൂർ : ദൗ ജപാവോ ഗുയിതെ & ഫ്ളോറൻസ് ലാമുവങ്

നാലു ഗ്രാമങ്ങളിൽ നടത്തിയ ക്രിസ്തുമസ് പ്രോഗ്രാം അനുഗ്രഹമായിരുന്നു. മത ഭ്രാന്തന്മാർ ആ പ്രോഗ്രാമിനെ അലങ്കോലമാക്കുവാൻ പദ്ധതിയിട്ടെങ്കിലും അതിൽ സംബന്ധിച്ചവർ എല്ലാവരും അനുഗ്രഹം പ്രാപിച്ചു. 11 ഗ്രാമങ്ങളിൽ നടത്തിയ അനുധാവന പ്രവർത്തനം, സുവിശേഷീകരണ പ്രവർത്തനം, ഫിലിം പ്രദർശനം എന്നിവകളിലൂടെ 830 വ്യക്തികൾ സുവിശേഷം ശ്രവിച്ചു. മൂന്നു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. ദൈവാലയ വസ്തുവിന്റെ ഉടമയായ ശ്യാമി ദേവിയുടെ കണ്ണിന്റെ ശസ്ത്രക്രീയ വിജയകരമായിരുന്നു.

ചാന്തി ദേവിയും ഭർത്താവ് ചെത്രാമും നമ്മുടെ വിശ്വാസികളെ വഴി തെറ്റിക്കുന്നു. ഇവർ ഈ ദുഷിച്ച പ്രവർത്തനത്തിൽ നിന്നും അനുതപിച്ച് പിൻമാറേണ്ടതിനായി പ്രാർത്ഥിക്കുക. കഷ്പന്ത് ഗ്രാമത്തിലെ ദൈവാലയ നിർമ്മാണത്തിനു പ്രദേശിക അധികാരികളിൽ നിന്നും അനുവാദം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഭാവ്ദീപ്, തേജ്രാജ്, രത്തൻ എന്നിവർ മദ്യാസക്തിയിൽ നിന്നും മുക്തരാകേണ്ടതിനായി പ്രാർത്ഥിക്കുക. സന്തോഷ് മീനറാം എന്നിവർ വിശ്വാസത്തിൽ വളരേണ്ടതിനായി പ്രാർത്ഥിക്കുക.

### കർസോങ്

### പവൻ കുമാർ & പ്രഭാഷിണി ദേവി

ബസന്ത്പൂർ, പൽയാട് എന്നീ ഗ്രാമങ്ങളിൽ ക്രിസ്തുമസ് പ്രോഗ്രാം സംഘടിപ്പിച്ചു. 30 പേർ സംബന്ധിച്ചതിൽ എട്ടു പേർ തങ്ങളുടെ ജീവിതത്തെ ക്രിസ്തുവിനായി സമർപ്പിച്ചു. പൽയാട് ഗ്രാമത്തിലെ അഞ്ചു പേർ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. ക്രിസ്തുമസിനു രണ്ടു ദിവസം മുമ്പു വരെ ശക്തമായ മഴയായിരുന്നു. എന്നാൽ ക്രിസ്തുമസ് ദിവസം ദൈവം അനുകൂലമായ കാലവസ്ഥ നൽകി. അനുഗ്രഹിച്ചു. നാലാം ഘട്ട കാൻസർ രോഗിയായ നാനാക് ചന്ദ് ഒരു മാസം കൂടി മാത്രമേ ജീവിക്കയുള്ള എന്നു ഡോക്ടറന്മാർ വിധി പറഞ്ഞെങ്കിലും പ്രാർത്ഥനയുടെ ഫലമായി അദ്ദേഹം ഇപ്പോൾ നാലു മാസം കടന്നു ആരോഗ്യത്തോടിരിക്കുന്നു.

അഞ്ജു ദേവിയുടെ വൃക്കയിലുണ്ടായ കല്ല് ശസ്ത്രക്രീയയിലൂടെ നീക്കം ചെയ്യേണ്ടതിനായി പ്രാർത്ഥിക്കുക. ബസന്തപൂർ ഗ്രാമത്തിലെ മീര ദീർഘനാളുകൾ പിന്മാറ്റത്തിലായിരുന്നു. അവർ മാനസാന്തരപ്പെട്ടു ക്രിസ്തുവിങ്കലേക്കു തിരികെ വരേണ്ടതിനായി പ്രാർത്ഥിക്കുക. മിഷനറിയുടെ മകൾ എയ്ഞ്ചലിനു ഗ്രേസ് അക്കാഡമി സ്കൂളിൽ പ്രവേശനം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഈ പ്രദേശത്തുള്ള ജനങ്ങൾ പുറമെയുള്ളവരെ സ്വീകരിക്കാത്ത സ്ഥിതിയിൽ ദൈവം ഒരു പ്രാദേശിക സുവിശേഷകനെ നൽകേണ്ടതിനായി പ്രാർത്ഥിക്കുക.

## 3
## ഫെബ്രുവരി

**തിങ്കൾ**

**ജന്മദിനാശംസകൾ**

മുരുകമ്മാൾ @ എസ്ഥേർ

### അന്നി

**ജിൻ സ്വാം & ചിങ് ഹോയ്കിം**

ദൈവത്തിന്റെ കൃപയാൽ തടസ്സങ്ങളില്ലാതെ ക്രിസ്തുമസ് പ്രോഗ്രാം നടത്തി. 250 പേർ സുവിശേഷം ശ്രവിച്ചു. റോഡപകടത്തിൽ ദൈവം മിഷനറിയെ അത്ഭുതകരമായി പരിപാലിച്ചു. മമത, പ്രേമ എന്നിവർ പുതുതായി നമ്മുടെ ആരാധനയിൽ സംബന്ധിക്കുന്നു. നിബന്ധനകളില്ലാതെ ക്രിസ്തുമസ് പ്രോഗ്രാം നടത്തുവാൻ സബ്ബ് ഡിവിഷണൽ ജഡ്ജി അനുവാദം നൽകി. വിഷാദ രോഗത്തിൽ നിന്നു മാനിഷിനു മരുന്നിനാലും പ്രാർത്ഥനയാലും കർത്താവ് സൗഖ്യം നൽകി.

ഞരമ്പുകളിൽ രക്തയോട്ടം സംബന്ധമായ രോഗത്തിൽ നിന്നും വിനിത സുഖം പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. നമ്മുടെ പുതിയ സ്നേഹിതരായ മമത, വിജയ് എന്നിവരുടെ കുടുംബ പ്രശ്നം പരിഹരിക്കപ്പെടേണ്ടതിനായി പ്രാത്ഥിക്കുക. മമതയുടെ മകൾ മാൻവിയുടെ നേത്രരോഗം സൗഖ്യമാകേണ്ടതിനായി പ്രാർത്ഥിക്കുക. അപ്രതിക്ഷിതമായി മരണങ്ങൾ സംഭവിക്കുന്ന ബണ്ഡാൽ പ്രദേശത്തുള്ള ജനങ്ങൾ അതിൽ നിന്നും മുക്തി പ്രാപിച്ചു ക്രിസ്തു യേശുവിൽ പ്രത്യാശ കണ്ടെത്തേണ്ടതിനായി പ്രാർത്ഥിക്കുക. പ്രേമ ദേവിക്കു മക്കൾ ജനിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ശ്യാംലാൽ, മോൻലാൽ, പ്യാരലാൽ, ദേവ മണി, ശിവറാം എന്നിവർ കുടുംബമായി യേശുവിൽ വിശ്വസിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### രൊഹ്റു

**ജോൺസൺ ശങ്കർ & ജപറാണി**

അഞ്ചു ആരാധനക്കൂട്ടങ്ങളിൽ ക്രിസ്തുമസ് പ്രോഗ്രാം നടത്തി. ജീപ്പ് ടീമിന്റെ സഹായത്തോടെ 12 ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. വൃക്ക സംബന്ധമായ രോഗത്താൽ ഡയാലിസിസ് ചെയ്യണമെന്നു ഡോക്ടറന്മാർ ആവശ്യപ്പെട്ടെങ്കിലും ധ്യാലൻ ദേവി പ്രാർത്ഥനയാൽ സുഖം പ്രാപിച്ചു. വടിയുടെ സഹായത്താൽ മാത്രം നടന്നിരുന്ന റോഷ ലാൽ പ്രാർത്ഥനയാൽ വിടുതൽ പ്രാപിച്ചു. മോട്ടർ സൈക്കിൾ അപകടത്തിൽ നിന്നും രജ്ജീഷ് ഭായി രക്ഷപ്പെട്ടു. 75 വയസ്സുള്ള നർമ്മി ഭായി രോഗത്തിൽ സൗഖ്യം പ്രാപിച്ചതിനെ തുടർന്നു കുടുംബം മുഴുവൻ യേശുവിൽ വിശ്വസിക്കുവാൻ തുടങ്ങി.

അക്കൻഷ, കൽപന എന്നിവർ പൈശാചിക ബന്ധനത്തിൽ നിന്നും വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഉദരത്തിൽ ട്യൂമർ ബാധിച്ച ന്യാരുവിനെ കർത്താവ് സൗഖ്യമാക്കേണ്ടതിനായി പ്രാർത്ഥിക്കുക. കിഷ്നു, ജഗദ, അരകോട്, ധാര, സാത്തസരജ്, ദെവ്ലി എന്നീ ഗ്രാമങ്ങളിൽ സുവിശേഷം അറിയിക്കുവാൻ അവസരം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. സന്ദിപും കുടുംബവും യേശുവിനെ പങ്കുവെച്ചതു ശ്രവിച്ച ഒരു യൗവ്വനക്കാരൻ പൈശാചിക ബന്ധനത്തിൽ നിന്നും വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഡാൽഗൗൺ ഗ്രാമത്തിലെ ഭുണ്ട മേളക്കു ഓരോ കുടുംബവും ധാരാളം പണം അനാചാരത്തിനു ചിലവിടുന്നു. ഇവർ സത്യം മനസ്സിലാക്കി യേശുക്രിസ്തുവിൽ വിശ്വാസം അർപ്പിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

# 4
## ഫെബ്രുവരി

**ചൊവ്വ**

**ജന്മദിനാശംസകൾ**

ജപകുമാർ പി

**നെർവ : ഇമ്മാനുവേൽ ജീബ & സംഗീത ജസിന്ത**

നേർവ മിഷൻ വയൽ ശക്തമായ എതിർപ്പിന്റെ മദ്ധ്യത്തിലും നിലനിർത്തുവാൻ കർത്താവ് കൃപ നൽകി. ഭരാണു, ഭങ്കാൾ എന്നീ ഗ്രാമങ്ങളിൽ ക്രിസ്തുമസ് ആരാധന നടത്തി. ഈ യോഗങ്ങളിൽ കുറച്ചു പേർ സംബന്ധിച്ചു. ക്രിസ്തുമസ് പ്രോഗ്രാമിൽ പങ്കെടുത്ത വിശ്വാസികൾ ഞായറാഴ്ച ആരാധനയിൽ ക്രമമായി സംബന്ധിക്കാമെന്ന ഉറപ്പു നൽകി.

എതിർപ്പുകൾ നേരിടുന്ന വിശ്വാസികൾ വിശ്വാസത്തിൽ ഉറച്ചു നിൽക്കേണ്ടതിനും ക്രമമായി ആരാധനയിൽ സംബന്ധിക്കുന്നതിനുള്ള ധൈര്യം സംഭരിക്കേണ്ടതിനുമായി പ്രാർത്ഥിക്കുക. ഭാറുനു, ബങ്കാൽ, അതാൽ എന്നീ സഭകൾ യഥാസ്ഥാനപ്പെടേണ്ടതിനും അവരുടെ മദ്ധ്യെ ആത്മീക ഉണർവ്വുണ്ടാകേണ്ടതിനുമായി പ്രാർത്ഥിക്കുക. വിശ്വാസികൾ ദുരുപദേശത്തിൽ വീഴാതിരിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

**തണെധാർ**

**ജപർസൺ ബി & ഗായത്രി സി**

എട്ടു ഗ്രാമങ്ങളിൽ ക്രിസ്തുമസ് കരോൾ സംഘടിപ്പിച്ചു. ഗാനങ്ങളിലൂടെയും വചനത്തിലൂടെയും യേശു ക്രിസ്തുവിന്റെ ജനനം എന്ന സുവാർത്ത ജനങ്ങളെ അറിയിച്ചു. അതിശൈത്യത്തിന്റെ മദ്ധ്യത്തിലും വിശ്വാസികൾ ആവേശത്തോടെ ആരാധന യോഗത്തിൽ സംബന്ധിക്കുന്നു.

പുതുതായി സുവിശേഷം പ്രഘോഷിച്ച ജാൽദി ഗ്രാമത്തിലുള്ളവർ യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനും ആത്മീക ഉണർവ്വ് പ്രാപിക്കേണ്ടതിനുമായി പ്രാർത്ഥിക്കുക. ഗർഭാശയ സംബന്ധമായ രോഗത്താൽ വളരെ ബലഹീനയായിരിക്കുന്ന മജ്ജുവിന്റെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. യേശുവിനെ രക്ഷിതാവായി സ്വീകരിച്ചതിനു ശേഷം കപിലിന്റെ കുടുംബം ഒരുമിച്ചു ജീവിക്കുവാൻ തുടങ്ങി. ശൈത്യ കാലത്തു വിബിഎസ് സംഘടിപ്പിക്കുന്നതിനു അനുകൂലമായ സ്ഥലവും ജനങ്ങളുടെ സഹകരണവും ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

**മരിച്ചവൻ ഉയിർത്തെഴുന്നേറ്റു!!**

ഹരിയാനയിൽ ജീവൻ നഗർ ബേസിന്റെ ഇടത്താവളമായ സാന്റ് നഗറിൽ ഡിസംബർ 21 നടത്തുന്ന ക്രിസ്തുമസ് പ്രോഗ്രാമിന്റെ ക്രമീകരണങ്ങൾ നടക്കുന്നു. സാഹാബ് യാർഡിൽ ഒരു കൂടാരം അടിച്ചു. മൈക്ക് സെറ്റുകൾ ക്രമീകരിച്ചു. ഭക്ഷണം പാചകം ചെയ്യുന്നതിനുള്ള ഒരുക്കങ്ങളും പൂർത്തീകരിച്ചു. ഇങ്ങനെയിരിക്കെ ഡിസംബർ 20 ന് അയൽക്കാരനും വിശ്വാസിയുമായ ജോഗന്ദീർ സിങ് പെട്ടെന്നു രോഗിയായി. അമിത രക്തസ്രാവം നിമിത്തം അവനെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. അവന്റെ കുടുംബം അവൻ മരിച്ചു പോയതായി അറിയിച്ചു. ഹൃദയഭേദകമായ ആ വാർത്ത കേട്ടു വിശ്വാസികളും മിഷനറിമാരും ഒരുമിച്ചു കൂടി വിശ്വാസത്തോടെ കണ്ണീരോടെ പ്രാർത്ഥിച്ചു. ദൈവം അവരുടെ പ്രാർത്ഥന കേട്ടു. അവരെ ആശ്ചര്യപ്പെടുത്തുമാറ് ദൈവം ജോഗന്ദീറിന്റെ ജീവൻ തിരികെ നൽകി. തത്ഫലമായി ക്രിസ്തുമസ് വലിയ ആഹ്ലാദത്തോടും സന്തോഷത്തോടും കൂടി ദൈവനാമ മഹത്വത്തിനായി നടത്തി. ഹല്ലെലുയ്യ!

# 5

## ഫെബ്രുവരി

ഉപവാസ പ്രാർത്ഥന ദിനം

**ബുധൻ**

**ജന്മദിനാശംസകൾ**

അർപ്പുതം സെൽവി
ദൈവനായകം ശമുവേൽ
അനുഗാമി എക്ക

## പഞ്ചാബ്

### ജൈജത്തോ

**ചിത്തരഞ്ജൻ താണ്ടി & തേജസ്വിത താണ്ടി**

രണ്ടു വ്യക്തികൾ തങ്ങളുടെ പഴയ ജീവിതം ഉപേക്ഷിച്ച് ക്രിസ്തു യേശുവിൽ പുതു ജീവിതം ആരംഭിച്ചു. സത്സാംഗ്, ഏകദിന സമ്മേളനം, സുവിശേഷീകരണ യജ്ഞം എന്നീ പ്രോഗ്രാമിലൂടെ 1260 പേർ സുവിശേഷം ശ്രവിച്ചു. ബസക്കാന, ജൈജത്തോ എന്നീ സഭകളിൽ നടത്തിയ ക്രിസ്തുമസ് പ്രോഗ്രാമിൽ 540 പേർ പങ്കെടുത്തു അനുഗ്രഹം പ്രാപിച്ചു. സരോജിന്റെ ഹൃദയത്തിലെ സുഷിരം ദൈവം അത്ഭുതകരമാം വിധം സൗഖ്യമാക്കി.

സുവിശേഷ വേലയെ ശക്തമായി എതിർക്കുന്ന ബിക്കർ സിങ്, കുൽജിന്ദർ സിങ്, മീനു കൗർ, കരംജിത് കൗർ, കേവൽ സിങ്, നരേശ് കുമാർ, സജ്ജയ കുമാർ എന്നിവർ കർത്താവിന്റെ സ്നേഹം രുചിച്ചറിയേണ്ടതിനായി പ്രാർത്ഥിക്കുക. വിശാൽ കുമാർ, സുരേന്ദർ സിങ് എന്നിവർ പരിശുദ്ധാത്മാവിന്റെ നടത്തിപ്പിൽ വിശ്വസ്തരായി കർത്താവിന്റെ വേല ചെയ്യേണ്ടതിനായി പ്രാർത്ഥിക്കുക. ബസർക്കാനയിൽ പ്രാർത്ഥനക്കൂട്ടം പുനരാരംഭിക്കുന്നതിനു ലഭിച്ച ക്ഷണം പ്രയോഗികമാകേണ്ടതിനായി പ്രാർത്ഥിക്കുക.

### മാൻസ

**ദെബരത്ത വിശ്വാസ് & മന്ന സിങ്**

സത്സാംഗ്, ജീസസ് ഫിലിം പ്രദർശനം, സുവിശേഷീകരണ യജ്ഞം, സ്ത്രീകളുടെയും കുട്ടികളുടെയും യോഗങ്ങൾ എന്നിവകളിലൂടെ 1680 പേർ സുവിശേഷം ശ്രവിച്ചു. ജുൻഹീർ ഗ്രാമത്തിലെ ഒരു വ്യക്തി യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. ദീർഘനാളുകൾക്കു ശേഷം നിക്ക സിങിന്റെ കുടുംബം ദൈവാലയത്തിലേക്കു കടന്നു വന്നു. മാൻസയിൽ നാലു സ്ഥലത്തു ക്രിസ്തുമസ് പ്രോഗ്രാം നടത്തി. സഭാമൂപ്പൻ ഗുരുപ്രീത് സിങിന്റെ മകന്റെ വിവാഹ നിശ്ചയം അനുഗ്രഹകരമായി നടത്തി. സഭാമൂപ്പനായ സുർജിത് സിങിന്റെ അഞ്ചു വർഷമായി കോടതിയിലുണ്ടായിരുന്ന കേസ് വിജയിച്ചു. അനുകൂല വിധിയുണ്ടായി. നീതി നടപ്പാക്കി.

നന്ദഗഡ്, ബജവാല, മാൻസ, കെഞ്ചിയ എന്നിവിടങ്ങളിൽ നടത്തിയ സത്സാംഗ് പ്രോഗ്രാം ഫലം നൽകേണ്ടതിനായി പ്രാർത്ഥിക്കുക. അനേകർ യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഉയർന്ന പ്രമേഹ രോഗത്തെ തുടർന്നു മരിച്ചു പോയ ജാസ്പൽ സിങിന്റെ കുടുംബാംഗങ്ങളുടെ ആശ്വാസത്തിനായി പ്രാർത്ഥിക്കുക. ഭിന്ന ശേഷിക്കാരിയായ ജന്നി കൗറിനു അവളുടെ ബലഹീനത നിമിത്തം സർക്കാർ ജോലിക്കു പോകുവാൻ കഴിയുന്നില്ല. അവളുടെ ഭർത്താവ് വിവാഹ മോചനത്തിനു അവൾക്കു നോട്ടീസ് നൽകിയിരിക്കുന്നു. ദൈവം അവളെ കരുതേണ്ടതിനായി പ്രാർത്ഥിക്കുക. യേശുവിനെ രക്ഷിതാവായി സ്വീകരിച്ചവർ ആത്മീക അഭിവൃദ്ധി പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

# 6

## ഫെബ്രുവരി

**വ്യാഴം**

### ജന്മദിനാശംസകൾ

പാട്രിക്ക തമിഴ് സെൽവി,
ഹമോം നാബ സിങ്

### അഹമ്മദ്ഘട് മാന്ദി

**കൃപ രക്ഷണ ബരെ & ഷെക്കീന**

എട്ടു ഗ്രാമങ്ങളിൽ സത്സംഗ് പ്രോഗ്രാമും 10 സ്ഥലത്തു കരോൾ ആരാധനയും രണ്ടു ഗ്രാമങ്ങളിൽ സുവിശേഷീകരണ പ്രവർത്തനവും സംഘടിപ്പിച്ചതിലൂടെ 1200 പേർ സുവിശേഷം ശ്രവിച്ചു. മൂത്രാശയത്തിലും വൃക്കയിലും കല്ലു രൂപപ്പെട്ടതിനാൽ ഒരു ദശാബ്ദത്തോളം കഷ്ടപ്പെട്ട കമൽജിത് കൗർ, ജാഷൻ എന്നിവരെ കർത്താവ് സൗഖ്യമാക്കി. രോഹിറ ഗ്രാമത്തിലെ സ്ത്രീകളുടെ യോഗം തടസ്സമില്ലാതെ നടക്കേണ്ടതിനായി പ്രാർത്ഥിക്കുക. ക്രിസ്തുമസ് പ്രോഗ്രാം നിമിത്തം 15 അക്രൈസ്തവ കുട്ടികൾ സണ്ടേസ്കൂളിൽ ക്രമമായി സംബന്ധിക്കുന്നു.

നമ്മുടെ കമ്മറ്റിയംഗം ചോട്ടിലാലിന്റെ അമ്മായിയമ്മ ആറു മാസമായി ശയ്യാവലംബയായി കിടക്കുന്നു. അവരുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. ആദ്യ കാല വിശ്വാസികളുടെ ഐക്യതയില്ലായ്മ പുതുതായി ആളുകൾ യേശുവിനെ രക്ഷിതാവായി സ്വീകരിക്കുന്നതിനു തടസ്സമായി നിൽക്കുന്നു. ഇവരുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക. ജന്ദാലി ഗ്രാമത്തിൽ ആരാധനക്കൂട്ടം ഉരുവാക്കേണ്ടതിനായി പ്രാർത്ഥിക്കുക. ധലേറിലെ ആരാധനക്കൂട്ടം ക്രമമായി നടത്തേണ്ടതിനായി പ്രാർത്ഥിക്കുക. യൗവ്വനക്കാരായ വിശ്വാസികൾക്കു അനുയോജ്യരായ ജീവിത പങ്കാളികളെ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

## ഉത്തർഘണ്ഡ്

### ബാസ്പൂർ

**ക്രിസ്ത്യൻ പ്രകാശ് & സുമിത്ര ബൻ**

340 വ്യക്തികൾ ജീവിതത്തിലാദ്യമായി സുവിശേഷം ശ്രവിച്ചു. 18 ഗ്രാമങ്ങളിൽ അനുധാവന പ്രവർത്തനം നടത്തി. 15 പുതിയ നിയമവും നാലു വേദപുസ്തകവും വിതരണം ചെയ്തു. നമ്മുണ്ട ധോരി ഗ്രാമത്തിൽ പുതുതായി ആരാധനക്കൂട്ടം ആരംഭിച്ചു. അഹമ്മദ്ബാദ് ഗ്രാമത്തിലെ പ്രവർത്തനം പുരോഗമിക്കുന്നു. അഞ്ചു സ്ഥലങ്ങളിൽ വിശ്വാസികൾക്കായി രാത്രി യോഗങ്ങൾ സംഘടിപ്പിച്ചു. നെഞ്ചു വേദനയിൽ നിന്നു ഗുലെർസിങും, ക്ഷയ രോഗത്തിൽ നിന്നു ഷോഹിനിയും മദ്യാസക്തിയിൽ നിന്നും മോനിക്കയുടെ ഭർത്താവും മാനസിക രോഗത്തിൽ നിന്നു സുഖ്വിന്ദർ കൗറും വിടുതൽ പ്രാപിച്ചു.

വൃക്ക സംബന്ധമായ രോഗത്താലും മഞ്ഞപിത്തത്തിനാലും വലയുന്ന സൗരോജിന്റെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. പട്ടിയുടെ കടിയേറ്റ സൃഷ്ടിയുടെയും നേത്ര സംബന്ധമായ രോഗത്താൽ വലയുന്ന താനുവിന്റെയും ചെവിക്കു അസുഖം ബാധിച്ച ബബ്ലുവിന്റെയും സൗഖ്യത്തിനായി പ്രാർത്ഥിക്കുക. രേശ്മയുടെ ഗർഭപാത്രം നീക്കം ചെയ്യുന്ന ശസ്ത്രക്രീയ വിജയകരമായി നടത്തി. ഗർഭാശയ സംബന്ധമായ രോഗത്തിൽ നിന്നും കോമൾ വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഉദരത്തിൽ ട്യൂമർ ബാധിച്ച സുഖ്വിന്ദർ കൗറിന്റെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. മയക്കു മരുന്ന് ബോധവത്കരണ ക്ലാസ്സും വയോജന വിദ്യാഭ്യാസ പദ്ധതിയും വിജയകരമായി സംഘടിപ്പിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

# 7

## ഫെബ്രുവരി

**വെള്ളി**

**ജന്മദിനാശംസകൾ**

ദുരൈസ്വാമി കെ ഫ്രാൻസിസ്,
പ്രശാന്ത് മീശല,
പത്മാവതി നായക്,
ധനപുഷ്പം വി, ഹെലൻ മറിയാം ആർ

**നനക്മാട്ട : വി രാമസ്വാമി ജറോം & ആന്റണി രാജം**

നനക്മാട്ട മിഷൻ വയലിലെ എട്ടു ഗ്രാമങ്ങളിൽ ക്രിസ്തുമസ് പ്രോഗ്രാം സംഘടിപ്പിച്ചു. 320 പേർ പങ്കെടുത്തു സുവിശേഷം ശ്രവിച്ചു. വിഷാദ രോഗത്തിനു ഏഴു വർഷമായി മരുന്നു കഴിക്കുന്ന പച്ചെക്കാദ ഗ്രാമത്തിലെ ലൗജോതിനു പ്രാർത്ഥനയാൽ കർത്താവ് പൂർണ്ണ സൗഖ്യം നൽകി. രാം പ്രവാശ് മദ്യാസക്തിയിൽ നിന്നും വിടുതൽ പ്രാപിച്ചു. വിവിധ രോഗങ്ങളാൽ വലയുന്ന സഭാമൂപ്പൻ സത്‌വിന്ദർ സിങ്ങിനു ദിവ്യ സൗഖ്യം ലഭിച്ചു. അദ്ദേഹത്തിനു ക്രിസ്തുമസ് പ്രോഗ്രാം സംഘടിപ്പിക്കുവാനും സാധിച്ചു. ദൈവവചനത്തിന്റെ സഹായത്താൽ അത്മഹത്യ ചിന്തയിൽ നിന്നും വിമൽകുമാർ വിടുതൽ പ്രാപിച്ചു.

പത്തു വർഷത്തിലധികമായി പൈശാചിക ബന്ധനത്തിൽ കഴിയുന്ന പവനയുടെ വിടുതലിനായി പ്രാർത്ഥിക്കുക. മാനസിക രോഗത്താൽ കഷ്ടപ്പെടുന്ന സാസയാനവേദ ഗ്രാമത്തിലെ ജിന്ദേഹർ, ഹർദാസ്പൂർ ഗ്രാമത്തിലെ ശരവണൻ എന്നിവരുടടെ സൗഖ്യത്തിനയി പ്രാർത്ഥിക്കുക. ബസ്കാർ ഗ്രാമത്തിലെ ബൽക്കർസിങ് മദ്യാസക്തിയിൽ നിന്നും വിടുതൽ പ്രാപിച്ചു. 70 വയസ്സുള്ള വിശ്വാസി ത്രിലോക് സിങ് ശ്വസന സംബന്ധമായ പ്രയാസത്തിൽ നിന്നും സൗഖ്യം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

## ഹരിയാന

### ഫത്തെഫാദ്

**എസ് ഡേവിഡ് & ജപ ഗ്രേസ്**

ക്രിസ്തുമസ് കാലത്ത് 2300 പേരോടു സുവിശേഷം പ്രഘോഷിച്ചു. മൂന്നു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. തടസ്സങ്ങളില്ലാതെ ക്രിസ്തുമസിനു സുവിശേഷ പ്രചരണ ജാഥ നടത്തി. ഫത്തെബാദിൽ സുവിശേഷം പ്രസംഗിച്ചു. 28 ഗ്രാമങ്ങളിൽ കരോൾ പ്രോഗ്രാം നടത്തി.

പ്രവർത്തനം വിപുലികരിക്കുന്നതിനായി നമ്മുടെ സഭാമൂപ്പന്മാരായ അനോജ് കുമാർ, അഷറാം, ദേവിലാൽ, വിജയ്, സൻഷാർ ചന്ദ്, രജനി, സുനിൽ, ഭൂപ്, ബാൽക്കർ, മാൻപ്രീത് എന്നിവർക്കു നൽകുന്ന പരിശീലനം വിജയകരമാകേണ്ടതിനായി പ്രാർത്ഥിക്കുക. ഒരു വശം തളർന്നു പോയ ഷൻസർ ചന്ദിന്റെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. അശോക് നഗർ ദൈവാലയത്തിന്റെ വസ്തുവിനു സർവ്വെ നമ്പർ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. നമ്മുടെ സഭാ മൂപ്പൻ പറഞ്ഞത്, ചമാർ സമുദായത്തിലെ 10,000 പേർ സിക്കു മതം അല്ലെങ്കിൽ ക്രിസതു മതം സ്വീകരിക്കുന്നതിനെ കുറിച്ചു സജീവമായി ചിന്തിക്കുന്നു. ഇവരെ സത്യത്തിലേക്കു ദൈവം വഴി നടത്തേണ്ടതിനായി പ്രാർത്ഥിക്കുക. ആത്മാക്കളെ നേടുന്നതിനു ഡിങ്മാണി, പത്‌ലിദബാർ, ദരിയാപൂർ എന്നീ ഗ്രാമങ്ങളിലുള്ള വിശ്വാസികൾ ഉത്സാഹിതരാകേണ്ടതിനായി പ്രാർത്ഥിക്കുക.

# 8

## ഫെബ്രുവരി

**ശനി**

***ജന്മദിനാശംസകൾ***

സിബി സെൽവിൻ സാം
ഗവിത് സുനിതബൻ റാഷിയബായി
രേഖ ചാമ്പിയ

### കലൻവാലി

**വിജയ കുമാർ & ജബല**

രണ്ടു പുതിയ ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. രണ്ടു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. കലൻവാലി, ഉധാൻ, അസെർ എന്നീ ഗ്രാമങ്ങളിൽ നടത്തിയ ക്രിസ്തുമസ് പ്രോഗ്രാമിൽ 1600 പേർ പങ്കെടുത്തു. അവരിൽ 1250 പേർ ജീവിതത്തിൽ ആദ്യമായിട്ടാണ് യേശുവിന്റെ ജനനത്തെ കുറിച്ചു കേൾക്കുന്നത്. വേദപുസ്തക മത്സരത്തിൽ 40 പേർ പങ്കെടുത്തു.

സുവിശേഷം ശ്രവിച്ചവർ യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. അപസ്മാര രോഗത്താൽ വലയുന്ന ജലലാന ഗ്രാമത്തിലെ 22 വയസ്സുള്ള നവദീപിന്റെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. ഈ വർഷം പദ്ധതിയിട്ട എല്ലാ പ്രവർത്തനങ്ങളും അനുഗ്രഹകരമായി നടത്തി.

## രാജസ്ഥാൻ

### ഉദൈപൂർ

**ആഷിഷ് കുമാർ & സവിത ദേവി**

ആറു ഗ്രാമങ്ങളിൽ നടത്തിയ സുവിശേഷീകരണ പ്രവർത്തനത്തിലൂടെ 700 പേർ സുവിശേഷം ശ്രവിച്ചു. ഏഴു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. 15 വേദപുസ്തകവും 50 പുതിയ നിയമവും വിതരണം ചെയ്തു. ആറു ആരാധനക്കൂട്ടങ്ങളിൽ ക്രിസ്തുമസ് പ്രോഗ്രാം നടത്തി.

ഫലാസിയ, ഗോഗുന്ദ എന്നീ പ്രദേശങ്ങളിൽ സുവിശേഷം അറിയിക്കുന്നതിനു തുറന്ന അവസരം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക.2025 ൽ രാജസ്ഥാനിൽ നടക്കുന്ന ഗ്രാമ പഞ്ചായത്ത് ഇലക്ഷനു വേണ്ടി പ്രാർത്ഥിക്കുക. വിശ്വാസികളിൽ ചിലർ പൈശാചിക പോരാട്ടം നേരിടുന്നെങ്കിലും ക്രിസ്തു യേശുവിലുള്ള വിശ്വാസത്തിൽ ഉറച്ചു നിൽക്കുന്നു. തളർവാതത്താൽ കഷ്ടപ്പെടുന്ന മൂന്നു വയസ്സുള്ള ഇവാന്റെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക.

### കടുകു മണിയോളം വിശ്വാസം!

മഹാരാഷ്ട്രയിൽ സർഗണ മിഷൻ വയലിലുള്ള ബൽസെർത്തു ഗ്രാമത്തിലെ രോഹിണി മാനസിക വെല്ലുവിളികൾ നേരിടുന്ന ഒരു സ്ത്രീയാകുന്നു. അവളുടെ കുടുംബം അവളെ വിവിധ ആശുപത്രികളിൽ കൊണ്ടു പോയി, നിരവധി പൂജാദി കർമ്മങ്ങൾ ചെയ്തു. ഒരു മാറ്റവും ഉണ്ടായില്ല. ഈ അവസരത്തിൽ അവരുടെ ഗ്രാമത്തിലുള്ള വിശ്വാസികൾ ദൈവം അവരുടെ ജീവിതത്തിൽ ചെയ്ത അത്ഭുത പ്രവർത്തികൾ പങ്കുവെക്കുകയും സുവിശേഷം അറിയിക്കുകയും ചെയ്തു. വിശ്വാസത്തോടെ രോഹിണിയെ സഭയിൽ കൊണ്ടു ചെന്നു പ്രാർത്ഥന ആരംഭിച്ചു. മൂന്നു ആഴ്ചക്കുള്ളിൽ ദൈവം അവൾക്കു പൂർണ്ണ സൗഖ്യം നൽകി. ദൈവം നൽകിയ ഈ വിടുതൽ നിമിത്തം അവളും കുടുംബവും യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിക്കുകയും വിശ്വാസ പ്രഖ്യാപനം നടത്തുകയും ചെയ്തു ദൈവനാമം മഹത്വപ്പെടുമാറാകട്ടെ!

# 9

## ഫെബ്രുവരി

### ഞായർ

**ജന്മദിനാശംസകൾ**

ജക്കിനത് ജോയന്ന ഗോവദ
ദീന കുമാരി ബബർത്ത
ദുർഗ ദേവി @ രൂത്തു മേരി

**ഹനുമാൻഘട് : മുധവാത്തു രാജു & ബുക്കിയ ത്ധാൻസി**

24 സ്ഥലത്തു നടത്തിയ ക്രിസ്തുമസ് പ്രോഗ്രാമിൽ പുതിയ ആളുകൾ ഉൾപ്പെടെ 400 പേർ പങ്കെടുത്തു. മനക്സാർ ഗ്രാമത്തിലെ ഒരാൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. ജോലി സ്ഥലത്തേക്കു പോയ പരംജീത് സിങ്ങിനുണ്ടായ വാഹന അപകടത്തിൽ ദൈവം ആത്ഭുതകരമായി സംരക്ഷിച്ചു. കഠിനമായ ഉദര വേദനയിൽ നിന്നും കുഞ്ച ഗ്രാമത്തിലെ സുനിത സൗഖ്യം പ്രാപിച്ചു. സുരേഷ ഗ്രാമത്തിൽ ഗഗൻ കൗറിനു ഒരു പൈതലിനെ നൽകി അനുഗ്രഹിച്ചു.

ജസ്വീന്ദർ കൗർ കഴിഞ്ഞ രണ്ടു വർഷമായി വിഷാദ രോഗത്താൽ വലയുന്നു. കർത്തെർ സിങ് തന്റെ കടഭാരത്തിൽ നിന്നും മുക്തനാകേണ്ടതിനായി പ്രാർത്ഥിക്കുക. ആറു മാസമായി ശ്വാസകോശത്തിൽ അണുബാധയുള്ള രേണു കൗറിന്റെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. ശ്യാം കൗർ തന്റെ വസ്തു വിറ്റു കടം വിട്ടുവാൻ ശ്രമിക്കുന്നു. അവൾക്കു ദൈവീക നടത്തിപ്പ് ലഭിക്കണ്ടതിനായി പ്രാർത്ഥിക്കുക. ശരീരത്തിലുള്ള മുഴ കാൻസർ ആകുവാൻ സാധ്യതയുള്ള കരംജിത്തിനു ദൈവിക സൗഖ്യം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

**കെർവാര**

**കെനോസ് സ്റ്റാൻലി ജപരാജ് & വങ്കൽപുടി ചാന്ദിനി**

പോഗാര ഗ്രാമത്തിലെ അഞ്ചു കുടുംബം യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. പൈശാചിക ബന്ധനത്തിൽ നിന്നും ബറുട്ടി ഗ്രാമത്തിലെ റീത്ത കത്താര വിടുതൽ പ്രാപിച്ചു. സംസാരിക്കുവാൻ ശേഷിയില്ലാത്ത നാലു വയസ്സുകാരി വിക്കി പ്രാർത്ഥനയെ തുടർന്നു സംസാരിക്കുവാൻ തുടങ്ങി. കലാപൂർ ഗ്രാമത്തിൽ നിന്നും ക്രിസ്തീയ വിശ്വാസം നിമിത്തം ബാബുവിനെ ഗ്രാമീണർ പുറത്താക്കിയിരുന്നു. എന്നാൽ ഇപ്പോൾ അവർ ബാബുവിന്റെ വിശ്വാസത്തെ അംഗീകരിക്കുന്നനു. കാഴ്ച ശക്തി കുറയുന്ന തമത്തിയ ഗ്രാമത്തിലെ ലക്ഷ്മണനെ കർത്താവ് സൗഖ്യമാക്കി. 9 ഗ്രാമങ്ങളിലെ 390 പേർ സുവിശേഷം ശ്രവിച്ചു. അവരിൽ 15 പേർ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു.

ഹേമ ബന്നിനു ഒരു പൈതലിനെ നൽകി ദൈവം അനുഗ്രഹിക്കേണ്ടതിനായി പ്രാർത്ഥിക്കുക. കോടിയഗൺ ഗ്രാമത്തിലെ കതാരി അമരയുടെ വീട് മത തീവ്രവാദികൾ തകർത്തു. ദൈവം അവൾക്കു സംരക്ഷണം നൽകേണ്ടതിനായി പ്രാർത്ഥിക്കുക. ക്ഷയ രോഗിയായ ഓം പ്രകാശിന്റെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. അശോക്, പ്രകാശ്, രമേശ്, ഹിതേഷ്, മൻജു, ഹക്ര, കാവി ബൻ എന്നിവർ മദ്യാസക്തിയിൽ നിന്നും വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. മാനസിക രോഗിയായ കാഞ്ചന്റെയും കാഴ്ച ശക്തിയില്ലാതെ കഷ്ടപ്പെടുന്ന ജ്യോതി കതാരയുടെയും സൗഖ്യത്തിനായി പ്രാർത്ഥിക്കുക.

# 10

## ഫെബ്രുവരി

**തിങ്കൾ**

### ജന്മദിനാശംസകൾ

സോളമൻ എ

### അജിത്ഘട്

**ജയ്ബീർ സിങ് & ദേവി റാണി**

അമർസർ, വെറോത്തി, ജഗദീഷ്പുര എന്നീ മൂന്നു ഗ്രാമങ്ങളിലുള്ള 650 പേർ സുവിശേഷം ശ്രവിച്ചു. 300 പുതിയ നിയമങ്ങൾ വിതരണം ചെയ്തു. വിശ്വാസിയായ സുഭാഷ് ക്രിസ്തുമസ് പ്രോഗ്രാം സംഘടിപ്പിക്കുന്നതിനു നമ്മെ സഹായിച്ചു.

മൂന്നു ഗ്രാമങ്ങളിൽ സുവിശേഷം ശ്രവിച്ചവർ യേശുവിലൂടെയുള്ള രക്ഷ കരസ്ഥമാക്കേണ്ടതിനായി പ്രാർത്ഥിക്കുക. പ്രശാന്ത് കർത്താവായ യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. സന്ദീപിനു നല്ല ഒരു ജോലിയും അനുയോജ്യയായ ജീവിത പങ്കാളിയെയും ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

## ഡൽഹി

### പട്പർഗഞ്ച്

**ജോൺ ഡേവിഡ്സൺ & പ്രിസ്കില്ല**

എയ്ഡ്സ് രോഗ ബാധിതരായ കുട്ടികളെ സന്ധിക്കുന്ന മിഷനറിക്കായി പ്രാർത്ഥിക്കുക. ഈ കുട്ടികൾക്കായി വിബിഎസ് പ്രോഗ്രാം നടത്തി സമ്മാനങ്ങൾ നൽകി. സുർജപൂറിലെ നോയ്ഡ സെക്ടർ 82 ലുള്ള RPF ജവാന്മാരോടു സുവിശേഷം പങ്കുവെച്ചു. ആദ്യമായിട്ടാണ് ഈ പ്രദേശത്തു സുവിശേഷം അറിയിച്ചത്. സുവിശേഷീകരണ പ്രവർത്തനത്തിൽ അനേക യൗവ്വനക്കാർ സന്നദ്ധ സേവകരായി സഹായിക്കുന്നു.

ശ്വാസകോശ സംബന്ധമായ കാൻസറിനാൽ വലയുന്ന സുർജപൂറിലെ പുതിയ വിശ്വാസിയായ ഹിമാൻസുവിന്റെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. വൃക്കയുടെ പ്രവർത്തനം നിലച്ചതിനാൽ ആഴ്ചയിൽ രണ്ടു പ്രാവശ്യം ഡയാലിസിസിനു വിധേയയാകുന്ന യുവതി നിക്കി ഉർമ്മിളയുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. നമ്മുടെ പുതിയ ആത്മീക സുഹൃത്തുക്കളായ രജനി, ശാന്തിവതി, സാവിത്രി എന്നിവർ കർത്താവിലുള്ള വിശ്വാസത്തിൽ ഉറച്ചു നിൽക്കേണ്ടതിനായി പ്രാർത്ഥിക്കുക.

## ഉത്തർപ്രദേശ്

**ബസ്ഥി : ജെ ശ്രീനിവാസൻ & ഷീബ ജി ചന്ദ്ര**

ദേവാപൂർ, ബങ്കാദ്, ബദെബൻ എന്നീ ഗ്രാമങ്ങളിൽ ക്രിസ്തുമസ് പ്രോഗ്രാം വിശാലമായ രീതിയിൽ ആഘോഷിച്ചു. ദൈവാലയത്തിന്റെ മേൽക്കൂരയുടെ നിർമ്മാണം വിശ്വാസികകളുടെ സഹായത്തോടെ പൂർത്തീകരിച്ചു. റവ. പൊന്നുസ്വാമിയുടെ മിഷൻ വയൽ സന്ദർശനം വളരെ പ്രോത്സാഹന പരമായിരുന്നു..

വിധവയും അഞ്ചു മക്കളുടെ മാതാവുമായ കാപുര, നിവാരി ഗ്രാമത്തിലെ ഏക വിശ്വാസിയാകുന്നു. അവൾ ഗ്രാമീണരിൽ വിശ്വാസം നിമിത്തം ഏറെ പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്നു. ബേൽബദരിയ ഗ്രാമത്തിലെ ബാഹ്ഗാവൻ നെഞ്ചു വേദനയാൽ കഷ്ടപ്പെടുന്നു സൗഖ്യത്തിനായി പ്രാർത്ഥിക്കുക.

# 11
## ഫെബ്രുവരി
### ചൊവ്വ

**ജന്മദിനാശംസകൾ**

വിനയകുമാർ ഗുരു
ഇബലാലെ പമെ

### ഗാട്ടംപൂർ
**ജാങ്കോലുൻ തൗതാങ് & നഗൈതിയാൻചിങ് തൗതാങ്**

ഗാട്ടംപൂറിലെ പ്രധാന ദൈവാലയത്തിൽ നടത്തിയിരുന്ന ക്രിസ്തുമസ് പ്രോഗ്രാം ഈ വർഷം നടത്തുവാൻ സാധിച്ചില്ല. വിശ്വാസികളുടെയും പ്രാദേശിക പോലീസുകാരുടെയും സഹായത്തോടെ ഗാട്ടംപൂർ ദൈവാലയ പരിസരം വൃത്തിയാക്കി ആരാധന യോഗം സമാധാനപരമായി നടത്തി. സഭാമൂപ്പൻ സുനിതയുടെ മരുമക്കൾ അനേക നാളത്തെ അവിശ്വാസത്തിൽ ഒടുവിൽ യേശുവിനെ രക്ഷിതാവായി സ്വീകരിച്ചു.

ഗാട്ടംപൂറിൽ ക്രമമായി നടന്നു കൊണ്ടിരുന്ന ഞായറാഴ്ച ആരാധന പുനരാരംഭിക്കേണതിനായി പ്രാർത്ഥിക്കുക. നമ്മുടെ വിശ്വാസികളുടെ ബന്ധുക്കളും പുതിയ സത്യാന്വേഷകരും യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണതിനായി പ്രാർത്ഥിക്കുക.

### ബർത്താന: രാജൻ & ജപമലർ; ജി അജിത് പോണ്ടിയൻ

ഒരു വ്യക്തി യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു രക്ഷിത ഗണത്തിലായി. തടസ്സങ്ങളില്ലാതെ 9 സ്ഥലത്തു ക്രിസ്തുമസ് പ്രോഗ്രാം നടത്തി. അനേകർ പങ്കെടുത്തു സുവിശേഷം ശ്രവിച്ചു. ഗർഭാശയ സംബന്ധമായ രോഗത്തിൽ നിന്നും ദുർഗ ദേവി വിടുതൽ പ്രാപിച്ചു.

പൈസോയ് ഗ്രാമത്തിൽ നടത്തുവാനുദ്ദേശിച്ച ക്രിസ്തുമസ് പ്രോഗ്രാമിനെതിരെ എതിർപ്പു ഉയർന്നതിന്റെ ഫലമായി പോലീസ് നൽകിയ അനുവാദം പിൻവലിച്ചു. മെഹസഭക്കെതിരെയുള്ള കേസിനു ശാശ്വത പരിഹാരം ഉണ്ടാകേണ്ടതിനും ആരാധന യോഗം പുനരാരംഭിക്കേണ്ടതിനുമായി പ്രാർത്ഥിക്കുക. രാമീല ഗ്രാമത്തിലുള്ള സപെര സമുദായത്തിലെ വിബൻബായിയെയും കുടുംബത്തെയും വിശ്വാസം നിമിത്തം ഗ്രാമീണർ പുറത്താക്കുകയും അവരുടെ വീടു തകർത്തുകളയുകയും ചെയ്തു. വിശ്വാസത്തിൽ ഉറച്ചു നിൽക്കുവാൻ ദൈവം അവരെ സഹായിക്കേണ്ടതിനും എതിരാളികൾ മാനസാന്തരപ്പെടേണ്ടതിനുമായി പ്രാർത്ഥിക്കുക.

### ജാലൗൻ (സിർസക്കലർ)
**രാകേഷ് രത്തിലാൽ ഗവിത് & ഇർഗർ രേഷ്മിത മാരുതി**

രണ്ടു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. കാൺപൂർ ഗ്രാമത്തിൽ നടത്തിയ ക്രിസ്തുമസ് പ്രോഗ്രാമിൽ 400 പേർ പങ്കെടുത്തു. ക്രിസ്തുമസ് കാലത്ത് മൂന്നു ഗ്രാമങ്ങളിൽ സുവിശേഷം പങ്കുവെച്ചു. മൺഗ്രോൾ ഗ്രാമത്തിൽ പുതിയ ഒരു ആരാധനക്കൂട്ടം രൂപീകരിച്ചു. റാംപൂര ഇടത്താവളത്തിന്റെ പ്രവർത്തനം ഭംഗിയായി നടക്കുന്നു.

ധിനേശിന്റെ വിവാഹം കഴിഞ്ഞ് 15 വർഷം കഴിഞ്ഞു, ഹേമലതയുടെ വിവാഹം കഴിഞ്ഞു നാലു വർഷം കഴിഞ്ഞു ഇവർക്കു മക്കൾ ജനിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഭിന്ന ശേഷിക്കാരനായ ഒസാമിനു ഒരു ജോലി ലഭിക്കേണ്ടതിനും അവന്റെ കാര്യങ്ങൾ നടത്തുന്നതിനുള്ള വരുമാനം ലഭിക്കേണ്ടതിനുമായി പ്രാർത്ഥിക്കുക.

# 12

## ഫെബ്രുവരി

ഉപവാസ പ്രാർത്ഥന ദിനം

**ബുധൻ**

***ജന്മദിനാശംസകൾ***

റോൻജോയ് നർസാരി

## മദ്ധ്യപ്രദേശ്

**ഖാൽവ : ഐസക് രാജമണി & സീത**

കോവിഡിനു ശേഷം കോർക്കു ജനങ്ങളുടെ മദ്ധ്യേ ആദ്യമായി നടത്തിയ മൂന്നു ദിവസത്തെ ക്രിസ്തുമസ് ആഘോഷത്തിൽ 300 പേർ പങ്കെടുത്തു. ഖാൽവ സഭയിൽ എല്ലാ മാസത്തിലും പുതിയ ആളുകൾ സംബന്ധിക്കുന്നു. ചിക്കൻഗുനിയ രോഗത്തിൽ നിന്നും രത്തിയ പ്രാർത്ഥനയാൽ സുഖം പ്രാപിച്ചു.

വിവാഹം കഴിഞ്ഞ അനേക വർഷങ്ങളായി മക്കളില്ലാതെ ഭാരപ്പെടുന്ന മണി & സുഗന്ധി, ആകാശ് & അഞ്ജു, രാജാറാം & പമ്മി, ഗൊരെയാൽ & ഗീത എന്നീ കുടുംബങ്ങളിൽ മക്കൾ ജനിക്കേണ്ടതിനായി പ്രാർത്ഥിക്കുക. നമ്മുടെ വിശ്വാസികൾ അവരുടെ മക്കളെ ആത്മീക അച്ചടക്കത്തിൽ പോഷിപ്പിക്കേണ്ടതിനായി പ്രാർത്ഥിക്കുക. യുവജനങ്ങൾ ക്രിസ്തീയ പ്രോഗ്രാമുകളിൽ പങ്കെടുക്കേണ്ടതിനായി പ്രാർത്ഥിക്കുക. ജാംതാട്, ഹസ്സൻപുര എന്നീ ഗ്രാമങ്ങളിൽ ദൈവാലയം നിർമ്മിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

**പാൽ**

**വെങ്കിടേശ് വദ്ദാർ & ഷീബ പി**

ക്രിസ്തുമസ് കാലത്ത് കരോൾ സംഘമായി മൂന്നു ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. സിമുലി, പാസ്സി, പിപ്പൽക്കുറ എന്നീ ഗ്രാമങ്ങളിൽ നടത്തിയ സ്ത്രീകളുടെ യോഗത്തിൽ ധാരാളം പേർ പങ്കെടുത്തു.

ക്രിസ്തുമസ് കരോൾ സംഘമായി 20 ഗ്രാമങ്ങൾ സന്ദർശിച്ചു സുവിശേഷം അറിയിക്കുകയും ലഘുലേഖകൾ വിതരണം ചെയ്യുകയും ചെയ്തു. സുവിശേഷം ശ്രവിച്ച ഗ്രാമങ്ങളിൽ ദൈവം പ്രവർത്തിക്കേണ്ടതിനായി പ്രാർത്ഥിക്കുക. വീർസിങ്ങിന്റെ വേർപാടിൻ ദുഖത്തിലായിരിക്കുന്ന കുടുംബാംഗങ്ങളുടെ ആശ്വാസത്തിനായി പ്രാർത്ഥിക്കുക. സുവിശേഷത്തെ എതിർക്കുന്ന അമ്പപാനി ഗ്രാമത്തിലെ റായ് സിങ് പട്ടേൽ ദൈവസ്നേഹ സ്പർശനത്താൽ മാനസാന്തരപ്പെടേണ്ടതിനായി പ്രാർത്ഥിക്കുക.

### മന്ത്രങ്ങൾ വ്യാജം യേശു സത്യമാകുന്നു

ജാർഖണ്ഡിൽ ദുലിയാനി ഗ്രാമത്തിലെ മന്ത്രവാദി കപോ കിസ്കു ദുർമന്ത്രവാദം ചെയ്യുന്നയാളാകുന്നു. ഒരു ദിവസം ഇയാൾ നമ്മുടെ വിശ്വാസി ലൂക്കായുടെ ഭവനത്തിൽ ആഭിചാര ക്രീയ ചെയ്യുവാനായി ചെന്നു. എന്നാൽ ലൂക്കാ അയാളെ തടഞ്ഞു ഭവനത്തിലേക്കു കയറുന്നതിനു മുമ്പു വാതിലിൽ എഴുതിയിരിക്കുന്ന വേദ വാക്യം വായിക്കുവാൻ ആവശ്യപ്പെട്ടു. ആഭിചാരകൻ ഭയന്നു താൻ കൊണ്ടു വന്ന രണ്ടു പ്രാവിനെയും അവിടെ ഉപേക്ഷിച്ചിട്ടു പോയി. ഗ്രാമീണരോടു പറഞ്ഞു ഈ വീട്ടിലെ ഒരാൾ മരിക്കും. അടുത്ത ദിവസം ആ പ്രാവുകൾ ചത്തു. എന്നാൽ ദൈവത്തിന്റെ കൃപയാൽ ലൂക്കായുടെ ഭവനത്തിൽ ആർക്കും ഒരു ദോഷവും ഭവിച്ചില്ല. ഇതിനു സക്ഷികളായ ഗ്രാമീണർ ആശ്ചര്യപ്പെട്ടു. ആഭിചാരകന്റെ വാക്കുകൾ വ്യാജമാണെന്നു തെളിഞ്ഞു. അവർ ദൈവത്തെ മഹത്വപ്പെടുത്തി. ക്രിസ്ത്യാനികളുടെ ദൈവം സത്യദൈവമെന്നു സാക്ഷിച്ചു. ഹല്ലെലുയ്യ!

# 13
## ഫെബ്രുവരി

**വ്യാഴം**

### ജന്മദിനാശംസകൾ

സ്റ്റെല്ല പ്രഭുദാസ്
സജ്ജീവ് കുമാർ ആന്ദ്രാപ്
കാമ്പങ് താബ
വയലറ്റ് ഹൻസ്ത

### അസം

### ഗോഗമുക്ക് (ധാക്കുവാക്കന)

**ഡെൻസിങ് ആർ & കവിത**

വിശ്വാസികളെല്ലാവരും സന്തോഷത്തോടു കൂടി കൃഷിയിടങ്ങളിലെ വിളവെടുപ്പു പൂർത്തീകരിച്ചു. ഒരു വ്യക്തി യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. ആൾസറിന്റെ കാഠിന്യത്തിൽ ഉദരത്തിലുണ്ടായ വേദനയിൽ നിന്നും ദൈവം ജോതുപൻഗങ്ങിനെ സൗഖ്യമാക്കി. ചുക്കിയചപാരിയിൽ വിശ്വാസികളുടെ സാമ്പത്തീക സഹായത്താൽ മുളകൊണ്ടുള്ള ദൈവാലയം നിർമ്മിച്ചു.

വൃക്കയുടെ പ്രവർത്തനം നിലച്ചതിനാൽ അടിക്കടി ആശുപത്രിയിൽ പോകേണ്ടിവരുന്ന അക്രൈസ്തവനായ രാഹുൽ സിൻതെയുടെയും മലേറിയ രോഗത്താൽ ഗുരുതരാവസ്ഥയിലായ ധക്കുവക്കാന ഫെലോഷിപ്പ് ചർച്ചിലെ സഭാമൂപ്പൻ ദേവകന്തോയുടെയും സൗഖ്യത്തിനായി പ്രാർത്ഥിക്കുക. കർത്താവിനെ അനുഗമിക്കുവാൻ ആഗ്രഹിക്കുന്ന മോനിക്ക, പല്ലവി എന്നിവർ കുടുംബാംഗങ്ങളിൽ നിന്നും എതിർപ്പുകൾ നേരിടുന്നു. യേശുവിലുള്ള വിശ്വാസം പ്രഖ്യാപിക്കുവാൻ ദൈവം അവർക്കു ശക്തി നൽകേണ്ടതിനായി പ്രാർത്ഥിക്കുക. ആരാധനയോഗത്തിൽ പതിവായി പങ്കെടുക്കുന്ന ലുഗിഥ പെഗു, ഡോര പെഗു, ആൽഫ പായെങ് എന്നിവർ വിശ്വാസത്തിൽ വളരേണ്ടതിനായി പ്രാർത്ഥിക്കുക. ഞങ്ങളുടെ മകൾ മിറക്കിളിനു ഒരു ചെറിയ ശസ്ത്ര ക്രീയ ആവശ്യമായി വന്നു. അവളുടെ ആരോഗ്യത്തിനായി പ്രാർത്ഥിക്കുക.

### ലഖിംപൂർ

**ആരോൺസിങ് നർസാരി & റീന**

രണ്ടു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. ആറു ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. അഞ്ചു ഗ്രാമങ്ങളിൽ അനുധാവന പ്രവർത്തനം നടത്തി. വ്യക്തിഗത സുവിശേഷീകരണ പ്രവർത്തനത്തിലൂടെ 39 വ്യക്തികളോടു സുവിശേഷം പങ്കുവെക്കുകയും 309 ലഘുലേഖകൾ വിതരണം ചെയ്യുകയും ചെയ്തു. വിശ്വാസികളുടെ ഭവനങ്ങളിലും ചില അക്രൈസ്തവരുടെ ഭവനങ്ങളിലും ക്രിസ്തുമസ് കരോൾ ഗാനങ്ങൾ പാടി. മദ്യത്തിനടിമകളായവർ പ്രാർത്ഥനയിലൂടെ വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ച രണ്ടുപേർ ആത്മീകമായി വളരേണ്ടതിനായി പ്രാർത്ഥിക്കുക. നന്നെ ചെറുപ്പമായിരിക്കുന്ന ആലിസൺ നാര മയക്കുമരുന്നിനടിമയാകുന്നു. അവൻ പ്രാർത്ഥനയാൽ സുഖം പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഉടനെ നടത്തുവാൻ പോകുന്ന വിശ്വാസികളുടെ ആത്മീക യോഗത്തിന്റെയും സഭാമൂപ്പന്മാരുടെ പരിശീലന പ്രോഗ്രാമിന്റെയും അനുഗ്രഹത്തിനായി പ്രാർത്ഥിക്കുക. പിന്മാറ്റത്തിലായ വിശ്വാസികൾ കർത്താവിങ്കലേക്കു തിരികെ വരേണ്ടതിനായും സഭയിലും സുവിശേഷ പ്രവർത്തനത്തിലും സജീവമാകേണ്ടതിനായി പ്രാർത്ഥിക്കുക.

# 14

## ഫെബ്രുവരി

**വെള്ളി**

**ജന്മദിനാശംസകൾ**

ലാൽ നുൻ മാവി ഹ്മർ

## ബീഹാർ

### റാണിഗഞ്ച്

**എം അനന്തൻ & നിഷ ഐ**

പത്തു ഗ്രാമങ്ങളിൽ 61 പ്രാവശ്യം സുവിശേഷീകരണ യോഗങ്ങൾ നടത്തി. 1700 വ്യക്തികൾ സുവിശേഷം ശ്രവിച്ചു. 24 വേദപുസ്തകവും 18 പുതിയ നിയമവും വിതരണം ചെയ്തു. കാൻസർ രോഗത്തിന്റെ നാലാം ഘട്ടത്തിൽ രക്ഷപ്പെടുന്നതിനു നേരിയ സാധ്യത മാത്രമുള്ള സിമ്മ ഗ്രാമത്തിലെ സുധാകർ തന്റെ മാതാവിനോടൊപ്പം ദൈവാലയത്തിൽ പ്രാർത്ഥനക്കായി വന്നു. രക്താർബുധത്തിൽ നിന്നും ദൈവം അവനു അത്ഭുത സൗഖ്യം നൽകി.

സുവിശേഷം ശ്രവിച്ചവർ സുവിശേഷ സത്യത്തോടു പ്രതികരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. കർത്താവിന്റെ വേല ചെയ്യുന്നതിനു തുറന്ന അവസരം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. എന്റെ പിതാവ് ഭൗതികമായും ആത്മീകമായും ആരോഗ്യമുള്ളവനായിരിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### ഈസ്റ്റേൺ ഗാംഞ്ചസ്റ്റിക് റീജിയൻ

**ബാബു പുഷ്പരാജ് & റെയ്ച്ചൽ ജോയ്സ്**

ജക്കർഗഞ്ച് ഗ്രാമത്തിൽ പുതിയ ആരാധനക്കൂട്ടം ഉരുവാക്കി. ദൈവത്തിന്റെ കൃപയാൽ മിഷനറി ദമ്പതികൾക്കു സുന്ദരനായ ഒരു ആൺ കുഞ്ഞിനെ ദൈവം നൽകി അനുഗ്രഹിച്ചു.

ലാൽപൂർ ഗ്രാമത്തിലെ ദിലീപ് സാദയുടെ വസ്തു തട്ടിയെടുക്കുവാൻ ശ്രമിക്കുന്നവരുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക. ശക്തമായ എതിർപ്പിനെ അഭമുഖീകരിക്കുന്ന ഹരിഹര, രാരാം എന്നിവർ വിശ്വാസത്തിൽ ഉറച്ചു നിൽക്കേണ്ടതിനായി പ്രാർത്ഥിക്കുക. ക്രിസ്തുമസ് സന്ദേശം ശ്രവിച്ചവർ യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. പ്രകാശ് ജോഹന്ദർ, സജ്ഞ്ജ, പ്രാദേശിക സുവിശേഷകനായ ലാൽ ബഹദൂർ എന്നിവരെ കർത്താവ് ശക്തമായി ഉപയോഗിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

## ജാർഖണ്ഡ്

### അമടപാട

**വ്യാസു ബാബു & സൗന്ദര്യ രേഖ**

13 ഗ്രാമങ്ങളിൽ നടത്തിയ സുവിശേഷീകരണ പ്രവർത്തനത്തിലൂടെ 13,166 പേർ സുവിശേഷം ശ്രവിച്ചു. 15 വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. 9000 ത്തിലധികം സുവിശേഷ പ്രതികളും 13 വേദപുസ്തകവും വിതരണം ചെയ്തു. ധോൻമുനി, സൊാറൻ, ദിജാൻ ഹെബ്രം, രാമ്പാര മുർമ്മു എന്നിവരെ അപസ്മാര രോഗത്തിൽ നിന്നും ധേന ഹസ്താക്, ജുനാസ് ഹെബ്രം എന്നിവരെ വിവിധ രോഗങ്ങളിൽ നിന്നും കർത്താവ് സൗഖ്യമാക്കി.

അതിശൈത്യത്തിൽ കഷ്ടപ്പെടുന്ന ദരിദ്രരും നിരലംബരുമായവരുടെ സുരക്ഷിതത്വത്തിനായി പ്രാർത്ഥിക്കുക. സുവിശേഷം പങ്കുവെച്ചയിടങ്ങളിൽ പരിശുദ്ധാത്മാവ് പ്രവർത്തിച്ചു അനേകർ യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. സഭാമൂപ്പന്മാരായ സാഹേബ്ജോതോൻ മറാണ്ടി, ജോന മുർമ്മു, ജോസുവ ഹെബ്രം, അനിൽ മുർമ്മു എന്നിവർ ദൈവവചനത്തിൽ ആഴമായി വേരൂന്നി വളരേണ്ടതിനായി പ്രാർത്ഥിക്കുക.

# 15
## ഫെബ്രുവരി
### ശനി

**ജന്മദിനാശംസകൾ**

ദാനിയേൽ തോമസ്,
മേഴ്സി ദെബോര സെന്തിൽ,
വസാവെ എലേശ് പ്രഭു,
അയ്യനാർ എം

**ജമ : മുന്ന മൊഹന്തിയാർ & സുമിതദാസ്**

28 ഗ്രാമങ്ങളിലുള്ള 3200 വ്യക്തികളോടു സുവിശേഷം പങ്കുവെച്ചു. 26 വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. 22 സ്ഥലത്തു പ്രദർശിപ്പിച്ച ജീസസ് ഫിലിം 1500 പേർ കണ്ടു. മൂന്നു ഗ്രാമങ്ങളിൽ ക്രിസ്തുമസ് പ്രോഗ്രാം സംഘടിപ്പിച്ചു. സഭാമൂപ്പന്മാരുടെ പരിശീലന പ്രോഗ്രാം, കമ്മറ്റിയംഗങ്ങളുടെ ക്യാമ്പ്, വിശ്വാസികളുടെ പരിശീലന പ്രോഗ്രാം എന്നിവ വിജയകരമായി നടത്തി.

യേശുവിനെ രക്ഷിതാവായി സ്വീകരിച്ചവർ യേശുവിലുള്ള വിശ്വാസം പരസ്യമായി ഏറ്റു പറയേണ്ടതിനായി പ്രാർത്ഥിക്കുക. സഭയെ ആത്മീകമായി നയിക്കുന്ന ഉത്തരവാദിത്വം സഭാമൂപ്പന്മാർ അത്മാർത്ഥതയോടെ നിർവഹിക്കേണ്ടതിനായി പ്രാർത്ഥിക്കുക. പ്രവർത്തനം വിപുലപ്പെടുത്തുന്നതിനു തുറന്ന അവസരം കണ്ടെത്തുന്നതിനു സുവിശേഷകരെ ദൈവം വഴിനടത്തേണ്ടതിനായി പ്രാർത്ഥിക്കുക. പക്ഷാഘാതത്തിൽ നിന്നും റാംധോൻ സൊറൻ സൗഖ്യം പ്രാപിച്ചു. വിഷാദ രോഗത്താൽ വലയുന്ന പുതുൽ, ഹെബ്രം എന്നിവരുടെയും ക്ഷയരോഗത്താലും അപസ്മാരത്താലും കഷ്ടപ്പെടുന്നവരുടെയും സൗഖ്യത്തിനായി പ്രാർത്ഥിക്കുക.

**മിറാക്കിൾ ബാലഭവനം**

**എ ഈവ്ലിൻ പാക്കിയ & സാവിത്രി എസ്ഥേർ കുമാർ**

എല്ലാ വിദ്യാർത്ഥികളും തങ്ങളുടെ അർദ്ധ വാർഷിക പരീക്ഷ നല്ലവണ്ണം എഴുതി. അസുഖങ്ങളൊന്നുമില്ലാതെ കുട്ടികളെ ദൈവം കാത്തു പരിപാലിച്ചു. പുതിയ ഡോർമട്രിയുടെ നിർമ്മാണ പ്രവർത്തനം ആരംഭിച്ചു. പിങ്കി, സജിനി എന്നിവർ ബാല ഭവനത്തിലേക്കു തിരികെ വന്നു. മുതിർന്ന കുട്ടികളുടെ മുറികളിൽ ടൈൽസ് ഇട്ടു. ദൈവത്തിന്റെ കൃപയാൽ നമ്മുടെ കുട്ടികളുടെ ജീവിതത്തിൽ നല്ല മാറ്റങ്ങൾ കാണുന്നു. നമ്മുടെ പ്രവർത്തകരായ കിരൺ, ആനുഷ്, രൂത്ത് എന്നിവർ രോഗങ്ങളിൽ നിന്നും സൗഖ്യം പ്രാപിച്ചു. മറിയം തന്റെ ബിരുദ പഠനത്തിന്റെ സെമസ്റ്റർ പരീക്ഷ വിജയകരമായി പൂർത്തീകരിച്ചു.

ഗുഡിയ, സൂജി എന്നിവർ ബാല ഭവനത്തിലേക്കു തിരികെ വരേണ്ടതിനായി പ്രാർത്ഥിക്കുക. നിർമ്മാണ പ്രവർത്തനത്തിനാവശ്യമായ പണം ലഭിക്കേണ്ടതിനും പണികൾ വേഗത്തിൽ പൂർത്തീകരിക്കേണ്ടതിനുമായി പ്രാർത്ഥിക്കുക. നമ്മുടെ സുവിശേഷകനായ വിജിലയുടെ പിതാവിന്റെ നീരു വന്ന കാൽ ദൈവം സൗഖ്യമാക്കേണ്ടതിനായി പ്രാർത്ഥിക്കുക. കുട്ടികളുടെ ചിത്രകഥ പുസ്തകത്തിലൂടെ സുവിശേഷം ശ്രവിച്ചവർ യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. 11,12 ക്ലാസ്സുകളിലെ കുട്ടികളുടെ ബോർഡ് പരീക്ഷ ഫെബ്രുവരിയിൽ നടക്കും. പ്രാർത്ഥിക്കുക. കൗമാര പ്രായക്കാര പെൺകുട്ടികൾ വീട്ടിലേക്കു പോകുമ്പോൾ അവരുടെ പരിശുദ്ധി കാത്തു സൂക്ഷിക്കേണ്ടതിനായി പ്രാർത്ഥിക്കുക. കുട്ടികളുടെ ആവശ്യത്തിനും നിർമ്മാണ പ്രവർത്തനത്തിനും ആവശ്യമായ വെള്ളം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

# 16
## ഫെബ്രുവരി

### ഞായർ

### *ജന്മദിനാശംസകൾ*

പൊൻ ലത ജെ,
സതീഷ് കുമാർ സി

### മൺട്രോ & ഭഗയ്യ ബാല ഭവനം

### സുധർശൻ & ഫ്ളോറൻസ്; ഹിജം കെന്നടി സിങ് & ഹജോം ലിന്തോബി ചാനു

ബാലഭവനത്തിന്റെ മേൽക്കുരയുടെ അറ്റകുറ്റ പണി വിജയകരമായി പൂർത്തീകരിച്ചു. നമ്മുടെ വിശ്വാസികളുടെ വയലുകളിൽ നല്ല വിളവ് ലഭിച്ചു. മിഷനറിയുടെ മകൾ പേഴ്സിയുടെ വിവാഹം കഴിഞ്ഞു എട്ടു വർഷത്തിനു ശേഷം ദൈവം അവൾക്കു ഒരു പൈതലിനെ നൽകി അനുഗ്രഹിച്ചു.

ബാലഭവനത്തിൽ പഠിക്കുന്ന 104 വിദ്യാർത്ഥികളും യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കു ദൈവം പ്രത്യേക ജ്ഞാനം നൽകി അവർ പഠനത്തിൽ മുന്നേറണ്ടതിനായി പ്രാർത്ഥിക്കുക. പത്താം ക്ലാസ്സിൽ പഠിക്കുന്ന സിൽപാനു മുർമ്മു, സെൽപൻസ്റ്റൺ എന്നിവർ പരീക്ഷ നല്ലവണ്ണം എഴുതേണ്ടതിനായി പ്രാർത്ഥിക്കുക. ബാലഭവനത്തിന്റെ വാർഡനന്മാരായ ഫിലിപ്പ്, ആനന്ദ് എന്നിവർ ആത്മാർത്ഥമായി തങ്ങളുടെ ജോലി നിർവഹിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ബാലഭവനത്തിലെ കുട്ടികളെ സ്കൂളിൽ കൊണ്ടു പോകുന്നതിനു ആവശ്യമായ വാഹനം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

## പശ്ചിമ ബംഗാൾ

### ബലൂർഘാട് : കിങ്സ്ലി ലിവിങ്സ്റ്റൺ & ഡെൽഫിൻ

ബോൻഹാട്, ഹരിപൂർ, മങ്കൽപൂർ എന്നീ ഗ്രാമങ്ങളിൽ കരോൾ സംഘം ചെല്ലുകയും ലഘുലേഖകൾ വിതരണം ചെയ്യുകയും ഭവനങ്ങൾ സന്ദർശിക്കുയും ചെയ്തു. മങ്കൽപൂർ ഗ്രാമത്തിലെ രണ്ടു കുടുംബം യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. ആറു ഗ്രാമങ്ങളിൽ നടത്തിയ സുവിശേഷീകരണ പ്രവർത്തനത്തിലൂടെ 690 പേരോടു സുവിശേഷം പ്രഘോഷിച്ചു. ഗോപാൽ മാറാണ്ടി, മൗസാമി മാറാണ്ടി, സോനാലി സൊറൻ, മിലൻ സൊറൻ, നമ്മുടെ സുവിശേഷകന്റെ ഭാര്യ സുസ്മിത എന്നിവരെ വിവിധ രോഗങ്ങളിൽ നിന്നും ദൈവം വിടുവിച്ചു.

സഭയിലെ യുവജനങ്ങളും കൗമാരക്കാരും ബാലന്മാരും ക്രിസ്തുവിൽ വളരേണ്ടതിനും മാതാപിതാക്കൾ അവരെ ക്രിസ്തീയ വശ്വാസത്തിൽ പരിപോഷിപ്പിക്കേണ്ടതിനുമായി പ്രാർത്ഥിക്കുക. അമത്പൂർ സഭയിലെ ആരാധനക്കു നേതൃത്വം നൽകുന്ന സ്വാപൻ കിസ്കു ദൈവഭയത്തിൽ തന്റെ ചുമതല നിർവഹിക്കേണ്ടതിനായി പ്രാർത്ഥിക്കുക. സുശീൽ ഹസ്താക്, സുജയ് ഹസ്താക്, നിരഞ്ജൻ മാറാണ്ടി, കോമൾ കിസ്കു, ഏലിയാസ് ടുഡു, കമലേശ് കിസ്കു, രാകേഷ് കിസ്കു എന്നിവർ തങ്ങളുടെ സമയവും സമ്പത്തും കർത്താവിന്റെ വേലക്കായി സമർപ്പിച്ചു സാക്ഷ്യമുള്ള ജീവിതം നയിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ജോസഫ് മുർമ്മു, രമേശ് സൊറൻ, ടോപൻ മാറാണ്ടി, സുനിൽ ടുഡു, സോനാലി മുർമ്മു എന്നീ കുടുംബങ്ങൾ യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

# 17

## ഫെബ്രുവരി

**തിങ്കൾ**

**ജന്മദിനാശംസകൾ**

രുഹമ്മ ഗുരു,
വങ്കലോപുടി ചാന്ദിനി

## ഛത്തീസ്ഘട്

### രഘുനാഥപൂർ

**ലൗലിൻ ഭുനിയ & കിരൺ ബങ്കര**

കുട്ടികളും പ്രവർത്തകരും നല്ല ആരോഗ്യത്തോടിരിക്കുന്നു. കുട്ടികൾ തങ്ങളുടെ പരീക്ഷ നല്ലവണ്ണം എഴുതി. പ്രശ്നങ്ങളൊന്നുമില്ലാതെ ക്രിസ്തുമസ് പ്രോഗ്രാം നടത്തി.

കുട്ടികളുടെ ആത്മീക വളർച്ചക്കായും ഈ ശൈത്യകാലത്തു അവർ ആരോഗ്യത്തോടിരിക്കേണ്ടതിനായും പ്രാർത്ഥിക്കുക. പഠനത്തിൽ പിന്നോക്കം നിൽക്കുന്നവർക്കു ദൈവം ജ്ഞാനം നൽകി അനുഗ്രഹിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ബാലഭവനത്തിനു ആവശ്യമായ പാചകക്കാരനെ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. കഠിനമായ കാലുവേദനയാൽ കഷ്ടപ്പെടുന്ന മിഷനറിയുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. പന്ത്രണ്ടാം ക്ലാസ്സിലെ പരീക്ഷ എഴുതുന്ന ഞങ്ങളുടെ മക്കൾ നിഥിനും എബനേസറിനുമായി പ്രാർത്ഥിക്കുക.

## ഒഡിഷ

**റായ്റംങ്പൂർ : കുണ ചന്ദ്ര പറായ്ക് & ക്രൂന്താജ്ഞലി പായ്ക**

40 ഗ്രാമങ്ങളിലുള്ള 4200 പേരോടു സുവിശേഷം പ്രഘോഷിച്ചു. 13 വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. മൂന്നു കുടുംബം സുവിശേഷത്തോടു താൽപര്യം കാണിക്കുന്നു. പൈശാചിക ബന്ധനത്തിൽ നിന്നും സോമ്പാൻ ഹെമ്പ്രം വിടുതൽ പ്രാപിച്ചു. സുഖ്റാം & റിങ്കു കുടുംബത്തിൽ മക്കൾ ജനിക്കേണ്ടതിനായി പ്രാർത്ഥിക്കുക. നമ്മുടെ വിശ്വാസിയായ റോയ്സൺ സൊറന്റെ സംസ്കാര ശുശ്രൂഷ ക്രിസ്തീയ വിശ്വാസാചാര പ്രകാരം തടസ്സങ്ങളില്ലാതെ നടത്തി.

പുതിയ വിശ്വാസികൾ സാക്ഷ്യമുള്ള ജീവിതം നയിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ആരാധന യോഗത്തിൽ സംബന്ധിക്കുന്നവർ യേശുവിലുള്ള വിശ്വാസം എത്രയും വേഗം പ്രഖ്യാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഭിന്ന ശേഷിക്കാരിയായ നന്ദിനി മഹാലി, പക്ഷാഘാതം വന്ന അമരേന്ദ്ര, ഭഗത് സിങ്, ക്ഷയരോഗിയായ റബിത, ശയ്യാവലംബയായ മാധുരി പൻട്ര, വൃക്ക സംബന്ധമായ രോഗത്താൽ വലയുന്ന നന്ദിയ നായക്, നാഹി ഹെമ്പ്രം, കുഷ്ഠരോഗിയായ ലക്ഷ്മി നായക്, പഴകിയ തലവേദനയാൽ കഷ്ടപ്പെടുന്ന സോനാമുനി എന്നിവരുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. സങ്കരാം സൊറൻ, കൈലാസ് ബിജയ് ടുഡു, ഫൂൽചന്ദ് നായക് എന്നീ കുടുംബങ്ങളിൽ മക്കളെ നൽകി ദൈവം അനുഗ്രഹിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ജയറാം നായക്, സങ്കി കുന്ദൽക്കൽ എന്നിവരുടെ കുടുംബത്തിലെ പ്രശ്നങ്ങൾ ശാശ്വതമായി പരിഹരിക്കപ്പെടേണ്ടതിനായി പ്രാർത്ഥിക്കുക. ഈ മാസം നടത്തുവാനുദ്ദേശിക്കുന്ന പ്രോഗ്രാമുകളുടെ അനുഗ്രഹത്തിനായി പ്രാർത്ഥിക്കുക. യൗവ്വനക്കാരായ വിശ്വാസികൾ തങ്ങളുടെ സമൂഹത്തിൽ സാക്ഷ്യമുള്ള ജീവിതം നയിക്കേണ്ടതിനും ആത്മാക്കളെ നേടേണ്ടതിനുമായി പ്രാർത്ഥിക്കുക.

# 18

## ഫെബ്രുവരി

### ചൊവ്വ

**ജന്മദിനാശംസകൾ**

തേജസ്വിത ബബർത്തോ,
സുക്കിൻലാൽ സി

**ജിങ്ക്പാനി : എബ്രഹാം എസ് & ആലീസ് ഷീബ**

മൂന്നു ഗ്രാമങ്ങളിൽ സുവിശേഷം അറിയിക്കുന്നതിനും അനുധാവന പ്രവർത്തനം നടത്തുന്നതിനും ദൈവം മിഷനറിമാരെ ശക്തീകരിച്ചു. 13 വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. പ്രമോദി സഭയിലെ കൃപ ദിയോഗ്രാമിനു പ്രാർത്ഥനയുടെ ഫലമായി നല്ല ഒരു ജോലി ഖനിയിൽ ലഭിച്ചു.

കോക്സോ, തുയിയാന, സോനപോസി, സൈബാഷ എന്നീ ഗ്രാമങ്ങളിൽ ആരാധനക്കൂട്ടം ഉരുവാക്കുന്നതിനുള്ള ശ്രമം വിജയിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ജയ്പൂർ, പുക്രിബി എന്നീ ഗ്രാമങ്ങളിൽ നടത്തുന്ന യുവജന പരിശീലനം, സഭാമൂപ്പന്മാരുടെ പരിശീലന ക്യാമ്പ് എന്നിവകളുടെ വിജയത്തിനായി പ്രാർത്ഥിക്കുക. രക്തം ശർദ്ദിക്കുന്ന പാർവ്വതി പൂർത്തിയുടെയും നേത്ര സംബന്ധമായ രോഗത്താൽ വലയുന്ന സാലോനിയുടെയും പക്ഷാഘാതത്താൽ കഷ്ടപ്പെടുന്ന സുഷാന്ത് പൻറ എന്നിവരുടെയും സൗഖ്യത്തിനായി പ്രാർത്ഥിക്കുക. സഭാ മൂപ്പനായ സാമ്പ്രാനിക്കു ഖനിയിൽ ജോലി ലഭിക്കേണതിനായി പ്രാർത്ഥിക്കുക. മാപ്പുറ ഗ്രാമത്തിൽ നമ്മുടെ വിശ്വാസികളെ ഭീഷണിപ്പെടുത്തുന്നവരുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക.

**കിയോഞ്ചർ : പ്രതുഷ് നായക് & മാരിത്തായ് ലീയോണ**

10 വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. ഏഴു ഗ്രാമങ്ങളിലുള്ളള 345 വ്യക്തികളോടു സുവിശേഷം പങ്കുവെച്ചു. പിന്മാറ്റത്തിലായിരിക്കുന്ന ഗീത പിങ്കുവ വിശ്വാസത്തിലേക്കു തിരികെ വരേണ്ടതിനായി പ്രാർത്ഥിക്കുക.

മധു, ഗുരുപാനി മുണ്ട എന്നിവരുടെ കുടുംബ പ്രശ്നങ്ങൾ ശാശ്വതമായി പരിഹരിക്കപ്പെടേണ്ടതിനായി പ്രാർത്ഥിക്കുക. കുല്ലു മുണ്ട പൈശാചിക ബന്ധനത്തിൽ നിന്നും മുക്തനാകേണ്ടതിനായി പ്രാർത്ഥിക്കുക. ചന്ദ്രമുണ്ടയെ എതിർക്കുന്ന ഗ്രാമീണരുടെ മാനസാന്തരത്തിനും അവർ യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനുമായി പ്രാർത്ഥിക്കുക.

**ജമ്പാനി : എഫ്രയിം മല്ലി & പ്രോസൺസിത മല്ലി**

നമ്മുടെ വിശ്വാസികളുടെ സഹായത്തോടെ മൂന്നു പുതിയ ഗ്രാമങ്ങളിൽ സുവിശേഷം അറിയിച്ചു. ക്രിസ്തുമസ് നാളിൽ 2000 ലഘുലേഖകൾ വിതരണം ചെയ്തു. കാസിയപാട, ലദുക്കകപാസ, ഫുലിപഹാട, പെലിയ, ബഹാരകോര, സഹിലിയ, തരഘാം എന്നീ ഗ്രാമങ്ങളിൽ അനുധാവന പ്രവർത്തനം നടത്തേണ്ടതിനായി പ്രാർത്ഥിക്കുക.

ആവേശത്തോടെ നമ്മുടെ പ്രവർത്തനത്തെ സഹായിക്കുന്ന ദിലീപ് മുണ്ടക്കായി പ്രാർത്ഥിക്കുക. പിപുതി, പുസും മുർമ്മു എന്നിവർ കുടുംബമായി യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ജഗനാഥപൂർ, യെത്ഗോഡ എന്നീ ഗ്രാമങ്ങളിൽ ക്രമീകരിച്ച വിശ്വാസ പ്രഖ്യാപന യോഗത്തിന്റെ അനുഗ്രഹത്തിനായി പ്രാർത്ഥിക്കുക.

# 19

## ഫെബ്രുവരി

ഉപവാസ പ്രാർത്ഥന ദിനം

**ബുധൻ**

## ജന്മദിനാശംസകൾ

അൻപു മലർ എൽ

**ദെക്കനാൽ : അശോക് നായക് & സുരഭി നായക്**

വിശ്വാസികളുടെ സഹകരണത്തോടെ എട്ടു ഗ്രാമങ്ങളിലുള്ള 180 വ്യക്തികളോടു സുവിശേഷം പ്രഘോഷിച്ചു. 100 ലഘുലേഖകളും 40 പുതിയ നിയമങ്ങളും വിതരണം ചെയ്തു. ജിഗ്രിബേദ, കോതപോസ്സി, പട്ടാർകാദ എന്നീ ഗ്രാമങ്ങളിലുള്ളവർ യേശുവിനെ അറിയേണ്ടതിനായി പ്രാർത്ഥിക്കുക.

നമ്മുടെ വിശ്വാസികളെ എതിർക്കുന്ന നീര ഹെമ്പ്രത്തിന്റെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക. അതിശൈത്യത്തിന്റെ ഈ നാളുകളിൽ നമ്മുടെ വിശ്വാസികളുടെയും മിഷനറിമാരുടെയും ആരോഗ്യത്തിനായി പ്രാർത്ഥിക്കുക. സുവിശേഷത്തോടു താൽപര്യം കാണിക്കുന്ന മൂന്നു ഗ്രാമങ്ങളിലുള്ളവർ എത്രയും വേഗം യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

**ജാഷിപൂർ**

**ആർ ഗണേഷ് & സുമതി ഗണേഷ്**

എട്ടു ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. 94 വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു വിശ്വാസപ്രഖ്യാപനം നടത്തി. 16 ഗ്രാമങ്ങളിൽ അനുധാവന പ്രവർത്തനം നടത്തി. ഒരു ഗ്രാമത്തിൽ ജീസസ് ഫിലിം പ്രദർശിപ്പിച്ചു. ആസൂത്രണ യോഗം, എക്സിക്യൂട്ടിവ് യോഗം, റീജനൽ തലയോഗം എന്നിവ നടത്തി.

റാധ നഗർ, ഹാദിപോഗ, ഒറിയ, പഹർക്കാനി, ജാമുധി, ധാൽബുഗട് ഹോസ്റ്റൽ, പാലിസായ്, പരംജമ്ട എന്നീ ഗ്രാമങ്ങളിലെ ദൈവാലയ നിർമ്മാണം വേഗത്തിൽ പൂർത്തീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഈ മിഷൻ വയലിൽ പ്രവർത്തിക്കുന്നതിനു സമർപ്പണമുള്ള ഒരു മിഷനറിയെ നിയോഗിക്കേണ്ടതിനായി പ്രാർത്ഥിക്കുക. പുദികാവൻ ഗ്രാമത്തിൽ എതിർപ്പിനെ നേരിടുവാൻ വിശ്വാസികളെ ദൈവം ശക്തീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. സക്കീദി ബാലഭവനത്തിലെ എട്ടു കുട്ടികൾക്കു ബോർഡ് പരീക്ഷ എഴുതുവാൻ ദൈവീക ജ്ഞാനം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

**റിമൂലി : അരവിന്ദ് കുമാർ & ഹെലൻ മറിയം**

ശൈത്യ കാലത്തുണ്ടാകുന്ന ആസ്മ രോഗത്തിൽ നിന്നും പർസാല ഗ്രാമത്തിലെ ഐറിക്കമുണ്ടയെ കർത്താവ് സംരക്ഷിച്ചു. കാഴ്ച നഷ്ടപ്പെട്ടു മൂന്നു ദിവസം കഷ്ടപ്പെട്ട മക്കി മുണ്ടയെ പ്രാർത്ഥനയാൽ കർത്താവ് സൗഖ്യമാക്കി. പതുവിൽ ഗ്രാമത്തിലെ ഗുരുവാരി ചില തെരുവിലൂടെ പോകുമ്പോൾ ദുരാത്മാവ് അവനെ തള്ളിയിടും, പ്രാർത്ഥനയുടെ ഫലമായി ദൈവം അവനു സൗഖ്യം നൽകി ഇപ്പോൾ അതുവഴി പോയാൽ അവനു വീഴുമെന്ന ഭയമില്ല. വിവിധ സ്ഥലങ്ങളിൽ ക്രിസ്തുമസ് പ്രോഗ്രാം തടസ്സങ്ങളില്ലാതെ നടത്തി.

സാവധാനത്തിൽ കാഴ്ച നഷ്ടപ്പെടുന്ന ശാന്തി പോണിയുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. ഉദരവീക്കത്താൽ വലയുന്ന ഗീത മുണ്ടയുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. സുവിശേഷകർ തങ്ങളുടെ ഈ വർഷത്തെ ലക്ഷ്യം നേടിയെടുക്കേണ്ടതിനായി പ്രാർത്ഥിക്കുക.

## 20

## ഫെബ്രുവരി

**വ്യാഴം**

### ജന്മദിനാശംസകൾ

ഗുണ ചന്ദ്ര പായിക്,
ജോൺസൺ വി,
ബാസന്തി മാറാണി ഹെബൽ

### ധൽബുംഘട്

**പ്രമോദ് കുമാർ & ജശോദബൻ**

തൈസായ് ഗ്രാമത്തിൽ നടത്തിയ പരിശീലന പ്രോഗ്രാമിൽ എല്ലാ സഭാമൂപ്പന്മാരും സംബന്ധിച്ചു അനുഗ്രഹം പ്രാപിച്ചു. വരണ്ട ചുമയാലും രാത്രി പനിയാലും രണ്ടു മാസത്തിലധികമായി കഷ്ടപ്പെടുന്ന ബാലായ് സൊറനെ കർത്താവ് സൗഖ്യമാക്കി. മൂന്നു സ്ഥലത്തു സംഘടിപ്പിച്ച ക്രിസ്തുമസ് പ്രോഗ്രാമിലൂടെ ദൈവനാമം മഹത്വപ്പെട്ടു.

ഖുൽ ദിഹ ഗ്രാമത്തിലെ തുലാനി ഹെബ്രം കാലു വേദനയാൽ നടക്കുവാൻ ബുദ്ധിമുട്ടുന്നു. സൗഖ്യത്തിനായി പ്രാർത്ഥിക്കുക. കഠിനമായ ശൈത്യകാലത്തു മിഷനറിമാരും വിശ്വാസികളും ആരോഗ്യമുള്ളവരായിരിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

## ഗുജറാത്ത്

### കവാന്ത്

**അഖിലേശ് കുമാർ & കിരൺ ദേവി**

രണ്ടു ഗ്രാമത്തിലുള്ള 170 പേരോടു സുവിശേഷം പങ്കുവെച്ചു. അഞ്ചു കുടുംബം യേശുവിനെ രക്ഷിതാവായി സ്വീകരിച്ചു. ഉറക്കത്തിൽ ശ്വാസം മുട്ടി മരിച്ച നിലയിൽ കാണപ്പെട്ട റാംദാസിക്കു പ്രാർത്ഥനയാൽ ജീവൻ തിരകെ ലഭിച്ചു. ജില്ല കളക്ടറുടെ അനുവാദത്തോടെ മഹുദബാരി ഗ്രാമത്തിൽ ക്രിസ്തുമസ് പ്രോഗ്രാം സംഘടിപ്പിച്ചു. മഹുധബാരി, കാദമാദി എന്നീ ഗ്രാമങ്ങളിൽ ദൈവാലയം പണിയുന്നതിനു ഗ്രാമത്തലവനിൽ നിന്നും അനുവാദം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

മഹുദബാരി, കാത്മാദി എന്നീ ഗ്രാമങ്ങളിൽ നടന്നു കൊണ്ടിരിക്കുന്ന ദൈവാലയ നിർമ്മാണം വിശ്വാസികളുടെ സഹായത്താൽ പൂർത്തീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. കഴിഞ്ഞ ആറു വർഷമായി കണ്ണു വേദനയാലും ശരീര വേദനയാലും കഷ്ടപ്പെടുന്ന മുകേഷിന്റെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. ഒരു വർഷമായി നെഞ്ചു വേദനായാൽ ഭാരപ്പെടുന്ന സാനുബന്നിനെ കർത്താവ് സൗഖ്യമാക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### കെർഘാം ബാലഭവനം

**കുമാരൻ ജി & ജലീൻ ജയ പ്രദ**

15 ഗ്രാമങ്ങളിലുള്ള 250 പേർ സുവിശേഷം ശ്രവിച്ചു. സുവിശേഷം ശ്രവിച്ച 24 വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. ഇവിടെ സംഘടിപ്പിച്ച രണ്ടു യുവജന യോഗത്തിൽ ധാരാളം പേർ സംബന്ധിച്ചു. മൂന്നു മിഷൻ വയലുകളിൽ സ്ത്രീകളുടെ യോഗം നടത്തി.

ശരീര വേദനയാൽ കഷ്ടപ്പെടുന്ന ഹൻസ ബന്നിന്റെയും ശരീര ബലഹീനതയാൽ ഭാരപ്പെടുന്ന ഹീതൽ ബന്നിന്റെയും നെഞ്ചു വേദനയാൽ വലയുന്ന അനു ബന്നിന്റെയും ഗർഭാശയ സംബന്ധമായ രോഗത്താൽ കഷ്ടപ്പെടുന്ന സുശീല ബന്നിന്റെയും വിവിധ രോഗങ്ങളാൽ വലയുന്ന രശ്മി ബന്നിന്റെയും സൗഖ്യത്തിനായി പ്രാർത്ഥിക്കുക. വിഷപാമ്പിന്റെ കടിയേറ്റ മണിലാൽ, സുക്രിയ, ഊർമ്മിള എന്നിവരെ കർത്താവ് സൗഖ്യമാക്കി.

# 21

## ഫെബ്രുവരി

**വെള്ളി**

**ജന്മദിനാശംസകൾ**

തിലക് എസ്

**അഹ്വ & പിഷൽവാട**

**വിഘ്നേശ്വരൻ & എയ്ഞ്ചലിൻ**

22 ഗ്രാമങ്ങളിലുള്ള 100 പേർ സുവിശേഷം ശ്രവിച്ചു. ബന്നമ്മാൾ, ചിഞ്ചിനഗോവ്ദ, തക്ലിപാട എന്നീ ഗ്രാമങ്ങളിൽ ഉപവാസ പ്രാർത്ഥനകൾ നടത്തി. ബാമോറിയ റീജിയനിലെ സുനിൽ മൂർഖൻ പാമ്പിന്റെ ആക്രമണത്തിൽ നിന്നും അത്ഭുതകരമായി രക്ഷപ്പെട്ടു. ദുങ്കർദ ദൈവാലയത്തിന്റെ സമർപ്പണ ശുശ്രൂഷ തടസ്സങ്ങളില്ലാതെ നടത്തി. മോലച്ചറിയ ഗ്രാമത്തിലെ സാവിത്രിയെ ചിക്കൻഗുനിയ രോഗത്തിൽ നിന്നും ദൈവം സൗഖ്യമാക്കി. എല്ലാ ആരാധനക്കൂട്ടങ്ങളിലും അനുഗ്രഹകരമാം വിധം ക്രിസ്തുമസ് കരോൾ നടത്തി.

സഭാമൂപ്പന്മാരുടെ പരിശീലന പ്രോഗ്രാമിൽ എല്ലാ മൂപ്പന്മാരും ആത്മാർത്ഥമായി പങ്കെടുത്തു അനുഗ്രഹം പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ദൈവാലയ നിർമ്മാണത്തിനാവശ്യമായ സാധന സാമഗ്രികൾ നൽകുന്നവരും തൊഴിലാളികളും നാം പണം നൽകുന്ന രീതിയുമായി ചേർന്നു പോകുന്നില്ല. പരസ്പര ധാരണയുണ്ടാകേണ്ടതിനായി പ്രാർത്ഥിക്കുക. കെർപാദ ദൈവാലയ നിർമ്മാണം വേഗത്തിൽ പൂർത്തീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ദേവർപാട ഗ്രാമത്തിൽ ദൈവാലയം പണിയുന്നതിനു സഭാമൂപ്പൻ തന്റെ വസ്തു ദാനമായി നൽകി. എന്നാൽ ഗ്രാമീണരിൽ നിന്നുയർന്ന എതിർപ്പിനെ തുടർന്നു സ്വന്ത സഹോദരൻ എതിർക്കുവാൻ തുടങ്ങി. ഈ വിഷയത്തിൽ ദൈവം ഇടപെടേണ്ടതിനായി പ്രാർത്ഥിക്കുക.

**കപാറ : ബിദുഷ് കുമാർ നായക് & പ്രീതിബല പ്രധാൻ**

5000 പേർ സുവിശേഷം ശ്രവിച്ചു. അവരിൽ 99 പേർ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. നാലു സ്ഥലത്തു ഐക്യ ക്രിസ്തുമസ് പ്രോഗ്രാം നടത്തി. ഏകദ്ദേശം 20,000 പേർ സംബന്ധിച്ചു. കസ്തുനിയ ഗ്രാമത്തിലെ അജിത് ഭായിയുടെ ഭാര്യയുടെ ഗർഭസ്ഥ ശിശു ഏഴു പ്രാവശ്യം നഷ്ടപ്പെട്ടു എന്നാൽ ഇപ്പോൾ അവൾക്കു ഒരു പൈതലിനെ നൽകി ദൈവം അനുഗ്രഹിച്ചു. ആഭിചാരകനായ ജാംമ്പോന ഗ്രാമത്തിലെ ബഹദൂർ ഭായ് കർത്താവിങ്കലേക്കു തിരിഞ്ഞു. ഗ്രാമത്തിൽ നിന്നും കാണാതെ പോയ ഏഴു വയസ്സുകാരി ദൃഷ്ടിയെ കണ്ടെത്തുവാൻ സാധിച്ചു.

എതിർപ്പു നിമിത്തം നിർത്തിവെച്ച പത്തെർദി ഗ്രാമത്തിലെ ദൈവാലയ നിർമ്മാണം വേഗത്തിൽ പൂർത്തീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഗർമ്മാൽ, ഘോട്ടാൽ, മലുങ്കി, കെർപാദ എന്നീ ഗ്രാമങ്ങളിൽ നടന്നു കൊണ്ടിരിക്കുന്ന ദൈവാലയ നിർമ്മാണം വേഗത്തിൽ പൂർത്തീകരിച്ചു അതിന്റെ സമർപ്പണ ശുശ്രൂഷ നടത്തേണ്ടതിനായി പ്രാർത്ഥിക്കുക. അമിത്യ ഗ്രാമത്തിൽ ദൈവാലയം പണിയുന്നതിനുള്ള അനുവാദം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഈ മിഷൻ വയലിലെ പ്രവർത്തനത്തെ തകർക്കുവാൻ ശ്രമിക്കുന്ന മതഭ്രാന്തന്മാർ യേശുവിന്റെ സ്നേഹം രുചിച്ചറിയേണ്ടതിനായി പ്രാർത്ഥിക്കുക.

## 22 ഫെബ്രുവരി

ശനി

### നിസാർ & സെലംബ

**യുവനേശ് റ്റി & ജാൻസി റാണി**

178 വ്യക്തികൾ സുവിശേഷം ശ്രവിച്ചു. ഒരു ഗ്രാമത്തിൽ സുവിശേഷം പ്രഘോഷിച്ചു. പത്തു വേദപുസ്തകവും പത്തു പുതിയ നിയമവും വിതരണം ചെയ്തു. ഞരമ്പു സംബന്ധമായ രോഗത്തിൽ നിന്നും ബാധുബായി വിടുതൽ പ്രാപിച്ചു.

വസാവ ജനങ്ങൾ ക്രസ്തു യേശുവിലുള്ള വിശ്വാസത്തിൽ ഉറച്ചു നിൽക്കേണ്ടതിനും തങ്ങളുടെ സമൂഹത്തിന്റെ മദ്ധ്യേ സാക്ഷ്യമുള്ള ജീവിതം നയിക്കേണ്ടതിനുമായി പ്രാർത്ഥിക്കുക. ഒമ്പതു ഗ്രാമങ്ങളിൽ ക്രിസ്തുമസ് പ്രോഗ്രാം നടത്തി. മാനസിക രോഗത്തിൽ നിന്നും രൺവീർ സുഖം പ്രാപിച്ചു.

**മോതപോന്ദ : മർക്കൂസ് മാൾട്ടോ & സാറ മാൾട്ടോ**

യുവജനങ്ങളും മറ്റു വിശ്വാസികളും ആവേശത്തോടെ പങ്കെടുത്തു 9 വിശ്വാസികളുടെ ഭവനങ്ങളിൽ കരോൾ ഗാനങ്ങൾ ആലപിച്ചു. ഇവിടെ സംഘടിപ്പിച്ച ഐക്യ ക്രിസ്തുമസ് പ്രോഗ്രാമിൽ ആയിരം പേർ പങ്കെടുത്തു. അഖിലേശ് ഭായ് ക്രിസ്തു യേശുവിൽ വളരുന്നു

മാനസിക രോഗത്തിൽ നിന്നും ജഗദീഷ് സൗഖ്യം പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. കഴിഞ്ഞ ഒരു വർഷമായി കഠിനമായ ഉദര വേദനയാൽ കഷ്ടപ്പെടുന്ന ധീന ബന്നിന്റെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക.

## ദാദ്ര നഗർ ഹാവേലി

### സിൽവാസ

**ഡേവിഡ്സൺ രാജാസിങ് & കൺമണി പരിമളം**

അന്ദേർപാട ഗ്രാമത്തിലെ വന്ദന ബൻ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. വിഷപാമ്പിന്റെ ദംശനമേൽക്കാതെ പാത്തു ബന്നിനെ കർത്താവ് അത്ഭുതകരമായി വിടുവിച്ചു. ഒരു മാസത്തിലധികമായി നടക്കുവാൻ കഴിയാതിരുന്ന വാസന്തി ബന്നിനെ കർത്താവ് സൗഖ്യമാക്കി ഇപ്പോൾ നടക്കുവാൻ സാധിക്കുന്നു. അമ്പാരി ഗ്രാമത്തിലെ സൈന ബൻ, വറോളി എന്നിവർക്കു സർക്കാർ ജോലി ലഭിച്ചു. സിക്കൽഡാഹ് ഗ്രാമത്തിൽ നടത്തിയ ക്രിസ്തുമസ് പ്രോഗ്രാമിൽ 50 പേർ പങ്കെടുത്തു. വിഷാദ രോഗത്തിൽ നിന്നും രാജ്ക്കർ ചോന്ദ് ഗ്രാമത്തിലെ ജീവൻ ബായിയെ കർത്താവ് സൗഖ്യമാക്കി.

നമ്മുടെ വിശ്വാസികളിൽ അനേകർ പുകയിലക്കു അടിമകളാകുന്നു. അവരുടെ വിടുതലിനായി പ്രാർത്ഥിക്കുക. ബോണ്ടോ ഗ്രാമത്തിലെ സുനിൽ, ശില്പ എന്നിവർ പള്ളിയിൽ വരുന്നതിനു മടിക്കുന്നു. അവർ ആരാധന യോഗത്തിൽ സംബന്ധിക്കേണ്ടതിനായി പ്രാർത്ഥിക്കുക. വർണ ഗ്രാമത്തിലെ ജോസ്ന ബൻ, മസ്കർചോന്ദ് ഗ്രാമത്തിലെ ബിസുബായ്, രാസ്മില്ല എന്നിവർ വിഷാദ രോഗത്തിൽ നിന്നും സുഖം പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. വിജയ് & ജോഷ്ന, സജ്ജെ & ചന്ദ്രിക, സുരേഷ് & രേണുക, അശോക് & ജയന്തി, കാനു & പാർവ്വതി എന്നീ ദമ്പതികൾക്കു മക്കൾ ജനിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

# 23

## ഫെബ്രുവരി

**ഞായർ**

**ജന്മദിനാശംസകൾ**

ഐസക്ക് രാജാ ഡി,
സെന്തിൽ കുമാർ @ തിമോത്തി,
അനിത പ്രഭ വിക്ടോറിയ ഡി,
ഈമണ്ടി അനുരാധ ഇ

## മഹാരാഷ്ട്ര

### സർഗണ

**ടി മയിൽ സ്വാമി & യേശുമണി ടി**

സസർല, അലർത്തിടം, മെലുസ്കെ എന്നീ ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിക്കുന്നതിനുള്ള അവസരം ലഭിച്ചു. സുവിശേഷം ശ്രവിച്ച 1868 പേരിൽ 106 പേർ യേശുവിനെ രക്ഷിതാവായി സ്വീകരിച്ചു. ഡിന്ദോരി, ബഹ്റെ, സർഗണ എന്നീ മിഷൻ വയലുകളിലെ ക്രിസ്തുമസ് പ്രോഗ്രാം ഭംഗിയായി നടന്നു. അഞ്ചു മാസത്തിനു മുമ്പു ആരംഭിച്ച ഖന്തോൽസ ഗ്രാമത്തിലെ ആരാധന യോഗത്തിൽ അഞ്ചു കുടുംബങ്ങൾ വിശ്വാസികളായി തീർന്നു. പിന്മാറ്റത്തിലായിരുന്ന തൊണ്ടലപാട ഗ്രാമത്തിലെ ലാഷബായി വിശ്വാസത്തിലേക്കു തിരികെ വന്നു.

ഉടനെ നടത്തുവാനുദ്ദേശിക്കുന്ന സന്നദ്ധ സുവിശേഷകരുടെയും സ്ത്രീകളുടെയും സണ്ടെസ്കൂൾ അദ്ധ്യാപകരുടെയും പരിശീലന പ്രോഗ്രാമുകളുടെ അനുഗ്രഹത്തിനായി പ്രാർത്ഥിക്കുക. കുക്കുദനെ ഗ്രാമത്തിലെ പിന്മാറ്റക്കാരായ എല്ലാവരും മാനസാന്തരപ്പെട്ടു ക്രിസ്തുവിങ്കലേക്കു തിരികെ വരേണ്ടതിനായി പ്രാർത്ഥിക്കുക. അമ്ജർ ഗ്രാമത്തിൽ സുവിശേഷം അറിയിക്കുവാൻ തുറന്ന അവസരം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ബഹറെ അമത്യ ഗ്രാമത്തിൽ ദൈവാലയം പണിയേണ്ടതിനായി പ്രാർത്ഥിക്കുക.

**ഇഗത്പുരി : നാഗരാജൻ എം & തിലകവതി ആർ**

കോണെ, ഘോത്കർ എന്നീ ഗ്രാമങ്ങളിൽ സുവിശേഷം പങ്കുവെച്ചു. 16 പുതിയ നിയമവും നാലു വേദപുസ്തകവും സത്യന്വേഷകർക്കു വിതരണം ചെയ്തു. എട്ടു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. കരഗാവ്, അവേലി, പരേലി, തലഗാവ്, പെയ്നാവ് എന്നീ ഗ്രാമങ്ങളിൽ അനുധാവന പ്രവർത്തനം നടത്തി. തലഗാവ് ഗ്രാമത്തിലെ അമിത തന്റെ കൃഷിയിടത്തു മുഴങ്കാലിൽ നിന്നു തന്റെ വിളവുകളെ പ്രാണികളിൽ നിന്നു രക്ഷിച്ച് ഈ വർഷത്തെ കൃഷിയെ അനുഗ്രഹിക്കണമെന്നു പ്രാർത്ഥിച്ചു. ദൈവം അവളുടെ പ്രാർത്ഥന കേട്ടു നല്ല വിളവ് നൽകി അനുഗ്രഹിച്ചു. കാതു വേദനയാൽ ഏറെ കഷ്ടപ്പെട്ട ജാത്തഗാവ് ഗ്രാമത്തിലെ ശിൽപയെ ദൈവം സൗഖ്യയമാക്കി.

തലഗാവ് ഗ്രാമത്തിലെ ബാലു, കാലു എന്നിവർ വിഷാദ രോഗത്താലും മുക്കനെവാടി ഗ്രാമത്തിലെ യോഗസ്റ്റ് മദ്യാസക്തിയാലും കഷ്ടപ്പെടുന്നു. ഇവരുടെ വിടുതലിനായി പ്രാർത്ഥിക്കുക. പിന്മാറ്റക്കാരായ സഞ്ജെ, നിവൃതി, കൃഷ്ണ, രാജറാം എന്നിവർ മാനസാന്തരപ്പെട്ടു വിശ്വാസത്തിലേക്കു തിരികെ വരേണ്ടതിനായി പ്രാർത്ഥിക്കുക. അരിവാൾ രോഗത്തിൽ നിന്നും മുക്കനവാടി ഗ്രാമത്തിലെ രോഹിതിനെ കർത്താവ് സൗഖ്യമാക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഭവന നിർമ്മാണത്തിനു സർക്കാരിൽ നിന്നും ധനസഹായം ലഭിക്കുന്നതിനു ആവേലി ഗ്രാമത്തിലെ കലുംകാന യോഗ്യനാണ്. എന്നാൽ പണം ലഭിക്കുന്നവരുടെ പട്ടികയിൽ പേരില്ല. ഒരു പക്ഷെ ക്രിസ്തീയ നാമം ആയതു കൊണ്ടായിരിക്കാം. ദൈവം ഈ വിഷയത്തിൽ ഇടപെടേണ്ടതിനായി പ്രാർത്ഥിക്കുക.

# 24
## ഫെബ്രുവരി
**തിങ്കൾ**

### മഷവാദ് & തലോട ബാല ഭവനം
**ഭരണീധരൻ & സെൽവറാണി**

അവഗ, പദാൽദ എന്നീ രണ്ടു ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിക്കുന്നതിനു ദൈവം കൃപ നൽകി. മൂന്നു കുടുംബം യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു വിശ്വാസ പ്രഖ്യാപനത്തിനായി തയ്യാറെടുക്കുന്നു. ആസ്മ രോഗത്തിൽ നിന്നും മോഘ ധങ്കറും ഉദരത്തിൽ ട്യൂമർ ബാധിച്ച ലക്ഷ്മി ഷാംസി ഭായിയും വിടുതൽ പ്രാപിച്ചു. മെഡിക്കൽ സൗകര്യങ്ങളൊന്നുമില്ലാതിരുന്ന മലമ്പ്രദേശത്തു താമസിച്ചിരുന്ന വില്ലി ഭായിക്കു സുഖ പ്രസവം നൽകി ദൈവം അനുഗ്രഹിച്ചു.

മൂന്നു പ്രാവശ്യം ശസ്ത്രക്രീയക്കു വിധേയ ആയിട്ടും മോങ്കയ്ക്കു കാഴ്ച ശക്തി പൂർണ്ണമായി ലഭിച്ചില്ല. ഇപ്പോൾ അവൾ സൗഖ്യം തേടി നമ്മുടെ ആരാധന യോഗത്തിൽ സംബന്ധിക്കുന്നു. ദൈവം അവളുടെ ഭൗതീക കണ്ണിനും ആന്തരിക കണ്ണിനും കാഴ്ച നൽകേണ്ടതിനും അവൾ കർത്താവിന്റെ സ്നേഹം അനുഭവിച്ചു അറിയേണ്ടതിനുമായി പ്രാർത്ഥിക്കുക. അപകടത്തിൽ അകപെട്ട അരുണിനു നടക്കുവാൻ കഴിയേണ്ടതിനായി പ്രാർത്ഥിക്കുക. വിവാഹം കഴിഞ്ഞു എട്ടു വർഷമായ സെവന്തക്കു ഒരു പൈതലിനെ നൽകി ദൈവം അനുഗ്രഹിക്കേണ്ടതിനായി പ്രാർത്ഥിക്കുക. കരൾ സംബന്ധമായ രോഗത്താൽ വലയുന്ന 10 വയസ്സുള്ള സോനാലിയുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. സുവിശേഷം പ്രഘോഷിച്ച അവഗ, പടാൽദ എന്നീ ഗ്രാമങ്ങളിലുള്ളവർ യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### ബോറാഡി
**ഓം പ്രകാശ് & സപ്ന**

ക്രിസ്തുമസ് കാലഘട്ടത്തിൽ 1100 പേരോടു സുവിശേഷം പങ്കുവെച്ചു. 22 വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. കേവാസിയപാട, സാമർദേല്, നിമ്പാരി, ജാമൻപാരി, തെക്കവാദെ, തരാദെ എന്നീ ഗ്രാമങ്ങളിൽ അനുധാവന പ്രവർത്തനം നടത്തി. 200 പേർ സുവിശേഷത്തെ പിൻപറ്റുന്നു. ദപാസിയ, സങ്കവി എന്നീ ഗ്രാമങ്ങളിൽ നടത്തിയ സത്സാംഗ് പ്രോഗ്രാമിൽ 250 പേർ സംബന്ധിച്ചു. ഉമറാദ്, സാമരിയ എന്നീ ഗ്രാമങ്ങളിൽ നടത്തിയ കുട്ടികളുടെ ക്യാമ്പിൽ 32 കുട്ടികൾ പങ്കെടുത്തു. പതിവായി നടക്കുന്ന ചെറു പ്രാർത്ഥന സംഘത്തിൽ വേദപുസ്തകത്തിലെ സ്ത്രീകളുടെ കഥകൾ പങ്കുവെക്കുന്നു.

രക്താർബുധത്തിൽ നിന്നും യോഗേഷ് എന്ന പൈതലിനെ ദൈവം വിടുവിക്കേണ്ടതിനായി പ്രാർത്ഥിക്കുക. മദ്യാസക്തിയിൽ നിന്നും കുവാർസിങ്, സുർമ്മൽ എന്നീവർ വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. വിഷാദ രോഗത്താൽ വലയുന്ന ബോറാഡി ഗ്രാമത്തിലെ സുമിയുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. യേശുവിലുള്ള വിശ്വാസം പരസ്യമായി പ്രഖ്യാപിച്ചവർ ആത്മീക പക്വതയിലേക്കു വളരേണ്ടതിനായി പ്രാർത്ഥിക്കുക. ഈ മാസം നടത്തുവാൻ പോകുന്ന പ്രോഗ്രാമുകളുടെ അനുഗ്രഹത്തിനായി പ്രാർത്ഥിക്കുക.

## 25
## ഫെബ്രുവരി

### ചൊവ്വ

**ജന്മദിനാശംസകൾ**

എയ്ഞ്ചൽ ജപ എസ്, സുബ്ര ബാഗ്,
സാരഥി അരുൺ കുമാർ,
സുമതി ഗണേശ്, നീതു ദിനേശ് കുമാർ,
സ്റ്റീഫൻ ഹസ്ത

**തലസാരി: ഗദ്ദാം ശ്രീനിവാസ റാവു & രാജ്യ ലക്ഷ്മി**

മാദഗൗൺ ഗ്രാമത്തിൽ നടത്തിയ ക്രിസ്തുമസ് പ്രോഗ്രാമിൽ 2200 പേർ പങ്കെടുത്തു. 22 വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. മാദഗൗൺ ഗ്രാമത്തിലെ ദൈവാലയത്തിന്റെ പ്രതിഷ്ഠ ദൈവകൃപയാൽ നടത്തി. പത്തു ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു.

യേശുവിനെ രക്ഷിതാവായി സ്വീകരിച്ചവർ സാക്ഷ്യമുള്ള ജീവിതം നയിക്കേണ്ടതിനായി പ്രാർത്ഥിക്കുക. പുതുതായി സുവിശേഷം പ്രഘോഷിച്ച മാനാർ, ചില്ലാർ പ്രദേശത്തു ദൈവം നല്ല ഫലം നൽകേണ്ടതിനായി പ്രാർത്ഥിക്കുക. പ്രാദേശിക സുവിശേഷകർക്കും സഭാമൂപ്പന്മാർക്കും ക്രമമായ പരിശീലനം നൽകേണ്ടതിനായും അവർ ദൈവവചനം അനുസരിക്കേണ്ടതിനായും പ്രാർത്ഥിക്കുക.

## കർണ്ണാടക

**ഷിഗ്ഗൗൺ : നരേന്ദ്ര കുമാർ**

ലക്ഷ്മി & ദേവരാജൻ ദമ്പതികൾക്കു വിവാഹിതരായി ആറു വർഷം കഴിഞ്ഞിട്ടും മക്കൾ ജനിച്ചില്ല. അവർക്കു മക്കൾ ജനിക്കുക അസാദ്ധ്യമാണെന്നു ഡോക്ടറന്മാർ വിധിയെഴുതി. അവർ ദൈവാലയത്തിൽ വന്നു കരഞ്ഞു പ്രാർത്ഥിച്ചു. ദൈവം അവർക്കു ഒരു പൈതലിനെ നൽകി അനുഗ്രഹിച്ചു. ക്രിസ്തുമസ് പ്രോഗ്രാമിലൂടെ 5550 പേർ സുവിശേഷം ശ്രവിച്ചു, 6000 ലഘുലേഖകൾ വിതരണം ചെയ്തു.

സുവിശേഷം ശ്രവിക്കുകയും സുവിശേഷ പ്രതികൾ സ്വീകരിക്കുകയും ചെയ്ത ജനങ്ങൾ തിരുവചന സത്യത്താൽ പ്രകാശിതരാകേണ്ടതിനും അവർ യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനുമായി പ്രാർത്ഥിക്കുക. പഴയ വിശ്വാസികൾ സഭയോടു കാണിക്കുന്ന അലസത മാറി അവർ മാനാസാന്തരപ്പെടേണ്ടതിനായി പ്രാർത്ഥിക്കുക.

**മുന്ദഗോഡ്**

**കൊങ്ക ഗിരിബാബു & ലൂർദ്ദുമേരി**

മൂന്നു ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. 500 പേർ സുവിശേഷം ശ്രവിച്ചു. ചബ്ബി ഗ്രാമത്തിലെ ഒരു സ്ത്രീ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. തുമിറിഗി, ചാബ്ബി, ബുദാർസിഗി, അലികാട്ടിഗി, ഇന്ദിര നഗർ, കാരിക്കേര, കാവാലി കോപ്പ, ഗണേശപുര എന്നീ ഗ്രാമങ്ങളിൽ ക്രിസ്തുമസ് പ്രോഗ്രാം നടത്തി. ഹജ്ജിമ എന്ന മുസ്ലിമും പ്രാർത്ഥന യോഗത്തിൽ സംബന്ധിച്ചു.

വിവാഹം കഴിഞ്ഞ 15 വർഷമായിട്ടും മക്കളില്ലാതെ ഭാരപ്പെടുന്ന ഗൗവവ്വ & നാഗപ്പ എന്നിവർക്കു തലമുറയെ നൽകി ദൈവം അനുഗ്രഹിക്കേണ്ടതിനായി പ്രാർത്ഥിക്കുക. മുദഗോഡ് ഗ്രാമത്തിൽ ദൈവാലയം നിർമ്മിക്കുന്നതിനു അനുയോജ്യമായ വസ്തു ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. പൂജ, രൂപ, രുക്ക്മിൻ, ഹൻജുമ, മജ്ജുനാഥ് ദേശായ്, നാഗപ്പ എന്നിവർ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

# 26

## ഫെബ്രുവരി

**ബുധൻ**

ഉപവാസ പ്രാർത്ഥന ദിനം

### ജന്മദിനാശംസകൾ

സുരേഷ് ജോസഫ്

### നിദാഗുണ്ടി

**മാനിയ നായക് & എൽ രത്ന**

400 വ്യക്തികളോടു സുവിശേഷം പങ്കുവെച്ചു. രണ്ടു ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. 20 ഗ്രാമങ്ങളിൽ അനുധാവന പ്രവർത്തനം നടത്തി. 25 ഗ്രാമങ്ങൾ സന്ദർശിച്ചു സുവിശേഷം അറിയിച്ചു. മാസം തികയാതെ പ്രസവിച്ച കൗസല്യയുടെ കുഞ്ഞിനു ഭാര കുറവായിരുന്നു. അവൾ പ്രാർത്ഥിച്ചപ്പോൾ ദൈവം കുഞ്ഞിനു നല്ല ആരോഗ്യവും ഭാരവും നൽകി ദൈവം അനുഗ്രഹിച്ചു.

നിദുഗുണ്ടി ഗ്രാമത്തിൽ ഈ മാസം നടത്തുവാനുദ്ദേശിക്കുന്ന പ്രോഗ്രാമിന്റെ അനുഗ്രഹത്തിനായി പ്രാർത്ഥിക്കുക. ശാന്ത ഭായിയിൽ നിന്നും കടം വാങ്ങിയ 30,00 രൂപ തിരകെ നൽകുവാൻ ഉമേഷ് പ്രാപ്തനാ കേണ്ടതിനായി പ്രാർത്ഥിക്കുക. കുറഞ്ഞ രക്തസമ്മർദ്ദത്താൽ കഷ്ടപ്പെടുന്ന ശാന്താ ഭായിയുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക.

### മുന്ദാർഗി

**ശമുവേൽ ബബോർത്ത**

362 വ്യക്തികളോടു സുവിശേഷം പങ്കുവെച്ചു. ഹദ്ഗല്ലി താലൂക്കിലെ രണ്ടു ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. മുന്ദർഗി സഭയിലെ യൗവ്വനക്കാരനായ ദുർഗേഷിനു ജീവൻ അപായപ്പെടുന്ന രോഗമാണെന്നു കണ്ടെത്തി. എന്നാൽ ദൈവം അവനെ പ്രാർത്ഥനയിലൂടെ സൗഖ്യമാക്കി.

ബെല്ലാരിയിൽ സുവിശേഷത്തിനായി വാഞ്ചിക്കുന്ന 57 ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ടവർ സത്യം ഗ്രഹിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ശൈശവ വിവാഹം എന്ന ദുരാചാരത്തിനു അടിമകളായിരിക്കുന്ന കുഞ്ചിക്കേരി സമുദായത്തിന്റെ സാക്ഷരത നിരക്കും വളരെ കുറവാകുന്നു. ഇവരുടെ മദ്ധ്യെ ദൈവം പ്രവർത്തിക്കേണ്ടതിനായി പ്രാർത്ഥിക്കുക. കഴിഞ്ഞ 7 മുതൽ 20 വർഷം വരെയുള്ള കടഭാരത്താൽ ദൈവാലയത്തിൽ വരാതിരിക്കുന്ന മാർത്തമ്മ, മേറിയമ്മ, ഈറാമ്മ, ലക്ഷ്മിയമ്മ, ശുകുന്തളാമ്മ, ജയാമ്മ, മയിലമ്മ, ദേവിയമ്മ, പ്രേമലതാമ എന്നിവർ കടഭാരത്തിൽ നിന്നും മുക്തരാകേണ്ടതിനായും ആരാധനക്കായി ദൈവാലയത്തിൽ വരേണ്ടതിനായും പ്രാർത്ഥിക്കുക.

### ദൈവത്തിനു അസാദ്ധ്യമായതൊന്നുമില്ല!

മഹാരാഷ്ട്രയിൽ ഇഗത്പുരി മിഷൻ വയലിലുള്ള ഡാമനി ഗ്രാമത്തിലെ വിശ്വാസിയായ രത്തന്റെ അഞ്ചു വയസ്സുകാരൻ മകൻ ഭൂഷൻ അബദ്ധത്തിൽ ഒരു ഗോലി വിഴുങ്ങി. നൽകിയ പ്രഥമ ശുശ്രൂഷയിൽ ഗോലി പുറത്തു വന്നില്ല. രത്തന്റെ ഭാര്യ ലളിത മകനെ ആശുപത്രിയിലേക്കു കൊണ്ടുപോകുന്നതിനു മുമ്പു പ്രാർത്ഥിക്കുവാൻ തീരുമാനിച്ചു. പ്രാർത്ഥന കഴിഞ്ഞപ്പോൾ ആ ഗോലി അവന്റെ തൊണ്ടയിൽനിന്നും അത്ഭുതകരമായി ഉദരത്തിലേക്കു നീങ്ങി. ഭൂഷൻ സുഖമായി കിടന്നുറങ്ങി. അടുത്ത പ്രഭാതത്തിൽ മലത്തിന്റെ കൂടെ ഗോലി പുറത്തു വന്നു. ഈ സാക്ഷ്യം ആരാധന മദ്ധ്യെ പങ്കുവെച്ചു രത്തനും കുടുംബവും ദൈവത്തെ മഹത്വപ്പെടുത്തി.

# 27
## ഫെബ്രുവരി

**വ്യാഴം**

**ജന്മദിനാശംസകൾ**

നിയാങ് ഖാൻ മാൻ,
അനിത ശിശുപാൽ,
നഗൈജാൽഹിങ് കിപ്ഗെൻ സിയഖോതാങ്

## ആന്ധ്രപ്രദേശ്

**റോദ്ദാം : ദെബദത്ത ലിമ & സോണിയ റാണി ജന**

200 വ്യക്തികളോടു സുവിശേഷം പങ്കുവെച്ചു. സുവിശേഷീകരണ പ്രവർത്തനത്തിലൂടെ നാലു ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. സാനിപ ള്ളി ഗ്രാമത്തിൽ നടത്തിയ വിശ്വാസ പ്രഖ്യാപന യോഗത്തിൽ 10 വ്യക്തികൾ യേശുവിലുള്ള വിശ്വാസം പരസ്യമായി ഏറ്റു പറഞ്ഞു.

തുറുക്കല്ലപട്ടണത്ത് ആരംഭിച്ച പ്രാർത്ഥനക്കൂട്ടം തടസ്സങ്ങളി ല്ലാതെ പതിവായി നടക്കേണ്ടതിനായി പ്രാർത്ഥിക്കുക. സുവിശേഷ വേലയെ എതിർക്കുകയും ദൈവാലയത്തിലെ വസ്തു വകകൾ നശിപ്പിക്കുകയും ചെയ്യുന്ന രാജു ദൈവീക സ്പർശനം അനുഭവിച്ച് മാനസാന്തരപ്പെടേണ്ടതി നായി പ്രാർത്ഥിക്കുക. മാനസികമായും ശാരിരികമായും തകർന്നു പോയ രാജമ്മയുടെ സൗഖ്യത്തിനായി പ്രാർ ത്ഥിക്കുക.

**നല്ലമട**

**ദിനേശ് മറൈയ & മേരി മുർമ്മു**

ക്രിസ്തുമസ് പ്രോഗ്രാമിൽ വിതരണം ചെയ്ത ലഘുലേഖ യിലൂടെ 980 പേർ സുവിശേഷം ശ്രവിച്ചു. നല്ലമടയിൽ സ്ത്രീകൾക്കായി ക്രമീകരിച്ച പ്രത്യേക യോഗത്തിൽ അനേക സ്ത്രീകൾ പങ്കെടുത്തു ദൈവീക അനുഗ്രഹം പ്രാപിച്ചു

നല്ലമട ഗ്രാമത്തിൽ ദൈവാലയം പണിയുന്നതിനു ആവശ്യമായ വസ്തു ലഭിക്കേണ്ടതിനും ജനത്തിന്റെ സഹകരണത്തിനായും പ്രാർത്ഥിക്കുക. അഞ്ചു വർഷമായി പൈശാചിക ബന്ധനത്തിൽ കഴിയുന്ന മറിയാമ്മയെ നമ്മുടെ പ്രാർത്ഥന യോഗത്തിൽ കൊണ്ടുവരുന്നു അവളുടെ വിടുതലി നായി പ്രാർത്ഥിക്കുക. സൗഖ്യത്തിനാ യി ദൈവാലയത്തിൽ വരുന്നവർ യേശുവിനെ രക്ഷിതാവായി സ്വീക രിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### ഗംഗുബന്നിന്റെ വിശ്വാസവും ദൈവത്തിന്റെ ഇടപെടലും

മഹാരാഷ്ട്രയിൽ നാസിക്ക് ജില്ലയിലെ ഇഗത്പുരി മിഷൻ വയലിലുള്ള തലാകൗ ഗ്രാമത്തിൽ വസിക്കുന്ന വിശ്വാസിയായ ഗംഗു ഭായ് ഏറെ ഭക്തിയുള്ള സ്ത്രീയാകുന്നു. അടുത്ത പട്ടണത്തിലുള്ള ഒരു കുടുംബത്തിലേക്കു തന്റെ മകൾ ചിത്രയെ വിവാഹം ചെയ്തു അയച്ചു. ഇങ്ങനെയിരിക്കെ ചിത്ര തന്റെ മാതാവിന്റെ ഭവനത്തിൽ വന്നപ്പോൾ അവൾ അണിഞ്ഞിരുന്ന സ്വർണ്ണമാല കാണാതെ പോയി. ഭർതൃ ഗൃഹത്തിലേക്കു തിരികെ ചെന്നപ്പോൾ സ്വർണ്ണം നഷ്ടപ്പെട്ടു എന്നതു അവരാരും വിശ്വസിച്ചില്ല. അവൾ അതു തന്റെ മാതാപിതാക്കൾക്കു നൽകിയിട്ടു കളഞ്ഞു പോയിയെന്ന കഥ മെന ഞ്ഞതാണെന്നു സംശയിച്ച് അവരെല്ലാം കോപിച്ചു. ഇതിനെ തുടർന്നു ചിത്രയും മാതാവും ദൈവ മുഖത്തേക്കു നോക്കി ഉപവസിച്ചു പ്രാർത്ഥിച്ചു ദൈവത്തിന്റെ സഹായം തേടി. ദൈവത്തിന്റെ മഹാകരുണയാൽ കളഞ്ഞു പോയ സ്വർണ്ണം കണ്ടെത്തുന്നതിനു ദൈവം സഹായം ചെയ്തു. ദൈവനാമം മഹത്വപ്പെടുമാറാകട്ടെ !

# 28
## ഫെബ്രുവരി
### വെള്ളി

**ജന്മദിനാശംസകൾ**

വിനു പി, ശമുവേൽ ജെ
ഐറിൻ ലെത്തെൻമൗങ് ഹയോകിപ്

**കോട്ടച്ചുരുവ്**

**ദേശായ് ദിലീപ് ഭായ് & രാഡെ ലക്ഷ്മിബെൻ നവാഷു ഭായ്**

പൈശാചിക ബന്ധനത്തിൽ വലഞ്ഞ ഒബുലാമ എന്ന സ്ത്രീയെ പ്രാർത്ഥനക്കായി ദൈവാലയത്തിൽ കൊണ്ടുവന്നു. ദൈവം അവളെ വിടുവിച്ചു. അവളും കുടുംബവും യേശുവിനെ രക്ഷിതാവായി സ്വീകരിച്ചു. ഒരാൾ യേശുവിലുള്ള വശ്വാസം പരസ്യമായി ഏറ്റു പറഞ്ഞു ദൈവസഭയിലെ അംഗമായി തീർന്നു. സ്ത്രീകളുടെ യോഗത്തിൽ 15 പേർ പങ്കെടുത്തു ദൈവീക അനുഗ്രഹം പ്രാപിച്ചു.

മറ്റുള്ളവർ തന്റെ വസ്തു തട്ടിയെടുത്തതിനാൽ ദൈവാലയത്തിൽ വന്നു കണ്ണുനീരോടെ നിലവിളിക്കുന്ന കേസവമ്മയുടെ പ്രാർത്ഥനക്കു ദൈവം മറുപടി നലകേണ്ടതിനായി പ്രാർത്ഥിക്കുക. ഭൂമി തട്ടിയെടുത്തവരുടെ മാനസാന്തരത്തിനും അവളുടെ വസ്തു തിരികെ നൽകേണ്ടതിനുമായി പ്രാർത്ഥിക്കുക. വീണു ഇടുപ്പെല്ലു പൊട്ടിയ കങ്കണയുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക.

## തമിഴ്നാട്

**മേച്ചേരി : ആർ ആർ ധർമ്മരാജ് & മറിയ സെൽവി**

ക്രിസ്തുമസ് നാളുകളിൽ നമ്മുടെ മിഷനറി 20 കുടുംബങ്ങൾ സന്ദർശിച്ചു സുവിശേഷം പങ്കുവെച്ചു. കണ്ണയ്യനെയും ജയലക്ഷ്മിയെയും രോഗങ്ങളിൽ നിന്നും ദൈവം വിടുവിച്ചു. പഴകിയ ഉദര വേദനയാൽ കഷ്ടപ്പെട്ട രജ്ജിത്തിനെ കർത്താവ് സൗഖ്യമാക്കി.

ശ്വാസ കോശ സംബന്ധമായ രോഗത്താൽ വലയുന്ന തങ്കമ്മയെ കർത്താവ് സൗഖ്യമാക്കേണ്ടതിനായി പ്രാർത്ഥിക്കുക. ശ്രീനിവാസനും പ്രീയയ്ക്കും മക്കൾ ജനിക്കേണ്ടതിനായി പ്രാർത്ഥിക്കുക. മദ്യാസക്തിയിൽ നിന്നും മൂർത്തി, ഗോപി, സെൽവരാജ് എന്നിവർ മുക്തരാകേണ്ടതിനായി പ്രാർത്ഥിക്കുക.

## പരിഭാഷ

**പൗറി പരിഭാഷ**

**ജാനെ അമുധ കൃപൈ**

സങ്കീർത്തനങ്ങൾ, എസ്ഥേർ എന്നീ പുസ്തകങ്ങളുടെ പരിശോധനകൾ പൂർത്തീകരിച്ചു. പുറപ്പാട്, സദൃശ്യവാക്യങ്ങൾ എന്നീ പുസ്തകത്തിന്റെ പത്തു അദ്ധ്യായങ്ങൾ വീതം പരിഭാഷപ്പെടുത്തി.

സണ്ടേസ്കൂൾ, വിബിഎസ് പാഠങ്ങളുടെ പൗറ്റി ഭാഷയിലേക്കുള്ള തർജ്ജിമ വേഗത്തിൽ ചെയ്യേണ്ടതിനായി പ്രാർത്ഥിക്കുക. പൗറ്റി ഭാഷ സംസാരിക്കുന്ന ഓരോ വിശ്വാസിയും പുതിയനിയമം ദിനം തോറും വായിക്കുകയും ധ്യാനിക്കുകയും ദൈവത്തെ ഭയപ്പെടുകയും വചനം അനുസരിക്കുകയും ചെയ്യേണ്ടതിനായി പ്രാർത്ഥിക്കുക. പരിഭാഷ സഹായിയായി നിൽക്കുന്ന ആളിനെ ദൈവം ആശീർവദിക്കേണ്ടതിനായി പ്രാർത്ഥിക്കുക. വേദപുസ്തക ശബ്ദരേഖ വേഗത്തിൽ പ്രസിദ്ധീകരിക്കേണതിനായി പ്രാർത്ഥിക്കുക. അങ്ങനെ കൂടുതൽ ആളുകൾ ദൈവസ്നേഹം രുചിച്ചറിയേണ്ടതിനായി പ്രാർത്ഥിക്കുക. മിഷനറിയുടെ ആരോഗ്യത്തിനായും മൂത്തമകൾ നാലാത്താമിന്റെ ഉന്നത പഠനത്തിനായും പ്രാർത്ഥിക്കുക.

400 മിഷനറി ആൽബം

കർണ്ണാടകയിൽ റെയ്ച്ചൂർ ജില്ലയിലെ ഗോരിബാദ് ഗ്രാമത്തിലുള്ള ഡോ. രവികുമാറിന്റെയും ശ്രീമതി ശകുന്തളയുടെയും രണ്ടാമത്തെ മകനായി റവ. സുനിൽ കുമാർ 1984 മെയ് രണ്ടിന് ജനിച്ചു. ക്രിസ്തീയ കുടുംബത്തിൽ ജനിച്ച സുനിലിനു രണ്ടു ഇളയ സഹോദരന്മാർ കൂടിയുണ്ട്. ഒരു IPS ആഫീസർ ആകുവാൻ ആഗ്രഹിച്ച സുനിൽ കുമാറിനെ കുറിച്ച് ദൈവത്തിനു വ്യത്യസ്ത പദ്ധതിയായിരുന്നു. പന്ത്രണ്ടാം ക്ലാസ്സിൽ ഒരു വിഷയത്തിനു പരാജയപ്പെട്ടതോടു കൂടി തന്റെ അഭിലാഷങ്ങൾ താറുമാറാകുകയും നിരാശയിലേക്കു പതിക്കുകയും ചെയ്തു.

വെല്ലുവിളികൾ നേരിട്ടുള്ള ഈ കാലത്തു ഇവാൻജലിക്കൽ ചർച്ച് ഓഫ് ഇന്ത്യയുടെ (ECI) ഒരു സംഘം അവന്റെ ഭവനം സന്ദർശിക്കുകയും അവരുടെ ശുശ്രൂഷയിൽ പങ്കുചേരുവാൻ ആഹ്വാനം ചെയ്യുകയും ചെയ്തു. ECI യോടു ചേർന്നു ശുശ്രൂഷ ചെയ്യുന്ന വേളയിൽ 1999 ൽ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. ആത്മാക്കളെ കുറിച്ചു ഭാരമുണ്ടായതിനാൽ പൂർണ്ണ സമയ സുവിശേഷ വേലക്കായി തന്നെ സമർപ്പിച്ചു. ECI യിലെ പാസ്റ്ററായി പ്രവർത്തിക്കുന്ന വേളയിൽ FMPB മിഷനറി യശ്ശശരീരനായ നാരായൺ നായക് FMPB യുടെ ശുശ്രൂഷകളെ കുറിച്ചു പങ്കുവെക്കുകയും പ്രാദേശിക സുവിശേഷകനായി ചേരുവാൻ ഉത്സാഹിപ്പിക്കുകയും ചെയ്തു. റവ. തിമ്മേശ് ഉത്സാഹിപ്പിച്ചതിനാൽ 2006 ൽ FMPB യിൽ ചേരുകയും ഝാൻസിയിലുള്ള NIM ൽ മിഷനറി പരിശീലനം പൂർത്തീകരിക്കുകയും ചെയ്തു. തുടർന്നു മദ്ധ്യപ്രദേശിലെ ചിറിയ മിഷൻ വയലിലുള്ള ഭിൽ, ബരേല എന്നീ ജാതിക്കൂട്ടങ്ങളുടെ ഇടയിൽ ശുശ്രൂഷ ആരംഭിച്ചു. 2009 ൽ ധരണി മിഷൻ വയിലിലെ ആദ്യമിഷനറിയായി കുറുക് ജനങ്ങളുടെ ഇടയിൽ പ്രവർത്തിച്ചു. 2013 മുതൽ ഹൂബ്ലി റീജിയനിലെ ഷിരഹട്ടി മിഷൻ വയലിൽ ശുശ്രൂഷ ചെയ്തു. 2021 നവംബർ മുതൽ ഷിഗ്ഗൗൺ മിഷൻ വയലിൽ പ്രവർത്തിച്ചു വരുന്നു.

റവ. സുനിൽ 16/05/2010 ൽ സഹോദരി സംഗീത ലാലു തെക്കാമിനെ വിവാഹം കഴിച്ചു. FMPB യുടെ പ്രവർത്തനത്താൽ രക്ഷയിലേക്കു വന്ന സഹോദരി സംഗീത ലാലു തെക്കാം മഹാരാഷ്ട്രയിലെ കോലാമി ജാതിയിലുള്ളവളാണ്. ഹൈന്ദവ വിശ്വാസികളായ ശ്രീ. ലാലു ലക്കാമിന്റെയും ശ്രീമതി ലങ്കഭായി തെക്കാമിന്റെയും മകളായി 06/07/1983 ൽ ജനിച്ചു. കോളാമി ജാതിക്കുട്ടത്തിൽ നിന്നുള്ള ആദ്യവിശ്വാസിയായിരുന്നു ശ്രീ. ലാലു ലക്കാം. സംഗീതക്കു രണ്ടു സഹോദരിമാരും ഒരു സഹോദരനും ഉണ്ട്. FMPB മിഷനറിമാരായ റവ. മാസിലാമണിയുടെയും ശ്രീ. സ്റ്റാൻലി ചാൾസിന്റെയും ശുശ്രൂഷയിലൂടെയാണ് സംഗീത യേശുവിനെ രക്ഷിതാവായി സ്വീകരിച്ചത്. അവൾ B.Th പഠനം പൂർത്തീകരിച്ചു. റവ. മാസിലാ മണിയുടെ ഉത്സാഹത്താലും യിരമ്യാവ് 1:5 ലൂടെയുള്ള ദൈവീക ഇടപെടലിനാലും അവൾ 2009 ൽ FMPB യിൽ ചേർന്നു ഝാൻസിയിൽ മിഷനറി പരിശീലനം പൂർത്തീകരിച്ചു. ദൈവം ഇവർക്കു രണ്ടു പെൺമക്കളെ നൽകി അനുഗ്രഹിച്ചു. മൂത്തമകൾ ഷാരോൺ ഗ്ലോറിയ (07/04/2011) ഒമ്പതാം ക്ലാസ്സിലും ഇളയ മകൾ സ്റ്റാർലിന (24/02/2014) ആറാം ക്ലാസ്സിലും ഡോണാവൂരിലെ സന്തോഷ വിദ്യാലയത്തിൽ പഠിക്കുന്നു.

ഇപ്പോൾ റവ. സുനിൽ കുമാറും സഹോദരി സംഗീതയും ഹൂബ്ലീ റീജിയനിലെ റീജനൽ സെക്രട്ടറിയായി പ്രവർത്തിക്കുന്നു. അവരുടെ ലക്ഷ്യം 5,00,000 കർണ്ണാടകക്കാരെ ക്രിസ്തുവിനായി നേടുക. നിങ്ങളുടെ വിലയേറിയ പ്രാർത്ഥനയിൽ ഈ മിഷനറി കുടുംബത്തെ ഓർക്കുക.



**റവ. സുനിൽ കുമാർ & ശ്രീമതി. സംഗീത ലാലു തെക്കാം കുടുംബം**




***Published by:*** S. John Berlin on behalf of Friends Missionary Prayer Band from 29, High School Road, Ambattur, Chennai 600 053. Tel. 044-2657 0404 E-mail: info@fmpb.org ***Printed by:*** Rasi Graphics (P) Ltd. No. 40, Peters Road, Royapettah, Chennai - 600014. ***Editor: S. John Berlin***